പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2019-2021)

എഴുപത്താമത് റിപ്പോർട്ട്

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3.3, 3.4, 3.5, 3.6, 3.7, 3.8 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

Rs.

1398-

പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2019-21)

എഴുപതാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3.3, 3.4, 3.5, 3.6, 3.7, 3.8 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

Rs.

- 1396 -

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	I
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	51
അനുബന്ധം - II		
സർക്കാർ മറുപടി	:	59

Rs.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2019-21)

ഘടന

അദ്ധ്യക്ഷൻ

ശ്രീ. കെ. സുരേഷ് കുറുപ്പ്

അംഗങ്ങൾ

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.

*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 70-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3.3, 3.4, 3.5, 3.6, 3.7, 3.8 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2021 ജനുവരി 21

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

Rs.

റിപ്പോർട്ട്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3.3, 3.4, 3.5, 3.6, 3.7, 3.8 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കിയത്

3.3 അനുചിതമായ സ്ഥലം തെരഞ്ഞെടുത്തത് മൂലം ₹60 ലക്ഷത്തിന്റെ പാഴ് ചെലവ്.

അനുചിതമായ സ്ഥലം തെരഞ്ഞെടുപ്പും തൻമൂലമുണ്ടായ കരാർ റദ്ദാക്കലും കാരണം (കരാറുകാരന് ഉടമ്പടിക്കതീതമായി ₹46.10 ലക്ഷത്തിന്റെ അനർഹമായ ആനുകൂല്യം നൽകിയതടക്കം) കെഎസ്‌യുഡിപിയുടെ ₹60 ലക്ഷത്തിന്റെ പാഴ് ചെലവ്.

2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിലെ 11-ാം വകുപ്പ് സംസ്ഥാനത്തിലെ തണ്ണീർതടങ്ങൾ നികത്തുന്നത് നിരോധിക്കുകയും നീർത്തടങ്ങൾ തത്സ്ഥിതിയിൽ നിലനിർത്തുവാൻ നിഷ്കർഷിക്കുകയും ചെയ്യുന്നു.

കോഴിക്കോട് നഗരത്തിലെ അഴുക്കുചാൽ ശൃംഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി, കരിമ്പനപ്പാലത്തിനടുത്ത് ₹7.49 കോടിയുടെ അടങ്കൽ മതിപ്പിൽ 27 എംഎൽഡി[29] സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർദ്ദിഷ്ട സ്ഥലം വികസിപ്പിക്കുന്നതിനും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുമുള്ള ഉടമ്പടി കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ (കെ.എസ്.യു.ഡി.പി)[30] പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു) പ്രോജക്ട് മാനേജർ, കോഴിക്കോട് ഒരു കരാറുകാരനുമായി ഒപ്പുവച്ചു (2012 ജൂൺ). ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം, കരാറുകാരൻ സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടിക്കനുസൃതമായി 2012 ജൂലൈയിലും

29 പ്രതിദിനം ദശലക്ഷം ലിറ്റർ

30 കേരളത്തിലെ നഗരങ്ങളുടെ സുസ്ഥിരമായ പശ്ചാത്തല വികസനത്തിനായുള്ള കേരള സർക്കാരിന്റെ ഒരു പദ്ധതിയാണ് കെഎസ്‌യുഡിപി

ഒക്ടോബറിലുമായി രണ്ട് തവണകളായി ₹74.19 ലക്ഷത്തിന്റെ മൊബിലൈസേഷൻ അഡ്വാൻസ് നൽകി. 2012 ജൂൺ മുതൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ഒൻപത് മാസമായിരുന്നു.

കോട്ടൂളി തണ്ണീർതടത്തിലെ കണ്ടൽക്കാടുകളുള്ളതും വർഷം മുഴുവൻ വെള്ളം കെട്ടിക്കിടക്കുന്നതുമായ 6.76 ഏക്കർ തണ്ണീർത്തടമാണ് പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം. നിർദ്ദിഷ്ട പദ്ധതി പ്രദേശം തണ്ണീർത്തടമായതിനാൽ കണ്ടൽക്കാടുകളുടെ നശീകരണവും, വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശം മണ്ണിട്ടുനികത്തലും അനിവാര്യമാക്കുകയും അത് കോട്ടൂളി തണ്ണീർത്തട സംരക്ഷണ സമിതി എന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സംഘടനയുടെ നേതൃത്വത്തിലുള്ള ജനകീയ പ്രതിഷേധത്തിലേക്ക് നയിക്കുകയും ചെയ്തു. അതിനാൽ കോഴിക്കോട് സരോവരം പാർക്കിനടുത്ത് ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മറ്റൊരു സ്ഥലം നിർദ്ദിഷ്ട പദ്ധതിയ്ക്കായി തെരഞ്ഞെടുത്തു (ആഗസ്റ്റ് 2014). തുടർന്ന് എംപവേർഡ് കമ്മിറ്റി[31] നിലവിലുള്ള കരാർ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അവസാനിപ്പിക്കാനും, കരാറിലെ ബാധ്യതകൾക്കനുസൃതമായി കണക്കുകൾ അന്തിമമായി തീർപ്പാക്കാനും തീരുമാനിച്ചു (ആഗസ്റ്റ് 2014). ഇതനുസരിച്ച് സെപ്റ്റംബർ 2014-ന് പി.ഐ.യു.വിന്റെ പ്രോജക്റ്റ് മാനേജർ കരാർ റദ്ദാക്കി. കരാർ അവസാനിപ്പിച്ചതിന്റെ ഭാഗമായി മുൻകൂർ നൽകിയ മൊബിലൈസേഷൻ അഡ്വാൻസിൽ നിന്നും മൊത്തം ₹60 ലക്ഷം തട്ടിക്കിഴിച്ച് ബാക്കിയുള്ള ₹14.19 ലക്ഷം കരാറുകാരൻ കെ.എസ്.യു.ഡി.പി.യിൽ തിരികെയടച്ചു.

നഗരകാര്യ വകുപ്പ് സെക്രട്ടറിയും കരാറുകാരനുമായുള്ള മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ഒറ്റത്തവണയായി തുക നൽകാനുള്ള തീരുമാനമുണ്ടാകുകയും തുടർന്ന് എംപവേർഡ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തത് (ഏപ്രിൽ 2015).

31 പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ ശുപാർശയനുസരിച്ച് പ്രവൃത്തികൾ അംഗീകരിക്കുന്നതിനും പ്രവൃത്തികളിൽ വ്യത്യാസം വരുത്തുന്നതിനും കരാറുകൾ റദ്ദാക്കുന്നതിനും മറ്റുമായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി 2007 മാർച്ചിൽ കേരള സർക്കാർ രൂപീകരിച്ചതാണ് എംപവേർഡ് കമ്മിറ്റി.

കരാറിലെ പൊതു വ്യവസ്ഥകൾ (നിബന്ധന 58.2) നിഷ്കർഷിക്കുന്ന പ്രകാരം തൊഴിൽ ദാതാവിന്റെ സൗകര്യപ്രകാരം കരാർ അവസാനിപ്പിച്ചാൽ, ചെയ്ത പ്രവൃത്തിയുടെ മൂല്യം, ഓർഡർ ചെയ്ത വസ്തുവിന്റെ മൂല്യം, സാമഗ്രികൾ നീക്കം ചെയ്ത ചെലവ്, പ്രവൃത്തിക്ക് വിന്യസിക്കപ്പെട്ട കരാറുകാരന്റെ തൊഴിലാളികളുടെ പുനരധിവാസം മുതലായവയ്ക്ക് പ്രോജക്റ്റ് മാനേജർ ഒരു സാക്ഷ്യപത്രം നൽകി കണക്കുകൾ തീർപ്പാക്കേണ്ടതാണ്. ഇതനുസരിച്ച് കരാറുകാരനുമായുള്ള തർക്കം ഒത്തു തീർപ്പാക്കുന്നതിന് പ്രോജക്റ്റ് മാനേജർ ₹13.90 ലക്ഷം മൂല്യനിർണ്ണയം നടത്തി. കരാറിലെ വ്യവസ്ഥ പ്രകാരം പ്രോജക്റ്റ് മാനേജർ നടത്തിയ മൂല്യനിർണ്ണയത്തിനുള്ളിൽ കരാറുകാരന്റെ പ്രതിഫലം പരിമിതപ്പെടുത്തേണ്ടതായിരുന്നു.

അങ്ങനെ തർക്കപരിഹാരം കരാറിന്റെ പരിധിക്ക് അതീതമായി നടത്തിയതിനാൽ കരാറുകാരന് ₹46.10 ലക്ഷത്തിന്റെ അനർഹമായ നേട്ടം ലഭിച്ചു. മാത്രവുമല്ല അനുചിതമായ സ്ഥലം തെരഞ്ഞെടുത്തതും അതിനാലുള്ള കരാർ റദ്ദാക്കലും കാരണം മൊത്തം ചെലവായ ₹60 ലക്ഷം പാഴായി.

ഓഡിറ്റ് നിരീക്ഷണങ്ങൾക്കുള്ള മറുപടിയിൽ, കരാർ ഉടമ്പടിയിലെ നിബന്ധനകൾ പ്രകാരം പരിഹരിക്കുവാനായാണ് ₹60 ലക്ഷം കരാറുകാരന് നൽകിയതെന്ന് കെ.എസ്.യു.ഡി.പി.യുടെ പ്രോജക്റ്റ് ഡയറക്ടർ അറിയിച്ചു (മാർച്ച് 2016). എന്നാൽ തർക്കം രമ്യമായി പരിഹരിക്കാനായി നിബന്ധന 58.2 ന്റെ വ്യവസ്ഥകൾ ഇളവ് ചെയ്യുന്നതിനും പ്രോജക്റ്റ് മാനേജർ നടത്തിയ മൂല്യനിർണ്ണയത്തിലുമധികം തുക നൽകുന്നതിനും കരാറിലെ നിബന്ധന 24 അനുവദിക്കുന്നില്ലെന്നതു കൊണ്ട് മറുപടി തൃപ്തികരമല്ല.

2016 ജനുവരിയിൽ ഇക്കാര്യം സർക്കാരിനെ അറിയിച്ചു, മറുപടി ലഭിച്ചിട്ടില്ല.

(2015 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക 3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 11-ാം വകുപ്പ് പ്രകാരം തണ്ണീർത്തടങ്ങൾ നികത്തുന്നത് നിരോധിച്ചിട്ടും സ്ഥലം നികത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പരിസ്ഥിതി ക്ലിയറൻസിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് നല്കിയതെന്ന് കേരള സസ്റ്റെയ്നബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ പ്രോജക്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

2. ഉടമ്പടിക്കതീതമായി 46.10 ലക്ഷം രൂപ കരാറുകാരന് അനർഹമായി നൽകിയെന്ന ഓഡിറ്റ് പരാമർശത്തിനുള്ള കാരണം സമിതി ആരായുകയും ഇത് സംബന്ധിച്ച വിശദീകരണം 31.03.2016-ൽ എ.ജി.യ്ക്ക് നൽകിയെന്ന് പ്രോജക്ട് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. കെ.എസ്.യു.ഡി.പി പ്രോജക്ട് മാനേജർ കണക്കാക്കിയ മൂല്യത്തേക്കാൾ (13.90 ലക്ഷം) അധിക തുക (46.10 ലക്ഷം രൂപ) കരാറുകാരന് നല്കുന്നതിനുള്ള കാരണം സമിതി ആരായുകയും 7.49 കോടി രൂപയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മുന്നോടിയായി ലാന്റ് ഫില്ലിംഗിനും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുമായാണ് ടി പ്രോജക്ട് എന്നും യഥാർത്ഥ ചെലവോ കോൺട്രാക്ട് വർക്കിലുണ്ടായ നഷ്ടമോ കണക്കാക്കിയല്ല പ്രോജക്ട് മാനേജർ മൂല്യനിർണ്ണയം നടത്തിയതെന്നും, സ്റ്റാഫ് സാലറി, റെന്റ് എന്നിവയുടെ ലിസ്റ്റാണ് കരാറുകാരൻ നൽകിയതെന്നും കരാറുകാരൻ ആവശ്യപ്പെട്ട 2.94 കോടി രൂപയുടെ പ്രോജക്ട് ഇതുമൂലം നിരസിക്കുകയും ചെയ്തതായും ഉടമ്പടി പ്രകാരം വർക്ക് ഏതെങ്കിലും ഘട്ടത്തിൽ ക്ലോസ് ചെയ്യുകയാണെങ്കിൽ സെറ്റിൽമെന്റിന് വ്യവസ്ഥയുണ്ടെന്നും പ്രോജക്ട് മാനേജർ സമിതിയെ അറിയിച്ചു.

3. കരാറുകാരനുമായി നെഗോഷിയേഷൻ നടത്തി സ്റ്റാഫിന്റെ ശമ്പളമായി 33.80 ലക്ഷം രൂപ നൽകാനുള്ള കാരണം സമിതിയാരാഞ്ഞതിന് യഥാർത്ഥ ചെലവുകൾ കണക്കാക്കിയല്ല പ്രോജക്ട് മാനേജർ തുക അസസ് ചെയ്തിരിക്കുന്നതെന്നും

ഇക്കാരണത്താലാണ് കരാറുകാരൻ സെറ്റിൽമെന്റിനെ എതിർത്തതെന്നും ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയെന്നും പ്രോജക്ട് മാനേജർ സമിതിയെ അറിയിച്ചു.

4. കാര്യങ്ങൾ കൃത്യമായി ഓഡിറ്റ് വകുപ്പിനെ അറിയിച്ചിരുന്നെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമായിരുന്നില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് തുക അസസ് ചെയ്തപ്പോൾ വൗച്ചറുണ്ടായിരുന്നില്ലെന്നും രണ്ട് കൊല്ലം കരാറുകാരൻ ചെയ്ത വർക്കുകളുടെ ചെലവ് കണക്കാക്കിയിരുന്നില്ലെന്നും ജനങ്ങളുടെ എതിർപ്പ് രൂക്ഷമായതുകൊണ്ട് പിന്നീട് തുടരാൻ പറ്റിയില്ലെന്നും പ്രോജക്ട് മാനേജർ സമിതിയെ അറിയിച്ചു.

5. ഓഡിറ്റ് സമയത്ത് ഇക്കാര്യങ്ങൾ കൃത്യമായി ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ലെന്നും ഇതു സംബന്ധിച്ച് പ്രോജക്ട് ഡയറക്ടർ നടത്തിയ ചർച്ചയിൽ തീർപ്പുണ്ടാകാത്ത സാഹചര്യത്തിലാണ് എംപവേഡ് കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും കരാറുകാരന് സെറ്റിൽമെന്റ് ക്ലെയിം ആയി 60 ലക്ഷം രൂപ നൽകാൻ തീരുമാനിക്കുകയും ചെയ്തതെന്നും സമിതിയെ അറിയിച്ചു.

6. ഈ പ്രോജക്ട് അപ്രൂവ് ചെയ്തതാരെന്ന് സമിതി ആരാഞ്ഞതിന് സംസ്ഥാന ഗവൺമെന്റ് അപ്രൂവ് ചെയ്ത പ്രോജക്ടാണെന്നും കോഴിക്കോട് കോർപ്പറേഷനിലെ ഗ്രൗണ്ട് വാട്ടറിൽ 97 ശതമാനവും കോളിഫോം ബാക്ടീരിയയാണെന്ന് പഠനങ്ങളിൽ മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ തുടക്കമിട്ടതെന്നും, കോഴിക്കോട് കോർപ്പറേഷൻ എ.ഡി.ബി.യിൽ സമർപ്പിച്ച പ്രോജക്ട് അംഗീകരിച്ചതിന്റെ ഭാഗമായാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് തുടക്കമിട്ടതെന്നും പ്രോജക്ട് മാനേജർ സമിതിയെ അറിയിച്ചു. കൂടാതെ കോഴിക്കോട് കോർപ്പറേഷനിലെ സ്വീവേജ് സംസ്കരണത്തിനായി 'Oxidation Pond' നിർമ്മിക്കുന്നതിനായിരുന്ന 1980-ൽ അന്നത്തെ പി.എച്ച്.ഇ.ഡി (പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്) 90 ഏക്കർ സ്ഥലം അക്വയർ ചെയ്തതെന്നും നൂതന സാങ്കേതിക വിദ്യ അനുസരിച്ച് നിർമ്മിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അത്രയും സ്ഥലം ആവശ്യമില്ലാത്തതിനാൽ പിന്നീട് 60 ഏക്കർ സ്ഥലം ടൂറിസം വകുപ്പിനും 30 ഏക്കർ സ്ഥലം കോഴിക്കോട് കോർപ്പറേഷനും കൈമാറിയതായും അറിയിച്ചു.

7. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനെ ജനങ്ങൾ എതിർക്കുന്നതിനുള്ള കാരണമെന്താണെന്ന് സമിതിയാരാഞ്ഞതിന്, സ്ഥലം നികത്തുന്നുവെന്ന് തദ്ദേശവാസികളിൽ നിന്ന് പരാതിയുണ്ടായെന്നും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വരുന്നതിന് മുൻപ് (1980 ൽ) അക്വയർ ചെയ്ത സ്ഥലമായതിനാലാണ് പ്രോജക്ടുമായി മുമ്പോട്ട് നീങ്ങിയതെന്നും എന്നാൽ വർക്ക് ആരംഭിച്ചപ്പോഴാണ് എതിർപ്പ് രൂക്ഷമായതെന്നും പ്രോജക്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

8. 60 ലക്ഷം രൂപ കരാറുകാരന് കൊടുത്തതുകൊണ്ട് എന്തെങ്കിലും റിസൾട്ടുണ്ടായോ എന്ന സമിതിയുടെ ചോദ്യത്തിന്, ചെയ്തുകൊണ്ടിരിക്കുന്ന വർക്ക് മുന്നോട്ട് പോകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് ടി വർക്ക് ക്ലോസു ചെയ്തതെന്നും ഇപ്പോൾ 'ജിക്ക'യുടെ ബിൽഡിംഗ് സ്ഥിതിചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കോമ്പൗണ്ടിനകത്താണ് പുതിയ സൈറ്റെന്നും ബിൽഡിംഗും, അപ്രോച്ച് റോഡും ആവശ്യമില്ലാത്തതിനാൽ പദ്ധതിക്ക് 7.5 കോടി രൂപ വേണ്ടി വരില്ലെന്നും പ്രോജക്ട് മാനേജർ അറിയിച്ചു.

9. സൈറ്റിൽ മണ്ണ് കൊണ്ടുവരുന്നതിന് കരാറുകാരന് 20 ലക്ഷം രൂപ കൊടുക്കുകയും കരാറുകാരൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഉറവിടത്തിന്റെ അനുമതിയും പരിസ്ഥിതി ക്ലിയറൻസും സമർപ്പിക്കാത്തതിനാൽ കെ.എസ്.യു.ഡി.പി മാനേജർ ഈ പ്രോജക്ട് ആദ്യം തന്നെ നിരാകരിച്ചുവെന്നും പിന്നീട് നെഗോഷിയേഷന്റെ ഭാഗമായി 60 ലക്ഷം രൂപ നൽകാൻ കാരണമെന്തെന്നും, കോടതി നിർദ്ദേശ പ്രകാരമല്ലാതെ സെറ്റിൽമെന്റ് ഉണ്ടാക്കുവാൻ കാരണമെന്താണെന്നും സമിതിയാരാഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനും, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ സമിതിയാണിതെന്നും, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ശിപാർശയനുസരിച്ച് പ്രവൃത്തികൾ അംഗീകരിക്കുന്നതിനും, കരാറുകൾ റദ്ദാക്കുന്നതിനും മറ്റുമായി 2007 മാർച്ചിൽ സർക്കാർ രൂപീകരിച്ചതാണ് Empowered Committee യെന്നും കെ.എസ്.യു.ഡി.പി.യുടെ കാര്യത്തിൽ അന്തിമ

തീരുമാനം എംപവേർഡ് കമ്മിറ്റിക്കാണെന്നും ടി കമ്മിറ്റിയുടെ 41-മത്തെ തീരുമാനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്യുന്നതിന് അർബൻ അഫയേഴ്സ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അങ്ങനെ 60 ലക്ഷം രൂപ അനുവദിക്കുകയും പിന്നീട് 50-ാം കമ്മിറ്റി ഇത് അംഗീകരിക്കുകയും ചെയ്തുവെന്നും പ്രോജക്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

10. 60 ലക്ഷം രൂപ കൊടുത്തതിന്റെ യഥാർത്ഥ വൗച്ചറുകളും മറ്റും എന്തുകൊണ്ട് ഓഡിറ്റിന് സമർപ്പിക്കാതിരുന്നതെന്ന് സമിതി ആരാഞ്ഞു. ഇത് നൽകിയിട്ടുണ്ടെന്നും ഒരിക്കൽ കൂടി ഓഡിറ്റിന് നൽകാമെന്നും പ്രോജക്ട് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. കരാറിൽ തർക്കമുണ്ടായാൽ അത് തീർപ്പാക്കുന്നതിനുള്ള അധികാരം ആർക്കെന്ന് സമിതി ആരാഞ്ഞതിന് കരാറിൽ സെറ്റിൽമെന്റിന് വ്യവസ്ഥയുണ്ടെന്നും ആദ്യം പ്രോജക്ട് മാനേജർ ചർച്ച നടത്തി തീരുമാനമാകാതെ വന്നപ്പോൾ അർബൻ അഫയേഴ്സ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ചർച്ച നടത്തിയതിനെ തുടർന്നാണ് പ്രോജക്ട് ഡയറക്ടർ തീരുമാനത്തിലേയ്ക്ക് വന്നതെന്നും എന്നാൽ തർക്കം പരിഹരിക്കുന്നതിനെ സംബന്ധിച്ച് കരാറിൽ ആർക്കാണ് അധികാരം എന്ന് പറഞ്ഞിട്ടില്ലെന്നും എന്നാൽ കരാറിന്റെ procedure for Dispute-ൽ "The rationale of amicable treatment should be followed to settle the disputes at the lowest possible level by bringing the individuals concerned face to face. The Project Manager/Employer and the Contractor may try to settle the dispute amicably. If the dispute is not settled at the lower level then the matter shall be tried to be solved by Project Director of KSUDP. If it cannot be amicably settled according to the clause shall be finally settled to the Court of Law" എന്നാണ് പറയുന്നതെന്നും KSUDP പ്രോജക്ട് ഡയറക്ടർ വിളിച്ച മീറ്റിംഗിലും തീരുമാനമാകാത്തതു കൊണ്ടാണ് ഈ വിഷയം എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചതെന്നും പ്രോജക്ട് മാനേജർ അറിയിച്ചു.

11. ആദ്യത്തെയും രണ്ടാമത്തെയും സ്റ്റേജിൽ തീരുമാനമാകാതെ വരുമ്പോൾ കോടതിയിൽ പോവുകയാണ് ചെയ്യുന്നതെന്നും അത് ലംഘിച്ചാണ് സെറ്റിൽ ചെയ്തിരിക്കുന്നതെന്നും എംപവേഡ് കമ്മിറ്റിയിൽ ഉന്നത ഉദ്യോഗസ്ഥരാണ് ഉള്ളതെങ്കിലും കരാർ സെറ്റിൽ ചെയ്യാൻ കൃത്യമായും വ്യവസ്ഥ ഉണ്ടായിരിക്കണമെന്നും

സമിതി അഭിപ്രായപ്പെട്ടു. എ.ഡി.ബി-അസിസ്റ്റഡ് പ്രോജക്ടുകൾ ആരംഭിച്ച സമയത്താണ് എംപവേർഡ് കമ്മിറ്റി നിലവിൽ വന്നതെന്നും ടി സർക്കാർ ഉത്തരവിൽ Duties and responsibilities -ൽ ഇക്കാര്യം പറഞ്ഞിട്ടുണ്ടെന്നും "Speedy Decisions on any matter regarding this project" എന്ന് പറയുന്നതുകൊണ്ടാണ് എംപവേർഡ് കമ്മിറ്റി തീരുമാനമെടുത്തതെന്നും 2.94 കോടി രൂപ ആവശ്യപ്പെട്ടുകയും കോടതിയിൽ പോയാൽ അത്രയും നൽകേണ്ടി വരും എന്നതിനാലാണ് 'Out of Court' Settlement ചെയ്തതെന്നും പ്രോജക്ട് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതിന്റെ വൗച്ചറുകളും ബില്ലുകളും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

12. പ്രോജക്ടുമായി ബന്ധപ്പെട്ട വൗച്ചറുകളും ബില്ലുകളും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി ഒരു മാസത്തിനകം റിപ്പോർട്ട് നൽകുക.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി

13. പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട വൗച്ചറുകളും, ബില്ലുകളും കെ.എസ്.യു.ഡി.പി. ലഭ്യമാക്കിയ പ്രകാരം സമിതിയുടെ പരിഗണനയ്ക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

14. അതിൻപ്രകാരം ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി കോൺട്രാക്ടർക്ക് 60 ലക്ഷം രൂപ കൊടുത്തത് അനാവശ്യ ചെലവ് എന്നാണ് ഓഡിറ്റിന്റെ കണ്ടെത്തലെന്നും അഡ്വാൻസ് വാങ്ങി കോൺട്രാക്ടർ കുറച്ച് പണി ചെയ്തിട്ടുണ്ടെന്നും തന്റേതല്ലാത്ത കാരണം കൊണ്ട് പണി നിർത്തിവച്ചതിനാൽ കോൺട്രാക്ടർ നഷ്ടപരിഹാരമായി 4 കോടി രൂപ ആവശ്യപ്പെട്ടുവെന്നും അതാണ് നെഗോഷിയേറ്റ് ചെയ്ത് 60 ലക്ഷം രൂപയായതെന്നും അനുചിതമായ സ്ഥലം തെരഞ്ഞെടുത്തതിന്റെ ഉത്തരവാദിത്വം കോർപ്പറേഷന് അല്ലെങ്കിൽ സ്ഥലം എടുത്തവർക്കാണ് ഉള്ളതെന്നും നിയമങ്ങളൊന്നും പാലിക്കാതെ സ്ഥലം വാങ്ങിച്ചു എന്നുള്ളതാണ് ഗുരുതരമായ പ്രശ്നമെന്നും സ്ഥലം വാങ്ങുന്ന സമയത്ത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ

നിയമം നിലവിലില്ലായിരുന്നു എന്നും കോൺട്രാക്ടറുടെ ഭാഗത്ത് വീഴ്ചയുള്ളതായി പരാതിയില്ലെന്നും കോൺട്രാക്ടർക്ക് 60 ലക്ഷം രൂപ നൽകിയത് എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും അതൊരു വീഴ്ചയായി കരുതി തുടർ ശിപാർശ നൽകി ഫയൽ നടപടി അവസാനിപ്പിക്കാമെന്നും സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

15. കോഴിക്കോട് നഗരത്തിലെ അഴുക്കുചാൽ ശൃംഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥലം വികസിപ്പിക്കുന്നതിനായി കണ്ടൽക്കാടുകളുള്ളതും വർഷം മുഴുവൻ വെള്ളം കിടക്കുന്നതുമായ കോട്ടൂളിയിലെ തണ്ണീർത്തടം തെരഞ്ഞെടുത്തത് തികച്ചും അനുചിതമായ നടപടിയാണെന്നും ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം കോർപ്പറേഷനും സ്ഥലം ഏറ്റെടുത്തവർക്കുമാണെന്നും സമിതി വിലയിരുത്തുന്നു. തണ്ണീർത്തടം മണ്ണിട്ട് നികത്തുന്നതിനെതിരെ ജനകീയ പ്രക്ഷോഭമുണ്ടായതിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കേണ്ടിവരുകയും 60 ലക്ഷം രൂപ കരാറുകാരന് നൽകേണ്ടിവരുകയും ചെയ്തത് ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള ദീർഘവീക്ഷണമില്ലായ്മയുടെ ഉത്തമോദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പര്യാപ്തമായ കർശന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

3.4 ഇഷ്ടിക നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണത്തിലുണ്ടായ ₹31.68 ലക്ഷത്തിന്റെ നിഷ്ഫല ചെലവ്.

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നിട്ടും ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിലെ അലംഭാവംമൂലം ₹31.68 ലക്ഷത്തിന്റെ നിഷ്ഫല ചെലവ്.

ആറ് പട്ടികജാതി വനിതകൾക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിലേക്ക്, ആനക്കുഴിയിലെ വനിതാ വ്യവസായ കേന്ദ്രത്തിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ 2010-11-ൽ പുത്തൂർ ഗ്രാമപഞ്ചായത്ത് ₹20.65 ലക്ഷത്തിന്റെ പദ്ധതി

ആവിഷ്കരിച്ചു. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും യഥാക്രമം 2010 ഡിസംബറിലും, 2011 ഫെബ്രുവരിയിലും ലഭിച്ചു. ഷെഡ്ഡും ചൂളയും നിർമ്മിക്കുക, കുഴൽകിണർ കുഴിക്കുക, യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട്, 2011-12-ൽ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട്, എം.പി.എൽ.എഡി.[32] പദ്ധതിയിൽ ലഭിച്ച തുക എന്നിവ ചെലവാക്കി 11 കെ.വി. വൈദ്യുതി ലൈൻ നീട്ടാനും നിർദ്ദിഷ്ട സ്ഥലത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കാനും തീരുമാനിച്ചു. 2011 മാർച്ചിൽ ദർഘാസുകൾ ക്ഷണിക്കുകയും ₹6.92 ലക്ഷത്തിന് യന്ത്രസാമഗ്രികൾ വാങ്ങുകയും ചെയ്തു. എല്ലാ നിർമ്മാണ പ്രവൃത്തികളും, കുഴൽ കിണർ കുഴിക്കലും (₹11.88 ലക്ഷം) 2012 ഏപ്രിലിൽ പൂർത്തീകരിച്ചു. ₹12.88 ലക്ഷം (പ്ലാൻ ഫണ്ട് ₹7.88 ലക്ഷം, എം.പി.എൽ.എഡി. ₹5 ലക്ഷം) ചെലവഴിച്ച് പണി സ്ഥലത്ത് ട്രാൻസ്ഫോമറും സ്ഥാപിച്ചു.

എച്ച്റ്റി കണക്ഷൻ, യന്ത്രസാമഗ്രികളിൽ ചില ഇനങ്ങളായ 30 എച്ച്പി മോട്ടോർ, ട്രോളി, പുള്ളി എന്നിവയുടെ സ്ഥാപനം തുടങ്ങിയ പണികൾ പൂർത്തീകരിക്കാനുള്ളതിനാലാണ് പദ്ധതി പ്രവർത്തനക്ഷമമാകാത്തത് എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു.

പണി സ്ഥലത്ത് ഉണ്ടായിരുന്ന യന്ത്രസാമഗ്രികൾ ഉപേക്ഷിക്കപ്പെട്ടതും തുരുമ്പെടുത്തതുമായ സ്ഥിതിയിലായിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മോഷണം പോകുന്നത് ഒഴിവാക്കാനായി 30 എച്ച്പി മോട്ടോറും, അനുബന്ധ സാമഗ്രികൾ/ഉപകരണങ്ങൾ തുടങ്ങിയവയും സപ്ളൈയറുടെ കൈവശം സുരക്ഷിതമായി സൂക്ഷിച്ചിരിക്കുകയാണ് എന്ന് പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

യന്ത്ര സാമഗ്രികൾ പഞ്ചായത്തിന്റെ കൈവശവും സൂക്ഷിപ്പിലും ഇല്ലാതിരിക്കെ, അവ ലഭിക്കുന്നതിന് മുമ്പായി അവയുടെ വില സപ്ളൈയർക്ക് നൽകിയത് ശരിയല്ലാത്തതിനാൽ സെക്രട്ടറിയുടെ മറുപടി സ്വീകാര്യമല്ല. അടിസ്ഥാന സൗകര്യങ്ങൾ

32 പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട്.

ലഭ്യമായിരുന്നിട്ടും പദ്ധതി പൂർത്തീകരിക്കാത്തതിന് വ്യക്തമായ കാരണങ്ങളൊന്നുംതന്നെ സെക്രട്ടറി വെളിപ്പെടുത്തിയില്ല.

എച്ച്റ്റി കണക്ഷൻ നൽകുന്നതിനും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൃത്യസമയത്ത് നടപടി സ്വീകരിച്ചിരുന്നെങ്കിൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങാമായിരുന്നു.

പദ്ധതി പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിലുള്ള ഗ്രാമപഞ്ചായത്തിന്റെ അലംഭാവംമൂലം പട്ടികജാതി വനിതകൾക്ക് തൊഴിൽ ലഭിക്കാതെപോയത് കൂടാതെ ₹31.68 ലക്ഷം ചെലവഴിച്ചത് നിഷ്ഫലമാവുകയും ചെയ്തു.

ഓഡിറ്റ് കണ്ടെത്തലുകൾ സ്ഥിരീകരിച്ചുകൊണ്ട് യന്ത്രസാമഗ്രികൾ ഇനി ഉപയോഗപ്പെടുത്തുവാനുള്ള സാധ്യത സംശയകരമാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു (2016 മാർച്ച്). ഇത്തരം അലംഭാവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു എന്നും കൂട്ടിച്ചേർത്തു.
ഇക്കാര്യം ജനുവരി 2016-ൽ സർക്കാരിനെ അറിയിച്ചുവെങ്കിലും മറുപടി ലഭിച്ചില്ല.
(2015 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നിട്ടും പ്രവർത്തനസജ്ജമാക്കാതിരുന്നതെന്തുകൊണ്ടാണെന്ന് സമിതി ആരായുകയും, അടിസ്ഥാന സൗകര്യമൊരുക്കുന്നതിലുണ്ടായ കാലതാമസം, ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ എന്നിവയാണ് കാലതാമസം ഉണ്ടാക്കിയതെന്നും പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

17. ഇതുവരെ ഇഷ്ടിക യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടില്ലെന്നും നാളിതുവരെ ഈയിനത്തിൽ 31.68 ലക്ഷം രൂപ ചെലവായിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു. അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ അവസ്ഥ സമിതി ആരായുകയും, അടിസ്ഥാന സൗകര്യമൊരുക്കുന്നത് ഏറെക്കുറെ പൂർത്തിയായെന്നും, സൊസൈറ്റി രൂപവൽക്കരിക്കണോ കുടുംബശ്രീയെ ഏൽപ്പിക്കണോ എന്ന കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടായിട്ടില്ലെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

18. പ്രാഥമികമായി കൈക്കൊള്ളേണ്ട തീരുമാനം എടുക്കാതെയും, ഗുണഭോക്താവ് ആരെന്ന് നിശ്ചയിക്കാതെയും അവരുമായി എഗ്രിമെന്റ് വയ്ക്കാതെയും പദ്ധതി നടത്തിപ്പിനായി പണം ചെലവഴിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. 2010-11,2011-2012 സാമ്പത്തിക വർഷങ്ങളിൽ തുടങ്ങിയ പ്രവൃത്തി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി ഏഴ് വർഷങ്ങൾക്കുമുൻപ് നൽകിയ പണം ഇപ്പോഴും കോൺട്രാക്ടറുടെ പക്കലാണെന്നും ഇത് ഗുരുതരമായ വീഴ്ചയാണെന്നും ഇതിൽ നടപടി വേണമെന്നും സമിതി നിർദ്ദേശിച്ചു.

19. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നതായി അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു. കൂടാതെ, കളിമണ്ണിന്റെ ലഭ്യതയിലും പ്രശ്നങ്ങൾ ഉണ്ടെന്ന് സമിതിയെ അറിയിച്ചു. എന്നാൽ സമിതി ഇതിനോട് വിയോജിക്കുകയും കളിമണ്ണിന്റെ ലഭ്യതയല്ല യഥാർത്ഥ പ്രശ്നമെന്നും മോട്ടോർ വാങ്ങുന്നതിനായി 2010-11 സാമ്പത്തിക വർഷം പണം നൽകിയിട്ടും മോട്ടോർ ലഭ്യമായില്ലെന്നും, ക്വട്ടേഷൻ എടുത്ത സ്ഥാപനം കഴിഞ്ഞ 7 വർഷങ്ങളായി സർക്കാർ ധനം ഉപയോഗിക്കുകയാണെന്നും, ഇങ്ങനെ നിരുത്തരവാദപരമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ ബാധ്യത നിശ്ചയിച്ച് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

20. ആയതിന് നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

21. 31.68 ലക്ഷം രൂപ ചെലവഴിച്ചിട്ട് മോട്ടോർ പോലും ഗവൺമെന്റിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താതെ സ്വകാര്യ ഏജൻസിയുടെ കൈവശമിരിക്കുന്നത് ഗുരുതരമായ തെറ്റാണെന്നും ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി

സ്വീകരിച്ച് മുതലും പലിശയും ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ പണം ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

22. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അനുവദിച്ച സർക്കാർ പണം ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുക.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി

23. പരാമർശ വിധേയമായ പദ്ധതിയുടെ (ഇഷ്ടിക നിർമ്മാണ യൂണിറ്റ്) നിർവ്വഹണ ഉദ്യോഗസ്ഥനായ ടി കാലയളവിലെ സെക്രട്ടറിയായിരുന്ന (നിലവിൽ തൃക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ ജില്ല) ശ്രീ. സി.ജി. ജയകൃഷ്ണൻ എന്നവർക്കെതിരെ വകുപ്പുതലത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

24. പ്രസ്തുത മറുപടി പരിഗണിച്ച സമിതി മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അഡ്വാൻസായി പണം നൽകുകയും സാധനങ്ങൾ ഏജൻസിയിൽത്തന്നെ സൂക്ഷിക്കുകയും ചെയ്തു എന്നുള്ളതാണ് വിഷയമെന്നും പഞ്ചായത്തിന്റെ കീഴിൽ മോട്ടോർ ഉൾപ്പെടെയുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലമോ മാൻപവറോ ഇല്ലാത്തതിനാൽ സാധനങ്ങൾ കളവുപോകാനുള്ള സാധ്യതയുള്ളതിനാലാണ് ഏജൻസിയിൽത്തന്നെ സൂക്ഷിക്കാൻ തീരുമാനിച്ചത് എന്ന പഞ്ചായത്തിന്റെ മറുപടിയിൽ യുക്തിയുണ്ടെന്നും നിരീക്ഷിക്കുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയുള്ള വകുപ്പുതല നടപടി ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

25. ആറ് പട്ടികജാതി വനിതകൾക്ക് സ്ഥിരം തൊഴിൽ നൽകുന്നതിനായി പുത്തൂർ ഗ്രാമപഞ്ചായത്ത് 2011-12-ൽ ആവിഷ്കരിച്ച

ഇഷ്ടിക നിർമ്മാണ യൂണിറ്റ് 2016-ലും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി ആവശ്യത്തിലേക്കായി വാങ്ങിയ 30 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളും ഇപ്പോഴും സ്വകാര്യ ഏജൻസിയുടെതന്നെ കൈവശത്തിലിരിക്കുന്നതായും മറ്റു യന്ത്രസാമഗ്രികൾ തുരുമ്പെടുത്ത് നശിച്ചതായും സമിതി മനസ്സിലാക്കുന്നു. പട്ടികജാതി വനിതകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ചിലവഴിച്ച 31.68 ലക്ഷം രൂപ നിഷ്ഫലമായത് ഗ്രാമപഞ്ചായത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള കുറ്റകരമായ അനാസ്ഥമൂലമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ പദ്ധതി പരാജയപ്പെട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്നും പദ്ധതിക്കായി വാങ്ങിയ മോട്ടോർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.5 ചണച്ചാക്ക് നിർമ്മാണ പദ്ധതിയിന്മേലുള്ള നിഷ്ക്രിയമായ നിക്ഷേപം

യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനും ₹15.70 ലക്ഷം ചെലവാക്കിയിട്ടും ചണച്ചാക്ക് നിർമ്മാണ പദ്ധതി സ്ഥാപിക്കുന്നതിൽ കാലടി ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടു.

ഗ്രാമപഞ്ചായത്തിലും സമീപത്തുള്ള മറ്റു പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന നിരവധി അരിമില്ലുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പഞ്ചായത്തിലെ ഒരു വ്യവസായ എസ്റ്റേറ്റിൽ ചണച്ചാക്ക് നിർമ്മാണ പദ്ധതിക്ക് കാലടി ഗ്രാമപഞ്ചായത്ത് 2008-09 കാലയളവിൽ രൂപം നൽകി. ചണച്ചാക്ക് നിർമ്മാണ യൂണിറ്റിനുവേണ്ടിയുള്ള യന്ത്രസാമഗ്രികൾ ₹8.67 ലക്ഷത്തിനും (2008 മാർച്ച്-ജൂൺ) അസംസ്കൃത വസ്തുക്കൾ 2009 മാർച്ചിൽ ₹7.03 ലക്ഷത്തിനും വാങ്ങുകയും ചെയ്തു. 2009 ജൂലൈയിൽ ചാക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് 32 സ്ത്രീകൾക്കുള്ള പരിശീലനം ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസ്, അങ്കമാലിയിൽവെച്ച് ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്തു.

യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങിയിട്ടും പരിശീലനം നൽകിയിട്ടും ഗ്രാമപഞ്ചായത്തിന് പദ്ധതി നടത്തിപ്പിൽ 2012 മേയ് വരെ ഒരു പുരോഗതിയുമുണ്ടാക്കാനായില്ല. 2012 മേയിൽ ചണച്ചാക്ക് നിർമ്മാണ യൂണിറ്റിനായി ഗ്രാമപഞ്ചായത്ത് ഒരു ബൈലാ രൂപീകരിച്ചു. അതിൻപ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കാലടിയിലെ കുടുംബശ്രീ സിഡിഎസ്[33] ഗ്രൂപ്പുകൾ പദ്ധതി നടത്തുകയും അടച്ചുതീർത്തതും പ്രവർത്തനത്തിന് ആവശ്യമായ മൂലധനം ഗ്രാമപഞ്ചായത്ത് നൽകുന്നതും ചീഫ് പ്രൊമോട്ടറെയും മറ്റ് ഭരണ നിർവ്വഹണ ചുമതലയുള്ള ഭാരവാഹികളെയും ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരം നിയമിക്കുകയും ചെയ്യുന്നതായിരിക്കും. 2012 ജൂലൈയിൽ പഞ്ചായത്ത് ഡയറക്ടർ ബൈലാ അംഗീകരിച്ചു. യൂണിറ്റിന്റെ പരീക്ഷണ പ്രവർത്തനം 2013 ഏപ്രിലിൽ നടത്തി. ചീഫ് പ്രൊമോട്ടറെ (സിപി) നിയമിച്ചിരുന്നുവെങ്കിലും (2013 മേയ്), യൂണിറ്റ് വരുത്തിവെയ്ക്കുന്ന ഏതു തരത്തിലുള്ള നഷ്ടത്തിനും സിപി മാത്രമായിരിക്കും ഉത്തരവാദി എന്ന ബൈലായിലെ ഒരു നിബന്ധനയിൽ പ്രതിഷേധിച്ച് 2013 നവംബറിൽ അദ്ദേഹം രാജിവെച്ചു. അതിനുശേഷം പദ്ധതി ആരംഭിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഒരു പുരോഗതിയും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. യന്ത്രസാമഗ്രികൾ തുരുമ്പുപിടിച്ച അവസ്ഥയിൽ വെറുതെ കിടക്കുകയാണ്.

2008-ൽ യന്ത്ര സാമഗ്രികൾ വാങ്ങുകയും അതിന്റെ പണം കൊടുക്കുകയും ചെയ്തിട്ടുപോലും, അഞ്ചുവർഷത്തെ കാലവിളംബം കഴിഞ്ഞ് 2013 ഏപ്രിലിലാണ് യന്ത്രസാമഗ്രികളുടെ പരീക്ഷണ പ്രവർത്തനം നടത്തിയത്. 2009 മാർച്ചിൽ വാങ്ങിയ ₹7.03 ലക്ഷം വിലമതിക്കുന്ന അസംസ്കൃത വസ്തുക്കൾ യൂണിറ്റിൽ നിഷ്ക്രിയമായി കിടക്കുകയാണ്. ₹0.62 ലക്ഷം വിലമതിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഒരു ഭാഗം കളവ് പോയതായി (2013 നവംബർ) ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തു. ചീഫ്

33 സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ സാമൂഹ്യവികസനസംഘങ്ങൾ.

പ്രമോട്ടർ രാജിവച്ചതിനു ശേഷം പുതിയ ചീഫ് പ്രമോട്ടറെ നിയമിക്കുകയോ ബൈലായിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയോ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമാക്കി സാക്ഷാത്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉദാസീനമായ സമീപനം നിമിത്തം കഴിഞ്ഞില്ല.

കെട്ടിടം പണിതിട്ടും യന്ത്രസാമഗ്രിയും അസംസ്കൃത വസ്തുക്കളും വാങ്ങിയിട്ടും പരിശീലനം നൽകിയിട്ടും ചണച്ചാക്ക് നിർമ്മാണ പദ്ധതി സ്ഥാപിക്കുന്നതിൽ കാലടി ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടതിനാൽ ₹15.70 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ഫലമായി.

തുടർച്ചയായിവന്ന ഭരണ സമിതികൾ യൂണിറ്റിന്റെ പ്രവർത്തനം സാക്ഷാത്കരിക്കുന്നതിനുള്ള തുടർനടപടികൾ ഒന്നും എടുത്തിട്ടില്ലെന്ന് വസ്തുതകൾ സ്ഥിരീകരിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു (2016 മാർച്ച്). 2016-17 വർഷത്തെ പദ്ധതി രൂപീകരിക്കുമ്പോൾ ചാക്ക് നിർമ്മാണ യൂണിറ്റിനുള്ള പദ്ധതി ഉൾപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതായും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്ന മുറയ്ക്ക് യൂണിറ്റുകൾ നവീകരിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

ഈ പദ്ധതി 2008-09 കാലയളവിൽതന്നെ അംഗീകരിച്ചിട്ടുള്ളതിനാലും യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമായി ₹15.70 ലക്ഷം ചെലവാക്കിയിട്ടുള്ളതിനാലും, ആവിഷ്കരിച്ച് എട്ടു വർഷത്തിനുശേഷവും അത് പ്രാവർത്തികമാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലും മറുപടി സ്വീകാര്യമല്ല.

2016 ജനുവരിയിൽ ഇക്കാര്യം സർക്കാരിനെ അറിയിച്ചു. മറുപടി ലഭിച്ചിട്ടില്ല.

(2015 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക 3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. ചണചാക്ക് നിർമ്മാണ യൂണിറ്റിനായി പഞ്ചായത്ത് രൂപീകരിച്ച ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചതിനെ തുടർന്ന് മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചീഫ് പ്രൊമോട്ടറെ നിയമിക്കുകയും ചെയ്തുവെന്നും യൂണിറ്റ് വരുത്തുന്ന സാമ്പത്തിക നഷ്ടത്തിന് ചീഫ് പ്രൊമോട്ടറും പഞ്ചായത്ത് വികസന സമിതിയുമായിരിക്കും ഉത്തരവാദികൾ എന്ന ബൈലോ വ്യവസ്ഥയിൽ പ്രതിഷേധിച്ച് ചീഫ് പ്രമോട്ടർ രാജിവയ്ക്കുകയും, രാജി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തുവെന്നും ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ബൈലോ ഭേദഗതി ചെയ്ത് ഡയറക്ടർക്ക് സമർപ്പിച്ചെങ്കിലും യൂണിറ്റ് വരുത്തുന്ന നഷ്ടത്തിന് ചീഫ് പ്രമോട്ടറും പഞ്ചായത്ത് വികസനസമിതിയും തന്നെയായിരിക്കും ഉത്തരവാദികൾ എന്ന ക്ലോസ് ഒഴിവാക്കാൻ കഴിയില്ലെന്ന് പറഞ്ഞ് ഭേദഗതി അംഗീകരിക്കാതെ ആയത് പഞ്ചായത്ത് ഡയറക്ടർ തിരിച്ചയച്ചെന്നും കാലടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

27. ചീഫ് പ്രൊമോട്ടർ മാത്രമായിരിക്കും നഷ്ടത്തിന് ഉത്തരവാദിയെന്ന നിബന്ധന പദ്ധതി മുൻപോട്ട് പോകുന്നതിനെ പ്രതികൂലമായി ബാധിച്ചെന്നും ബിൽഡിംഗും മെഷിനറികളും ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അരി മില്ലുകൾ ലക്ഷ്യമിട്ട് തുടങ്ങിയ പ്രോജക്ടാണെങ്കിലും ഇപ്പോൾ ഇവർക്ക് ചണചാക്ക് കുറഞ്ഞ വിലയ്ക്ക് തമിഴ്നാട്ടിൽ നിന്നും ലഭിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

28. മെഷിനറികൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും ഗവൺമെന്റ് നിലപാടെന്തെന്ന് വിശദീകരിക്കണമെന്നും സമിതി ആവശ്യപ്പെടുകയും മെഷിനറികൾ ലേലം ചെയ്ത് നഷ്ടം കുറയ്ക്കുന്നതിന് അനുവാദമാവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്നും കുടുംബശ്രീയുമായി ബന്ധപ്പെട്ട് എന്തെങ്കിലും സ്വകാര്യ സംരംഭങ്ങൾക്ക് കെട്ടിടവും യന്ത്ര സാമഗ്രികളും ഉപയോഗപ്പെടുത്തുവാൻ കഴിയുമോയെന്ന് പരിശോധിക്കുമെന്നും കാലടി പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

29. 2008-09 കാലയളവിൽ അംഗീകരിച്ച പ്രോജക്ട് 2016 വരെ നടപ്പിലാക്കാത്തതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന നിശ്ചയിച്ച് ആയവർക്കെതിരെ സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും കെട്ടിടവും യന്ത്രസാമഗ്രികളും മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുമോയെന്ന ഫീസിബിലിറ്റി സ്റ്റഡി നടത്തി റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശം നൽകുകയും ഗവൺമെന്റ് ഫണ്ടുകൾ പാഴാക്കാതിരിക്കാൻ പ്രോജക്ട് ആരംഭിക്കുന്നതിനു മുമ്പ് തന്നെ അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ആലോചിക്കണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

30. 2008-09 കാലയളവിൽ അംഗീകരിച്ച പ്രോജക്ട് 2016 വരെ നടപ്പിലാക്കാത്തതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് നിശ്ചയിച്ച് ഇവർക്കെതിരെ സ്വീകരിച്ച നടപടി സമിതിയെ അറിയിക്കുക, കെട്ടിടവും യന്ത്രസാമഗ്രികളും മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുമോയെന്ന് ഫീസിബിലിറ്റി സ്റ്റഡി നടത്തി റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുക.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി

31. കാലടി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ പ്രവർത്തന രഹിതമായി കിടക്കുന്ന ചാക്ക് നിർമ്മാണ യൂണിറ്റിലെ യന്ത്ര സാമഗ്രികൾ ലേലം ചെയ്യുന്നതിനുള്ള അനുമതിക്കായി അവയുടെ മൂല്യം നിർണ്ണയിക്കുന്നതിനായി 21.04.2017-ൽ എ 5-3524/17 നമ്പരായി പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് മെക്കാനിക്കൽ സബ് ഡിവിഷൻ, ചാലക്കുടിക്ക് കത്ത് നൽകിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

32. 2008-09 കാലയളവിൽ അംഗീകരിച്ച പ്രോജക്ട് 2016 വരെ നടപ്പാക്കാത്തതിന് ഉത്തരവാദികളായ ചുവടെപ്പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി ആരംഭിച്ചിട്ടുണ്ട്.

പ്രസ്തുത കാലയളവിൽ ജോലി ചെയ്തിട്ടുള്ള സെക്രട്ടറിമാരുടെ പേരുവിവരം.

1) ഒ.കെ. വിജയകൃഷ്ണൻ, ഒഴക്കനാട്, വെള്ളൂർക്കുന്നം മാർക്കറ്റ് പി.ഒ, മൂവാറ്റുപ്പുഴ.
2) കെ.ആർ.ഓമന, തോട്ടപ്പുറം വീട്, ആലാട്ട് ചിറ പി.ഒ, കോടനാട്.
3) എ.ജെ. ഡേവിഡ്
4) കെ.കെ.മണികണ്ഠൻ, കാളാശ്ശേരിൽ, കമ്പളം, പി.ഒ
5) എം.വി.സണ്ണി
6) സുബൈദ, ടി.എ, സെക്രട്ടറി, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
7) അബ്ദുൾ ഹക്കിം, സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത്
8) കെ.കെ.സുബ്രമണ്യൻ, സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്.

33. സർക്കാർ മറുപടി പരിഗണിച്ച സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

34. കാലടി ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റിൽ ചാക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുകയും ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുകയും ചെയ്തെങ്കിലും പദ്ധതി ഇതുവരെ ആരംഭിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 15.70 ലക്ഷം രൂപ നിഷ്ഫലമായതായി സമിതി മനസ്സിലാക്കുന്നു. 2008-ൽ യന്ത്രസാമഗ്രികൾ വാങ്ങിയെങ്കിലും എട്ട് വർഷത്തിന് ശേഷവും പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും കെട്ടിടവും യന്ത്രസാമഗ്രികളും മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് സാധ്യതാ പഠനം നടത്തുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.6 ഐഎച്ച്എസ്ഡിപിയുടെ ഒരു പുനരധിവാസ പദ്ധതിയിലെ നിഷ്ഫല ചെലവ്

അനുവദനീയമായ ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണത്തിലും കുറഞ്ഞ അളവിൽ പുനരധിവാസ പാക്കേജിലെ ഭവനങ്ങൾ നിർമ്മിച്ചത്, പൊതുജന പ്രതിഷേധത്തിനും പണി നിലച്ചു പോകുന്നതിനും ഇടയാക്കുകയും ₹2.89 കോടി പാഴ്ചെലവാകുകയും ചെയ്തു.

നഗര പ്രദേശങ്ങളിലെ ചേരിനിവാസികളെ ക്ലസ്റ്ററുകളിലായി പുനരധിവസിപ്പിച്ചു കൊണ്ട് അനുയോജ്യമായ പാർപ്പിടവും, കുടിവെള്ളം, ഡ്രെയിനേജ് എന്നീ അടിസ്ഥാന സൗകര്യങ്ങളും നൽകുക വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനായി ഭാരത സർക്കാർ തുടങ്ങിയതാണ് സംയോജിത ഭവന നിർമ്മാണ ചേരിവികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി). പരിപാടിയുടെ കീഴിൽ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണം 30 ചതുരശ്രമീറ്ററിൽ കുറവായിരിക്കരുത് എന്ന് വിഭാവനം ചെയ്തിരുന്നു. പൊന്നാനി മുനിസിപ്പാലിറ്റി, ഐഎച്ച്എസ്ഡിപിയുടെ കീഴിൽ കടലോര മേഖലയിൽ താമസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യതൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എംഇഎസ് കോളേജിനരികെ 120 വീടുകൾ നിർമ്മിക്കുന്നതിനും, നെയ്തല്ലൂരിലെ ചേരിനിവാസികളെ പുനരധിവസിപ്പിക്കാൻ 109 വീടുകളും നിർമ്മിക്കുന്നതിനുമുള്ള ഒരു പദ്ധതി (2007-ലെ ആദ്യ മാസത്രയത്തിൽ) ആവിഷ്കരിച്ചു. രണ്ടു സ്ഥലത്തും, ഭവന നിർമ്മാണത്തിന് പുറമേ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രം, വായന-പഠനകേന്ദ്രം, ഓവർഹെഡ് ജലസംഭരണികൾ, സെപ്റ്റിക് ടാങ്കുകൾ, മഴവെള്ളച്ചാലുകൾ, റോഡുകൾ, അഴുക്കുചാലുകൾ, ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സാമൂഹ്യ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. പദ്ധതിയുടെ ആകെ ചെലവ് (2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ്) അടിസ്ഥാനത്തിൽ ₹4.39 കോടിയായിരുന്നു. കേരള സർക്കാർ 2008 ആഗസ്റ്റിൽ ഭരണാനുമതി പുറപ്പെടുവിക്കുകയും പദ്ധതി നടപ്പാക്കാൻ നോഡൽ ഏജൻസിയായി കുടുംബശ്രീയെ[34] നിയമിക്കുകയും ചെയ്തു.

34 കേരള സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ

മുനിസിപ്പാലിറ്റി 2008 ഷെഡ്യൂൾ ഓഫ് റേറ്റ്സിനെ അടിസ്ഥാനമാക്കി, ₹6.14 കോടിയ്ക്ക് അടങ്കൽ പുതുക്കി (ആഗസ്റ്റ് 2008). സംസ്ഥാനതല സാങ്കേതിക സമിതി (എസ്എൽറ്റിസി),[35] ലംപ്സം പ്രൊവിഷൻ വച്ചിരിക്കുന്ന അനുബന്ധ പ്രവൃത്തികൾക്ക് പുതുക്കിയ അനുമതി നേടേണ്ടതാണ് എന്ന നിബന്ധനയോടെ, പദ്ധതിക്ക് സാങ്കേതിക അനുമതി നൽകി (ഓക്ടോബർ 2008).

പുതുക്കിയ സാങ്കേതിക അനുമതി ആവശ്യമായിരുന്ന അനുബന്ധ പ്രവൃത്തികൾ ഒഴിവാക്കിക്കൊണ്ട് ₹ 5.03 കോടി അടങ്കൽ തുകയോടെ മുനിസിപ്പാലിറ്റി ഡിസംബർ 2008-ൽ പ്രവൃത്തി ടെണ്ടർ ചെയ്തു. ₹ 5.53 കോടിയ്ക്ക് (അടങ്കൽ തുകയുടെ 10 ശതമാനം അധികം) 15 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാനായി, ഒരു കരാറുകാരനെ പണി ഏൽപ്പിച്ചു (ഫെബ്രുവരി 2009). കരാറുകാരന് ഫെബ്രുവരി 2009-ൽ സ്ഥലം കൈമാറ്റം ചെയ്തു.

ഓവർഹെഡ് ജലസംഭരണികളുടെ സ്ട്രക്ച്ചറുകൾ, വാതിൽപ്പാളികൾ, ജനൽപാളികൾ, ക്ലോസറ്റുകൾ എന്നിവയില്ലാതെ വീടുകളുടെ സ്ട്രക്ച്ചറുകൾ, മഴവെള്ളച്ചാലുകൾ എന്നിവ മാത്രമാണ് കരാറുകാരൻ നിർമ്മിച്ചിട്ടുള്ളത്. തുടർന്ന് മറ്റുപണികൾ ഒന്നും നടത്തിയിട്ടില്ല. നെയ്യല്ലൂരിൽ യാതൊരു നിർമ്മാണ പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മുനിസിപ്പാലിറ്റി നൽകിയ മറുപടിയിൽ വാസസ്ഥലങ്ങൾ തീരെ ചെറുതാണെന്നും മനുഷ്യവാസത്തിന് യോഗ്യമല്ലെന്നും തദ്ദേശവാസികളുടെയും കൗൺസിലർമാരുടെയും പ്രക്ഷോഭം കാരണമാണ് പണി നിർത്തിവച്ചതെന്നും അഭിപ്രായപ്പെട്ടു.

വീടുകളുടെ ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണം 30 ച.മീ. വേണമെന്ന് ഐഎച്ച്എസ്ഡിപി മാർഗ്ഗരേഖകൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റി തയ്യാറാക്കിയ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം 26.68 ച.മീ. മാത്രമായതിനാൽ വീടുകൾ കുടുംബമായി വസിക്കാൻ അനുയോജ്യമായ വലിപ്പത്തിലല്ല എന്ന കാരണത്താൽ പൊതുജനങ്ങളുടെ പ്രതിഷേധമുണ്ടായി. അതിനു ശേഷം നിർമ്മാണത്തിൽ പുരോഗതി ഉണ്ടായിട്ടില്ല.

---

35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുവാനായി കേരള ഗവൺമെന്റ് രൂപീകരിച്ച ഒരു കമ്മിറ്റി

മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുള്ള കൃത്യമായ ആസൂത്രണമില്ലായ്മ മൂലം വീട്ടുകൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനാലും പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച ₹ 2.89 കോടി നിഷ്ഫല ചെലവായി പരിണമിച്ചു.

വീട്ടുകളുടെ തറ വിസ്തീർണ്ണം ഐഎച്ച്എസ്ഡിപി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ച ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണത്തിനേക്കാൾ കുറവാണ് എന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ, ഭവന നിർമ്മാണം ടെണ്ടർ ചെയ്തത് കൺസൾട്ടന്റായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തന്നിട്ടുള്ള രൂപകല്പനയ്ക്ക് അനുസൃതമായിട്ടാണ് എന്ന് മുനിസിപ്പാലിറ്റി മറുപടി നൽകി. പദ്ധതിയുടെ നിർവ്വഹണം മുനിസിപ്പാലിറ്റിയുടെ ചുമതലയായിരിക്കെ, ₹2.89 കോടി ചെലവാക്കിയിട്ടും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാകാത്തതിനാൽ മറുപടി അംഗീകരിക്കാനാവില്ല (മാർച്ച് 2016).

ഇക്കാര്യം സർക്കാരിനെ ജനുവരി 2016-ൽ അറിയിച്ചു; മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം- II-ആയി ചേർത്തിരിക്കുന്നു.

35. നഗരപ്രദേശങ്ങളിലെ ചേരി നിവാസികളെ ക്ലസ്റ്ററുകളിലായി പുനരധിവസിപ്പിച്ചുകൊണ്ട് അനുയോജ്യമായ പാർപ്പിടവും കുടിവെള്ളം, ഡ്രെയിനേജ് എന്നീ അടിസ്ഥാന സൗകര്യങ്ങളും നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭാരത സർക്കാർ തുടങ്ങിയ സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടിയുടെ (ഐ.എച്ച്.എസ്.ഡി.പി) കീഴിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 2008-ൽ നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ പ്രകാരം 30 ചതുരശ്ര മീറ്റർ ആയിരിക്കെ അതിൽ കുറഞ്ഞ തറവിസ്തീർണ്ണത്തിൽ ഭവനനിർമ്മാണം നടത്തുന്നതിന് നഗരസഭ തീരുമാനം കൈക്കൊണ്ടതെന്തെന്നും വാസയോഗ്യമായ കെട്ടിടത്തിന് 30 മുതൽ 60 വരെ ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണം ആകാമെന്ന സംസ്ഥാന സർക്കാരിന്റെ ഗൈഡ്‌ലൈൻ അനുസരിച്ചല്ലേ കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും തയ്യാറാക്കിയതെന്നും സമിതിയാരാഞ്ഞതിന് 2005-2006 കാലഘട്ടത്തിലാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ പദ്ധതി രൂപീകരിച്ച് ഏറ്റവും കുറഞ്ഞ

തറവിസ്തീർണ്ണം 25 ച. മീറ്ററായി ഗൈഡ്‌ലൈൻ പുറത്തിറക്കിയതെന്നും 2004-ൽ പദ്ധതി സർക്കാർ അംഗീകരിച്ചതാണെന്നും മുനിസിപ്പാലിറ്റിയുടെ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം 26.68 ചതുരശ്ര മീറ്റർ ആയിരുന്നുവെന്നും പ്രോജക്ട് ഓഫീസർ (അർബൻ) കുടുംബശ്രീ സമിതിയെ അറിയിച്ചു.

36. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താമസിക്കാൻ നിർമ്മിച്ച വീടുകൾ ഇപ്പോൾ വാസയോഗ്യമല്ലെന്നും സർക്കാരിന്റെ കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും സമിതി ചൂണ്ടിക്കാട്ടി. നഗരസഭ ഇക്കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് പദ്ധതിയുടെ ഡി.പി.ആർ (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കിയതെന്നും അതിലാണ് തററിസ്തീർണ്ണം 26.68 ച. മീ. ആയി കുറച്ചതെന്നും പൊന്നാനി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

37. വീടുകളുടെ ഏറ്റവും കുറഞ്ഞ തറവിസ്തീർണ്ണം 30 ചതുരശ്ര മീറ്റർ വേണമെന്ന് ഐ.എച്ച്.എസ്.ഡി.പി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റിയുടെ പ്ലാൻ പ്രകാരം 26.68 ച. മീ. മാത്രമായത് ഗുരുതര വീഴ്ചയാണെന്നും മാർഗ്ഗരേഖയുടെ ലംഘനമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഒരു വീടിന്റെ യൂണിറ്റ് കോസ്റ്റ് 80,000/- രൂപയായിരുന്നുവെന്നും 120 ഗുണഭോക്താക്കളെ നേരത്തെ കണ്ടെത്തിയിരുന്നുവെന്നും ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ പുതിയ നോംസ് അനുസരിച്ച് ഒരു വീടിന് 50,000/- രൂപ ഡിപ്പാർട്ട്മെന്റ് ഫണ്ട് അനുവദിക്കുകയും വീടൊന്നിന് 3.5 ലക്ഷം രൂപ വകയിരുത്തുകയും വീടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിച്ചതായും ഈ വീടുകളിൽ 10 ച. മീറ്റർ വലിപ്പത്തിൽ മറ്റൊരു മുറികൂടി നിർമ്മിക്കുന്നതിനും നിലവിലുള്ള മുറി വലുതാക്കാനും വീടിന്റെ മുൻവശത്തും പുറകുവശത്തും വാതിലുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചതായും ജൂൺ മാസം വീടിന്റെ താക്കോൽ കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും പുതിയ കൗൺസിൽ വന്നതിനുശേഷമാണ് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നും അതിന്റെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. എം.ഇ.എസ് കോളേജിനടുത്തുള്ള പ്രസ്തുത 120 വീടുകളുടെ കാര്യത്തിൽ വിജിലൻസ് കേസുണ്ടെന്നും ആളുകൾ പരാതി

നൽകിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധന നടത്തി ഫയലുകൾ കൊണ്ടുപോയിരിക്കുകയാണെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

38. വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ മേൽപറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന് കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട ഫയലുകളാണ് വിജിലൻസ് കൊണ്ടുപോയതെന്നും ഇവയുടെ പകർപ്പുകൾ കൈവശമുണ്ടെന്നും ഇതു സംബന്ധിച്ച് മുനിസിപ്പൽ ചെയർമാൻ വിജിലൻസിന് കത്തെഴുതിയെങ്കിലും ഇതുവരെ മറുപടി ലഭ്യമായിട്ടില്ലെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

39. 2007-ൽ പാവപ്പെട്ട 120 മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്ത് 10 വർഷമായിട്ടും ഒരാളെപ്പോലും താമസിപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്തത് വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണെന്നും സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് ശരിയായ നടപടിയല്ലെന്നും നിരീക്ഷിച്ച സമിതി ടി വിഷയം സംബന്ധിച്ച നിലവിലെ സ്ഥിതി ആരാഞ്ഞു. മലിന ജലത്തിനുള്ള ടാങ്കും സെപ്റ്റിക് ടാങ്കുകളും നിർമ്മിച്ചുകഴിഞ്ഞുവെന്നും ഇനി വീടുകൾക്ക് രണ്ട് വാതിലുകളും ഒരു മുറിയും കൂടി പണിയേണ്ടതുണ്ടെന്നും കൂടാതെ നിലവിലുള്ള ഒരു മുറി വലുതാക്കുകയും വേണമെന്നും 120 ഗുണഭോക്താക്കളുടെയും യോഗം വിളിച്ചപ്പോൾ നിലവിലെ കണ്ടീഷനിൽ താമസിക്കാൻ തയ്യാറാണെന്ന് അവർ അറിയിച്ചുവെന്നും എന്നാൽ മുഴുവൻ പണിയും പൂർത്തിയാക്കിയതിനുശേഷം വീട് കൈമാറാനാണ് നഗരസഭ കൗൺസിൽ തീരുമാനിച്ചിരിക്കുന്നതെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുക നൽകിയത് സംബന്ധിച്ചും വീടുകളുടെ സ്ട്രക്ചറുകൾ, മഴവെള്ളച്ചാലുകൾ ഇവ മാത്രമാണ് കരാറുകാരൻ നിർമ്മിച്ചിട്ടുള്ളതെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പണി പൂർത്തിയാക്കാത്തതുകൊണ്ട് കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടില്ലെന്നും ടിയാൻ കരാർ ഒഴിഞ്ഞുവെങ്കിലും ടിയാനെ വിളിച്ച് ചർച്ച നടത്തിയതിനുശേഷമാണ് ഊരാളുങ്കൽ സൊസൈറ്റിയെ പണി ഏൽപ്പിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചതെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

40. നെയ്തല്ലൂരിലെ പ്രോജക്ടിന്റെ സ്ഥിതിയെന്തെന്നും, ഇതിന്റെ ഫണ്ടിന്റെ നിലവിലെ സ്ഥിതിയെന്തെന്നും സമിതി ആരാഞ്ഞു. ജനങ്ങളുടെ പ്രക്ഷോഭമുണ്ടായപ്പോൾ നഗര കൗൺസിൽ ടി പ്രോജക്ട് ഉപേക്ഷിച്ചുവെന്നും പദ്ധതിയുടെ കാലാവധി 2012 വരെയായിരുന്നെങ്കിലും 2015 വരെ എക്സ്റ്റന്റ് ചെയ്തുവെന്നും 2015ൽ ഈ പ്രോജക്ട് കേന്ദ്ര ഗവൺമെന്റ് ഡ്രോപ്പ് ചെയ്തുവെങ്കിലും ഓൺഗോയിങ് പ്രോജക്ട് ആയി തുടരുന്നതിന് അനുവാദം നൽകിയിരുന്നുവെന്നും 2017 മാർച്ചിൽ ഇതിന്റെ കാലാവധി അവസാനിക്കുകയാണെന്നും കേന്ദ്രഗവൺമെന്റ് ഈ പ്രോജക്ട് ഉപേക്ഷിക്കുകയാണുണ്ടായതെന്നും സംസ്ഥാന ഗവൺമെന്റിന് തുക നഷ്ടം വന്നിട്ടില്ലെന്നും, കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലാപ്സായിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

41. ഈ പദ്ധതിക്കായി തെരഞ്ഞെടുത്ത 109 ഗുണഭോക്താക്കൾക്ക് വേണ്ടി വേറെ എന്തെങ്കിലും പ്രോജക്ട് നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നെയ്തല്ലൂരിലെ തെരഞ്ഞെടുക്കപ്പെട്ട 109 ഗുണഭോക്താക്കളെ പി.എം.എ.വൈ സ്കീമിലൂടെ പുനരധിവസിപ്പിക്കാൻ സാധിക്കുന്നതാണെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

42. പദ്ധതി നിർവ്വഹണം മുനിസിപ്പാലിറ്റിയുടെ ചുമതലയായിരിക്കെ 2.89 കോടി രൂപ ചെലവാക്കിയിട്ടും ഉദ്ദേശലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനാൽ ഇക്കാര്യം സംബന്ധിച്ച് മുനിസിപ്പാലിറ്റി നൽകിയ മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് 2016 മാർച്ചിൽ അറിയിച്ചിട്ടും മറുപടി നൽകിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സമിതി ചൂണ്ടിക്കാണിക്കുകയും ഈ വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തെന്ന് ആരായുകയും ചെയ്തു. വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇത് റെക്റ്റിഫൈ ചെയ്യുന്നതിനുള്ള നിർദ്ദേശം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

43. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും എം.ഇ.എസ് കോളേജിനടുത്തുള്ള 120 വീടുകളുടെ പണി പൂർത്തിയാക്കി അടിയന്തരമായി

വാസയോഗ്യമാക്കി റിപ്പോർട്ട് ഒരു മാസത്തിനകം നൽകണമെന്നും സമിതി നിർദ്ദേശിച്ചു. പ്രസ്തുത വീടുകളുടെ മുറി വലുപ്പം കൂട്ടുന്നത് ഫീസിബിളിളാണോ എന്ന് പരിശോധിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാമെന്നും ഡിസംബർ 30 ന് ചേർന്ന ഡി.പി.സി യിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള പ്രോജക്ട് സമർപ്പിച്ചതായും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഡി.പി.സി യിൽ വച്ച പ്രോജക്ടിന്റെ കോപ്പി നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

44. <u>25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

1. പദ്ധതി നിർവ്വഹണം മുനിസിപ്പാലിറ്റിയുടെ ചുമതലയായിരിക്കെ 2.89 കോടി രൂപ ചെലവാക്കിയിട്ടും ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനാൽ ഇക്കാര്യം സംബന്ധിച്ച് മുനിസിപ്പാലിറ്റി നൽകിയ മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് 2016 മാർച്ചിൽ അറിയിച്ചിട്ടും മറുപടി നൽകിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സമിതി ചൂണ്ടിക്കാണിക്കുകയും ഈ വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തെന്ന് ആരായുകയും ചെയ്തു.

2. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ.

3. വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഡി.പി.സി.യിൽ വച്ച പ്രോജക്ടിന്റെ കോപ്പി നൽകണമെന്നും എം.ഇ.എസ്. കോളേജിനടുത്തുള്ള 120 വീടുകളുടെ പണി പൂർത്തിയാക്കി അടിയന്തരമായി വാസയോഗ്യമാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി</u>

45. ഐ.എച്ച്.എസ്.ഡി.പി പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നതിനു കാരണക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ നടപടി

സ്വീകരിക്കുവാനും പദ്ധതി പാഴായിപ്പോയതിനുള്ള യഥാർത്ഥ കാരണം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയെങ്കിലും വകുപ്പ് ലഭ്യമാക്കിയ മറുപടി തൃപ്തികരമായി കാണുന്നില്ല. ആയതിനാൽ ഈ പദ്ധതി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ടീമിന്റെയും, ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്) നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെയും സംയുക്ത അന്വേഷണ സംഘത്തെ നിയോഗിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതും, നടപടി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്നതുമാണ്.

46. ഐ.എച്ച്.എസ്.ഡി.പി പദ്ധതിയുടെ കീഴിൽ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണം 30 ച.മീറ്ററിൽ കുറയരുതെന്ന് മാർഗ്ഗരേഖകൾ നിഷ്കർഷിച്ചിരുന്നെങ്കിലും പൊന്നാനി മുനിസിപ്പാലിറ്റി തയ്യാറാക്കിയ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം 26.68 ച.മീറ്റർ മാത്രമാണെന്നും വാസയോഗ്യമല്ലാത്തതിനാൽ പ്രസ്തുത വീടുകളിൽ താമസിക്കാൻ ആളുകൾ തയ്യാറാകുന്നില്ലെന്നും 2008-ലാണ് വീടുകൾ പണിതതെന്നും കടലോരമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എം.ഇ.എസ് കോളേജിനരികെ 120 വീടുകളും നെയ്തല്ലൂരിലെ ചേരിനിവാസികൾക്കായി 109 വീടുകളും നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചതെന്നും ഇതിൽ ഒരു വീടും ഉപയോഗിക്കുന്നില്ലെന്നും വീടുകൾ താമസയോഗ്യമല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതായിരുന്നുവെന്നും അത് ഗുരുതരമായ വീഴ്ചയാണെന്നും സ്ഥലം സന്ദർശിച്ച് ടി വിഷയത്തിന്മേൽ തെളിവെടുപ്പ് നടത്തിയ ശേഷം തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

47. സമിതിയുടെ 25.07.2019-ലെ മലപ്പുറം ജില്ലാ സന്ദർശനത്തിൽ ഐ.എച്ച്.എസ്.ഡി.പി.യുടെ പുനരധിവാസ പദ്ധതിയിലെ നിഷ്ഫല ചെലവ് സംബന്ധിച്ച വിഷയത്തിന്മേൽ പൊന്നാനി നഗരസഭാ സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി.

48. ഭവന പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതു സംബന്ധിച്ച് പ്രസ്തുത യോഗത്തിൽ സമിതി ചോദ്യമുന്നയിച്ചതിന് IHSDP(Integrated Housing and Slum Development Programme) ഭവന പദ്ധതിയിൽപ്പെട്ടതും, 2.79 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ചതും, ആകെ 26.68 m^2 മാത്രം വിസ്തീർണ്ണമുള്ളതുമായ 120 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നിലവിൽ ആയത് ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും, വീടുകളുടെ വിസ്തീർണ്ണം കുറവായതിനാൽ ആയത് മനുഷ്യ വാസയോഗ്യമല്ലെന്ന പരാതികൾ ഉണ്ടായതിനെതുടർന്ന് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാതെ ഉപേക്ഷിച്ചതായും, പ്രസ്തുത ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും, വിജിലൻസ് കോടതിയിലും കേസ് നിലനിൽക്കുന്നുണ്ടെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

49. പ്രസ്തുത വീടുകളുടെ കൺസ്ട്രക്ഷൻ ഏത് കമ്പനിയെ ആണ് ഏൽപ്പിച്ചതെന്നും, മാനദണ്ഡങ്ങൾക്കനുസൃതമായാണോ പ്രസ്തുത കമ്പനി വീടുകളുടെ നിർമ്മാണച്ചുമതല നിർവ്വഹിച്ചതെന്നും സമിതി ആരാഞ്ഞതിന് ആലുവ കേന്ദ്രമായി പ്രവർത്തിക്കുന്ന പുതിയേടത്ത് എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻ എന്ന കമ്പനിയാണ് വീടുകൾ നിർമ്മിച്ചതെന്നും, പ്രോജക്ടുകൾ പ്രകാരമുള്ള വിസ്തീർണ്ണത്തിലാണ് വീടുകൾ നിർമ്മച്ചിട്ടുള്ളതെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

50. പ്രസ്തുത വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ആയതിലേയ്ക്കായി പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് കോടതിയുടെ പരിഗണനയിലുള്ള വിഷയമാകയാൽ തുടർനടപടികൾ സ്വീകരിക്കാൻ കോടതിയുടെ അനുമതി വാങ്ങണമോയെന്ന് മുനിസിപ്പാലിറ്റി വക്കീലുമായി ആലോചിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങൾ/ശിപാർശകൾ

51. സംയോജിത ഭവന നിർമ്മാണ ചേരിവികസന പരിപാടിയുടെ കീഴിൽ കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ പൊന്നാനി മുനിസിപ്പാലിറ്റി നിർമ്മിച്ച 120

വീട്ടുകളുടെ തറവിസ്തീർണ്ണം ഓരോന്നിനും 26.68 ച.മീ. മാത്രമായതിനാൽ ആയവ മനുഷ്യവാസത്തിന് യോഗ്യമല്ലെന്നും അതിലൂടെ 2.89 കോടി രൂപ പാഴായതായും സമിതി മനസ്സിലാക്കുന്നു. സമൂഹത്തിലെ താഴെത്തട്ടിലുള്ള 120 മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതിന് ലക്ഷ്യമിട്ട് തുടങ്ങിയ ഒരു പദ്ധതിയിൽ 10 വർഷത്തിന് ശേഷവും ആരെയും താമസിപ്പിക്കാൻ കഴിയാത്തത് മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നുള്ള വലിയ വീഴ്ചയായി സമിതി ചൂണ്ടിക്കാണിക്കുന്നു. മത്സ്യത്തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ച് നൽകുമ്പോഴുണ്ടാകുന്ന ഇത്തരം സാഹചര്യങ്ങൾ ഗൗരവമേറിയ ഒന്നാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിലെയും വിജിലൻസ് കോടതിയിലെയും കേസ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെടുന്നതോടൊപ്പം ടി വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമവശം പരിശോധിച്ച് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പകരം സംവിധാനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യു.

52. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സാങ്ഷൻ നൽകിയതിലും ഇംപ്ലിമെന്റ് ചെയ്തതിലും ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

3.7 ഇ-ടോയ്‌ലറ്റിന്മേലുള്ള നിഷ്ഫലമായ ചെലവ്

ഇ-ടോയ്‌ലറ്റുകളുടെ തകരാറുകൾ പരിഹരിച്ച് അവയെ പ്രവർത്തനക്ഷമമാക്കുന്നതിൽ ആലപ്പുഴ മുനിസിപ്പാലിറ്റി പരാജയപ്പെട്ടതുമൂലം ഈ പദ്ധതിയ്ക്കായി ചെലവഴിച്ച ₹17.56 ലക്ഷം നിഷ്ഫലമായി

ജനസാന്ദ്രത ഏറിയ മേഖലകളിൽ ഇലക്ട്രോണിക് ടോയിലറ്റ് (ഇ-ടോയ്‌ലറ്റ്)[36] സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ₹20 ലക്ഷം മൊത്തം ചെലവിൽ വനിതാ ഘടകപദ്ധതിയ്ക്ക് കീഴിൽ ആലപ്പുഴ മുനിസിപ്പാലിറ്റി 2011-12-ൽ ആസൂത്രണം ചെയ്തു. ഈ പദ്ധതിയ്ക്ക് മേയ് 2011-ൽ ഭരണാനുമതിയും നവംബർ 2011-ന് സാങ്കേതികാനുമതിയും ലഭിച്ചു. കെൽട്രോണിൽ നിന്നോ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നോ ഇ-ടോയ്‌ലറ്റുകൾ വാങ്ങുന്നതിന് കേരള സർക്കാർ മാർച്ച് 2012-ൽ അംഗീകാരം നൽകി. തദ്ദേശഭരണ സമിതി ₹19.56 ലക്ഷത്തിന്റെ അടങ്കലിന് അംഗീകാരം നൽകുകയും നാലു സ്ഥലങ്ങളിൽ (ടൗൺ ഹാൾ, ജനറൽ ആശുപത്രി, ഡബ്ല്യു ആന്റ് സി ആശുപത്രി, ബീച്ച്) ഇ-ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു കരാറിലേർപ്പെടുകയും ചെയ്തു.

കരാർ പ്രകാരം പ്രവൃത്തി അനുമതി ലഭിച്ച് 45 മുതൽ 60 ദിവസത്തിനിടയിൽ കെൽട്രോൺ പ്രസ്തുത ടോയ്‌ലറ്റുകൾ നൽകേണ്ടതാണ്. യൂണിറ്റുകൾ വിജയകരമായി സ്ഥാപിക്കൽ, അവയുടെ പരിപാലനം, ഏഴുവർഷത്തേക്ക് സാങ്കേതികവും ശുചിത്വപരവുമായ സഹായം നൽകുക എന്നിവയായിരുന്നു കരാർ പ്രകാരമുള്ള മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്വങ്ങൾ. കരാർ പ്രകാരം ടോയ്‌ലറ്റുകൾ സ്ഥാപിച്ച് 10 ദിവസത്തിനകം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കേണ്ടതും, സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന ദിവസം മുതൽ ആറുമാസത്തേക്ക് വാറണ്ടി ഉണ്ടായിരിക്കുന്നതുമാണ്. മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്വങ്ങൾ, പ്രസ്തുത സ്ഥലങ്ങളിൽ ഏഴുവർഷം ഇ-ടോയ്‌ലറ്റുകൾ പ്രവർത്തനക്ഷമമാക്കി നിർത്തുന്നതും, വൈദ്യുതി, വെള്ളം, ഡ്രയിനേജ് എന്നിവയുടെ പ്രാരംഭ ചെലവും ആവർത്തന ചെലവും വഹിക്കേണ്ടതും എൻട്രി ഫീസ് നിർണ്ണയിക്കേണ്ടതും പ്രസ്തുത ടോയ്‌ലറ്റുകളിൽ പരസ്യങ്ങൾ ക്ഷണിച്ച് മാസവരുമാനം ഉറപ്പാക്കേണ്ടതുമായിരുന്നു. കെൽട്രോണിന് പ്രതിമാസ പരിപാലന ചെലവായി ₹5,000 മുനിസിപ്പാലിറ്റി നൽകേണ്ടതാണ്. അടങ്കൽ തുകയുടെ 60 ശതമാനം കെൽട്രോണിന് മുൻകൂറായി നൽകേണ്ടതും ബാക്കി തുക പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്കോ ഉത്ഘാടനത്തിനോ ഏതാണോ ആദ്യം അതിനനുസരണമായി നൽകേണ്ടതുമാണ്.

---

36 'ടച്ച്ഫ്രീ' സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മനുഷ്യനിയന്ത്രണമാവശ്യമില്ലാത്ത ടോയ്‌ലറ്റ്.

ഓഡിറ്റ് പരിശോധനയിൽ കെൽട്രോൺ, ടോയ്‌ലറ്റുകൾ ജൂൺ 2012-ൽ നൽകിയതായും ടോയ്‌ലറ്റുകൾ തൃപ്തികരമായി സ്ഥാപിച്ചു എന്ന് അറിയിച്ചുകൊണ്ടുള്ള കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് മുനിസിപ്പൽ സെക്രട്ടറി ജൂലായ് 2012-ൽ നൽകിയതായും വ്യക്തമായി. കെൽട്രോണിന് ₹17.56 ലക്ഷം (പ്രവൃത്തി മൂല്യത്തിന്റെ 90 ശതമാനം) ജൂലൈ 2012-ൽ നൽകി. ബാക്കി തുകയ്ക്കായി കെൽട്രോൺ ഡിസംബർ 2013-ലും ജൂലൈ 2014-ലും അപേക്ഷിച്ചെങ്കിലും ഇതുവരെ തുക നൽകിയിട്ടില്ല. ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ചതിനുശേഷം കെൽട്രോൺ പ്രവൃത്തി പൂർത്തീകരണ കുറിപ്പ് ഡിസംബർ 2013-നുമാത്രമേ കൈമാറിയിട്ടുള്ളൂ. ചില പോരായ്മകൾ കാരണം ഇതുവരെയും ഇ-ടോയ്‌ലറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല.

ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ചതിന് ശേഷം പ്രവൃത്തി പൂർത്തീകരണ കുറിപ്പ് ഡിസംബർ 2013-നു മാത്രമേ കെൽട്രോൺ നൽകിയിട്ടുള്ളൂ എന്നിരിക്കെ തൃപ്തികരമായി സ്ഥാപിച്ചിട്ടുണ്ട് എന്ന കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് ജൂലൈ 2012-ൽ മുനിസിപ്പാലിറ്റി നൽകിയത് തെറ്റാണ്. എന്നാൽ, ഇ-ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് മുമ്പ് തന്നെ കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെ മുനിസിപ്പാലിറ്റി ഒരു നടപടിയും കൈക്കൊണ്ടില്ല. കൂടാതെ, ഡിസംബർ 2013-ൽ പ്രവൃത്തി പൂർത്തീകരണ കുറിപ്പ് കെൽട്രോണിൽ നിന്നും ലഭിച്ചതിനുശേഷവും ടോയ്‌ലറ്റുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനോ അപാകതകൾ കെൽട്രോണിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് ഗ്യാരണ്ടി കാലാവധിയായ ആറുമാസത്തിനുള്ളിൽ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനോ മുനിസിപ്പാലിറ്റി ശ്രമിച്ചില്ല.

കരാർ പ്രകാരം അടങ്കൽ തുകയുടെ 60 ശതമാനം തുക പ്രവൃത്തി അനുമതിയോടൊപ്പം നൽകേണ്ടതും ബാക്കി തുക പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്കോ ഉത്ഘാടനത്തിനോ ഏതാണോ ആദ്യം അതിനനുസരണമായി നൽകേണ്ടതുമാണ്. എന്നാൽ ഇവിടെ കെൽട്രോണിന് അർഹമായ ₹11.73 ലക്ഷത്തിന് (60 ശതമാനം) പകരം

₹5.83 ലക്ഷം അധികമായി പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് പ്രവർത്തനക്ഷമത പോലും പരിശോധിക്കാതെ നൽകുകയുണ്ടായി ബാക്കി തുകയ്ക്കായി കെൽട്രോൺ ആവശ്യപ്പെട്ടപ്പോഴാണ് ടോയ്‌ലറ്റുകൾക്ക് അപാകത ഉണ്ടെന്നും അത് പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്നും സ്ഥാപിച്ചതിനുശേഷം മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടില്ലെന്നും മുനിസിപ്പാലിറ്റി പറഞ്ഞത്. അപാകതകൾ പരിഹരിക്കുന്നതിന് സംയുക്ത ഭൗതിക പരിശോധനയ്ക്കായി മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടെങ്കിലും കെൽട്രോണിന്റെയും മുനിസിപ്പൽ എഞ്ചിനീയറുടെയും സഹകരണം കിട്ടാത്തതിനാൽ അതിനുകഴിഞ്ഞില്ല എന്ന് മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ (2016 മാർച്ച്) ടോയ്‌ലറ്റുകൾ കേടായ അവസ്ഥയിലാണെന്നും പ്രവർത്തന യോഗ്യമല്ലെന്നും വ്യക്തമായി. വൈദ്യുതി, വെള്ളം, സ്വീവേജ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നത് മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്തമാണെങ്കിലും രണ്ടു ടോയ്‌ലറ്റുകൾക്ക് മാത്രമേ ഇവ നൽകിയിട്ടുള്ളൂ എന്ന് ഓഡിറ്റിൽ കണ്ടെത്തി. മുനിസിപ്പാലിറ്റിയുടെ നിഷ്ക്രിയത്വം മൂലം ആവശ്യമായ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് ഇ-ടോയ്‌ലറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് കൊണ്ട് ഉദ്ദേശിച്ച ഫലം പൊതുജനത്തിനു ലഭിക്കാതെ പോകുകയും ₹17.56 ലക്ഷം നിഷ്ഫലമാകുകയും ചെയ്തു. യൂസർ ഫീസിലൂടെയും പരസ്യത്തിലൂടെയും മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കാമായിരുന്ന വരുമാനം കിട്ടാതെ പോകുകയും ചെയ്തു.

ഇക്കാര്യം 2016 ജനുവരിയിൽ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. ജനസാന്ദ്രതയേറിയ മേഖലകളിൽ ഇലക്ട്രോണിക് ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം കെൽട്രോൺ സ്ഥാപിച്ച ഇ-ടോയ്‌ലറ്റുകൾ

പ്രവർത്തനക്ഷമമല്ലാതിരുന്നിട്ടും തൃപ്തികരമായി ഇവ സ്ഥാപിച്ചുവെന്ന് മുനിസിപ്പൽ സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകിയതിനുള്ള കാരണമെന്തെന്ന് സമിതിയാരാഞ്ഞു. ഇ-ടോയ്‌ലറ്റുകൾ വിജയകരമായി പൂർത്തിയാക്കി എന്ന രീതിയിലുള്ള കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ടാണ് നൽകിയതെന്ന് മുൻ സെക്രട്ടറി പറഞ്ഞതായും എന്നാൽ ഇവ പ്രവർത്തനസജ്ജമാക്കി ഇതുവരെ താക്കോൽ കൈമാറിയിട്ടില്ലെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. സർക്കാരിന് 17.5 ലക്ഷം രൂപ നഷ്ടമുണ്ടാവുകയും പ്രവർത്തനസജ്ജമാക്കി മാറ്റാൻ സാധിക്കാത്തതിലും പുതിയ പദ്ധതികൾ തുടങ്ങുമ്പോൾ കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രോജക്ട് കൊടുക്കുകയും എന്നാൽ ടി സ്ഥാപനം കമ്മീഷൻ വാങ്ങി പുറത്തുള്ളവരെ ഏൽപ്പിക്കുന്ന നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി.

54. ഇ-ടോയ്‌ലറ്റിനായി കെൽട്രോൺ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇത്രയും നാൾ ഉപയോഗശൂന്യമായി കിടന്നതുകൊണ്ട് പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തവിധം നശിച്ചുപോയെന്ന് കാണിച്ച് കെൽട്രോൺ കത്ത് നൽകിയിരുന്നുവെന്നും ഇതുകൊണ്ടാണ് 17.5 ലക്ഷം രൂപ തിരികെ നൽകണമെന്ന് കാണിച്ച് നഗരസഭ കത്ത് അയച്ചതെന്നും എന്നാൽ മറുപടി ലഭ്യമായിട്ടില്ലായെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി അറിയിച്ചു.

55. സർക്കാർതലത്തിൽ കെൽട്രോണിന് കത്ത് അയയ്ക്കാമെന്നും, ഉത്തരവാദിയായ മുനിസിപ്പൽ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകാമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കേരളത്തിലെവിടെയെങ്കിലും ഇ-ടോയ്‌ലെറ്റുകൾ നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷിക്കാൻ സമിതി നിർദ്ദേശിക്കുകയും ഫണ്ടുകൾ കൊടുക്കുമ്പോൾ ധനകാര്യ വകുപ്പ് കൂടുതൽ ജാഗ്രത കാണിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

56. ഇത്തരം കാര്യങ്ങളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് അതാത് വകുപ്പുകളാണെന്നും ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടാൽ ആവശ്യമായ

നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് വ്യക്തമാക്കി.

57. കൃത്യമായി കാര്യങ്ങൾ നടപ്പാക്കാത്തതും കരാർ വ്യവസ്ഥകൾ പാലിക്കാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ ഏജന്റായി നിന്ന് കമ്മീഷൻ പറ്റുന്നത് ഗുരുതരമായ പ്രശ്നമാണെന്നും സമിതി അഭിപ്രായപ്പെട്ടു. കെൽട്രോൺ, സിഡ്കോ മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ മാത്രമേ ഡയറക്ട് പർച്ചേസ് ചെയ്യാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളുവെന്നും എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലുമൊരു തേർഡ് പാർട്ടിയിൽ നിന്ന് സാധനങ്ങൾ വാങ്ങുകയും അവരുടെ വർക്കിംഗ് എക്സ്പെൻസും കൂടി ചേർത്ത് വില ഈടാക്കുകയുമാണ് ചെയ്യുന്നതെന്നും എന്നാൽ ഇത് അനുവദനീയമല്ലാത്തതിനാൽ അതിനെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

58. പൊതുമേഖലാ സ്ഥാപനങ്ങൾ കരാറെടുക്കുന്ന പല പദ്ധതികളും ഇതുപോലെ കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിയിട്ടും പ്രയോജനം ഉണ്ടാകാതെ പല പഞ്ചായത്തുകളിലും ഉണ്ടെന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണെന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ച ഉദ്ദേശ്യം വച്ച് നൽകുന്ന കരാറുകൾ ശരിയാംവണ്ണം നടപ്പിലാക്കുന്നതിനായി ഇവ നല്ല രീതിയിൽ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്നും അതിനായി പൊതുമേഖലാ സ്ഥാപനങ്ങളെ ആ നിലവാരത്തിലേക്ക് ഉയർത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

59. ഇ-ടോയ്‌ലെറ്റ് പദ്ധതി പ്രകാരം കെൽട്രോൺ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തവിധം നശിച്ചുപോയതിനാൽ ഇതിനായി ചെലവഴിച്ച തുക കെൽട്രോണിൽ നിന്ന് ഈടാക്കുകയും അന്നത്തെ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം

60. കേരളത്തിലെവിടെയെങ്കിലും ഇ-ടോയ്‌ലറ്റുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ട് നൽകുക.

25.1.2017-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി

61. കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിൽ ആകെ 58 ഇ-ടോയ്‌ലറ്റുകൾ ഉണ്ടെങ്കിലും 27 എണ്ണവും 6 മുനിസിപ്പൽ കോർപ്പറേഷനുകളിൽ ആകെ 39 ഇ-ടോയ്‌ലറ്റുകൾ ഉണ്ടെങ്കിലും 26 എണ്ണവും മാത്രമേ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുള്ളൂ. വിശദവിവരം അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.

62. പ്രസ്തുത സർക്കാർ മറുപടിയുടെ പരിശോധനാവേളയിൽ ഇ-ടോയ്‌ലറ്റുകളൊന്നും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നും പത്തനംതിട്ട ജില്ലയിൽ ശബരിമല തീർത്ഥാടകർക്കുവേണ്ടി ധാരാളം ഇ-ടോയ്‌ലെറ്റുകളുണ്ടാക്കിയെങ്കിലും ഒന്നും തന്നെ പ്രവർത്തിക്കുന്നില്ലെന്നും ഓഡിറ്റ് ഓഫീസർ ചൂണ്ടിക്കാട്ടി.

63. ഇ-ടോയ്‌ലെറ്റിന്റെ ഉപയോഗത്തെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുകയും ഇ-ടോയ്‌ലെറ്റിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ബ്രോഷറുകൾ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണെന്നും കൂടുതൽ പഠനം നടത്തിയതിനു ശേഷം മാത്രമേ ഇനി ഇത്തരം പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി അനുമതി നല്കാൻ പാടുള്ളൂവെന്ന ശിപാർശ നൽകാവുന്നതാണെന്നും ടെക്നിക്കലി കോമ്പീറ്റന്റല്ലാത്ത ഏജൻസികളെ ഇത്തരം പദ്ധതികൾ നിർവ്വഹിക്കുന്നതിനായി ഐഡന്റിഫൈ ചെയ്യുന്നത് ശരിയല്ലെന്നും ടെക്നിക്കൽ know-how ഉള്ള സ്ഥാപനങ്ങൾക്കു മാത്രമേ അതിന് അനുമതി നൽകാവൂയെന്നും നിലവിലുള്ള ഇ-ടോയ്‌ലെറ്റുകൾ വർക്കിംഗ് കണ്ടീഷനിലാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

64. ആലപ്പുഴ മുനിസിപ്പാലിറ്റി ജനസാന്ദ്രതയേറിയ നാല് സ്ഥലങ്ങളിൽ കെൽട്രോൺ മുഖേന സ്ഥാപിച്ച ഇ-ടോയ്‌ലെറ്റുകളിൽ ഒന്നുപോലും ഉപയോഗയോഗ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഇ-ടോയ്‌ലെറ്റുകൾ കെൽട്രോൺ പ്രവർത്തന ക്ഷമമാക്കുകയോ മുനിസിപ്പാലിറ്റിക്ക് കൈമാറുകയോ ചെയ്തിട്ടില്ലെങ്കിലും ഈയിനത്തിൽ 17.56 ലക്ഷം രൂപ കയ്യപ്പറ്റിയിട്ടുണ്ട്. ഇ-ടോയ്‌ലെറ്റ് പദ്ധതി പ്രകാരം കെൽട്രോൺ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തവിധം നശിച്ചുപോയതിനാൽ ഇതിനായി ചെലവഴിച്ച തുക കെൽട്രോണിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെയും ഇ-ടോയ്‌ലെറ്റുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാതെ 90 ശതമാനം തുകയും കെൽട്രോണിന് നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇ-ടോയ്‌ലെറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടൊപ്പം ഇവയുടെ പ്രവർത്തനം, ഉപയോഗം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കേണ്ടത് അനിവാര്യമായ ഘടകമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

65. ഇ-ടോയ്‌ലെറ്റ് പദ്ധതികൾ പൂർണ്ണമായ വിജയം കൈവരിക്കാതിരിക്കുന്ന സാഹചര്യം സംജാതമായിട്ടും ഇവയുടെ തകരാറുകൾ പരിഹരിച്ച് ഉപയോഗക്ഷമമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം നടപടികൾ പദ്ധതിപ്പണം പാഴ് ചെലവാകുന്നതിനും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിഘാതം സൃഷ്ടിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു.

66. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിന് മുൻപ് നിലവിലുള്ള ഇ-ടോയ്‌ലെറ്റുകളുടെ പ്രവർത്തനം, നടത്തിപ്പ് മുതലായവ സംബന്ധിച്ച് വ്യക്തമായ പഠനം നടത്തണമെന്നും ഇത്തരം പദ്ധതികൾക്കായി ഫണ്ടുകൾ അനുവദിക്കുമ്പോൾ തദ്ദേശസ്വയംഭരണ-ധനകാര്യ വകുപ്പുകൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടതാണെന്നും സാങ്കേതിക പരിജ്ഞാനമില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തരം പദ്ധതികൾ ഏൽപ്പിക്കുന്നതിന് പകരം പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക പരിജ്ഞാനം ഉള്ള സ്ഥാപനങ്ങളെ മാത്രമേ പദ്ധതികളുടെ നടത്തിപ്പിനായി പരിഗണിക്കാൻ പാടുള്ളൂവെന്നും സമിതി നിർദ്ദേശിക്കുന്നു.

67. പദ്ധതികൾ ഏറ്റെടുക്കുകയും എന്നാൽ കൃത്യമായി കാര്യങ്ങൾ നടപ്പാക്കാതിരിക്കുകയും അതോടൊപ്പം കരാർ വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. പൊതുമേഖലാ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുക്കുകയും ഡയറക്ട് പർച്ചേയ്സ് അനുമതിക്ക് വിരുദ്ധമായി ഏതെങ്കിലുമൊരു തേർഡ് പാർട്ടിയിൽനിന്ന് സാധനങ്ങൾ വാങ്ങുകയും അവരുടെ പ്രവർത്തനചെലവ് കൂടി ചേർത്ത് വില ഈടാക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രോജക്ട് കൊടുക്കുകയും എന്നാൽ ടി സ്ഥാപനം കമ്മീഷൻവാങ്ങി മറ്റുള്ളവരെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്യുന്ന നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

69. പൊതുമേഖലാ സ്ഥാപനങ്ങൾ കരാറെടുക്കുന്ന പല പദ്ധതികൾക്കും കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പ്രയോജനം ഉണ്ടാകാതെ പല പഞ്ചായത്തുകളിലും അവശേഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതുസംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

70. പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ച ഉദ്ദേശ്യം വച്ച് നൽകുന്ന കരാറുകൾ ശരിയാംവണ്ണം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ നല്ല പ്രവർത്തന നിലവാരത്തിലേക്ക് ഉയർത്തുന്നതിനും പര്യാപ്തമായ നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.8 പ്ളാസ്റ്റിക് ഷ്രഡിംഗ് യന്ത്രങ്ങൾ വാങ്ങിയതിന്മേലുള്ള നിഷ്ക്രിയ നിക്ഷേപം

പ്ളാസ്റ്റിക് മാലിന്യത്തിന്റെ ലഭ്യതയെക്കുറിച്ച് സാധ്യതാപഠനം നടത്താതെയും പ്ളാസ്റ്റിക് ഗ്രാന്യൂൾസിന്റെ വിപണന സാധ്യതകൾ ആരായാതെയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെയും പ്ലാസ്റ്റിക് ഷ്രഡിംഗ് യന്ത്രങ്ങൾ വാങ്ങിയതുമൂലം ₹34.82 ലക്ഷം നിഷ്ക്രിയ നിക്ഷേപമായി.

കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് നിർമ്മൽ പുരസ്കാരമായി ലഭിച്ച ₹14.04 ലക്ഷം ഉപയോഗിച്ച് വൈത്തിരി, തരിയോട്, പൊഴുതന, മുപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറെത്തറ എന്നീ ആറു ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യന്ത്രം സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചു (2011 ജനുവരി). പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് യന്ത്രം വാങ്ങേണ്ടതും ഗ്രാമപഞ്ചായത്ത് കെട്ടിടം, വൈദ്യുതി തുടങ്ങിയ മറ്റു സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകളിൽനിന്നും യന്ത്രം സ്ഥാപിക്കുന്നതിനുള്ള സമ്മതപത്രം വാങ്ങിയതിനുശേഷം ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുകയും (2012 സെപ്റ്റംബർ) ഏക ടെണ്ടറായിരുന്ന റെയ്ഡ്കോയ്ക്ക് യന്ത്രങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു. റെയ്ഡ്കോ യന്ത്രങ്ങൾ സപ്ലൈ ചെയ്യുകയും ആ വകയിൽ ₹14.04 ലക്ഷം കൈപ്പറ്റുകയും ചെയ്തു (2013 ജൂലൈ).

ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ യന്ത്രങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വ്യക്തമായി. സ്ഥലം കണ്ടെത്താൻ സാധിക്കാത്തതുകൊണ്ടും ഫണ്ടിന്റെ

അപര്യാപ്തത മൂലവും നാല് ഗ്രാമപഞ്ചായത്തുകൾക്ക്[37] അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, വൈദ്യുതി എന്നിവ ഒരുക്കാൻ കഴിഞ്ഞില്ല. യന്ത്രം സ്ഥാപിച്ചെങ്കിലും വൈത്തിരി ഗ്രാമപഞ്ചായത്തിൽ പൊതുജനങ്ങളുടെ എതിർപ്പുമൂലവും തരിയോട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതിബന്ധം കിട്ടാത്തതുകൊണ്ടും പരിചയസമ്പന്നരായ ജീവനക്കാരെ ലഭിക്കാത്തതുകൊണ്ടും യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല.

അങ്ങനെ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ പരാജയപ്പെട്ടതുമൂലം യന്ത്രം നിഷ്ക്രിയമാകുന്നതിനും അതിനുവേണ്ടി മുടക്കിയ ₹14.04 ലക്ഷം നിഷ്ഫല നിക്ഷേപമാകാനും കാരണമായി.

ഇതിനുപുറമേ 2011-12-ൽ കോഴിക്കോട് ജില്ലയിലെ എട്ട്[38] ഗ്രാമപഞ്ചായത്തുകൾ നിർമ്മൽ ഗ്രാമപുരസ്കാരം, വികസന ഫണ്ട്, എംഎൽഎ ഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ട് എട്ട് പ്ലാസ്റ്റിക് ഷ്രഡിംഗ് യന്ത്രങ്ങൾ (ഏഴ് എണ്ണം രാം-ബയോളജിക്കൽസിൽ നിന്നും ഒരെണ്ണം സിഡ്കോയിൽ നിന്നും) വാങ്ങി. അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടവും വൈദ്യുതിയും ഇല്ലാത്തതുകാരണം രണ്ടു ഗ്രാമപഞ്ചായത്തുകൾക്ക്[39] യന്ത്രങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞില്ല. ചെറിയ തോതിൽ ഷ്രഡിംഗ് നടത്തുന്ന ഒരു[40] ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമപഞ്ചായത്തിലും പ്ലാസ്റ്റിക് മാലിന്യത്തിന്റെ ലഭ്യതക്കുറവ്, വർദ്ധിച്ച നടത്തിപ്പ് ചെലവ്, തദ്ദേശവാസികളുടെ എതിർപ്പ് തുടങ്ങിയ കാരണങ്ങൾ കൊണ്ട് യന്ത്രങ്ങൾ ഉപയോഗപ്രദമാക്കാൻ സാധിച്ചില്ല. ₹20.78 ലക്ഷം ആണ് ഈ യന്ത്രങ്ങൾക്കായി ചെലവഴിച്ചത്. പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയാത്ത ഏഴ് ഗ്രാമപഞ്ചായത്തുകളിൽ നാല് പഞ്ചായത്തുകൾ കോഴിക്കോട് ജില്ലാ കളക്ടർ തുടങ്ങിയ എംഎഎപി (മാസ് ആക്ഷൻ എഗൻസ്റ്റ് പ്ലാസ്റ്റിക്)

37 മുട്ടിൽ, മുപ്പൈനാട്, പൊഴുതന, പടിഞ്ഞാറെത്തറ

38 അഴിയൂർ, നാദാപുരം, കറ്റ്യാടി, വാണിമേൽ, നരിപ്പറ്റ, ചെക്യാട്, ബാലുശ്ശേരി, മുക്കം.

39 മുക്കം, നരിപ്പറ്റ

40 കറ്റ്യാടി

എന്ന പദ്ധതിയിൽ ഉൾപ്പെട്ടതിനാലും മൂന്ന ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് യന്ത്രങ്ങൾ വാങ്ങിയതെന്ന് അറിയിച്ചു.

കൽപ്പറ്റ ബ്ലോക്കിലെ ആറു ഗ്രാമപഞ്ചായത്തുകളും കോഴിക്കോട് ജില്ലയിലെ എട്ടിൽ ഏഴ ഗ്രാമപഞ്ചായത്തുകളും, പ്ലാസ്റ്റിക് മാലിന്യത്തിന്റെ ലഭ്യതയെക്കുറിച്ച് സാധ്യതാപഠനം നടത്തുന്നതിലും പ്ലാസ്റ്റിക് ഷ്രഡിംഗ് യന്ത്രത്തിൽ ഉണ്ടാക്കുന്ന പ്ലാസ്റ്റിക് ഗ്രാന്യൂൾസിന്റെ വിപണന സാധ്യതകൾ ആരായുന്നതിലും അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിലും പരാജയപ്പെട്ടതിനാൽ ₹34.82 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ഫലമായിത്തീർന്നു.

ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടിയായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടായ വീഴ്ച കാരണം പദ്ധതി നിർവ്വഹിക്കാൻ സാധിച്ചില്ല എന്ന് ഗ്രാമവികസന കമ്മീഷണർ മറുപടി നൽകി. (2016 മാർച്ച്) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വീഴ്ചയ്ക്ക് കാരണക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി കൈക്കൊള്ളുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറും ഉറപ്പുനൽകി.

ഇക്കാര്യം 2015 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല.

(2015 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക 3.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട വൈത്തിരി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കിയെങ്കിലും പരിസര മലിനീകരണം ഉണ്ടാകുമെന്ന് പറഞ്ഞ് തദ്ദേശവാസികൾ എതിർത്തതിനെ തുടർന്ന് പ്രവർത്തനം നിർത്തിവച്ചെന്നും ബി.ഡി.ഒ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

72. കൽപ്പറ്റ ബ്ലോക്കിൽ ഉൾപ്പെട്ട ആറ് പഞ്ചായത്തുകളിലും പൊതുജനങ്ങളുടെ എതിർപ്പ് കാരണമാണോ മെഷീൻ പ്രവർത്തിപ്പിക്കാതിരുന്നതെന്ന് സമിതി ആരാഞ്ഞതിന് വൈത്തിരി ഗ്രാമപഞ്ചായത്തിൽ എതിർപ്പുമൂലം നിർത്തിവയ്ക്കുകയും, തരിയോട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതീകരണം പൂർത്തിയായെങ്കിലും കണക്ഷൻ ലഭ്യമാകാത്തതിനാൽ പ്രവർത്തനം ആരംഭിച്ചില്ലെന്നും, പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിനും വയറിംഗിനുമായി ഈ വർഷം ഫണ്ട് വകയിരുത്തേണ്ടതാണെന്നും ബി.ഡി.ഒ അറിയിച്ചു.

73. 2013-ൽ വാങ്ങിയ മെഷീനുകൾ മൂന്ന് വർഷത്തിനു ശേഷവും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കാത്ത ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി നടപ്പാക്കണമെന്ന നിർദ്ദേശം നൽകിയതല്ലാതെ ഡിസിപ്ലിനറി ആക്ഷൻ എടുത്തില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൃത്യമായ സാധ്യതാ പഠനം നടത്താതെയും ആസൂത്രണമില്ലാതെയും പ്രോജക്ടുകൾ ഏറ്റെടുത്ത ഗ്രാമപഞ്ചായത്തുകൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സർക്കാർ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നത് ഗൗരവത്തോടെ കാണണമെന്നും സമിതി അഭിപ്രായപ്പെട്ടു. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനുവേണ്ടി ശരിയായ സാധ്യതാ പഠനം നടത്തി പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കേണ്ട ചുമതല പഞ്ചായത്തുകളിൽ നിക്ഷിപ്തമാണെന്നും ടാറിംഗ് ഉൾപ്പെടെയുള്ള ജോലികൾക്ക് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള അവസരമുള്ളപ്പോൾ പഞ്ചായത്തുകൾ നിരുത്തരവാദപരമായ നിലപാടെടുക്കുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

74. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, വാണിമേൽ, ബാലുശ്ശേരി, അഴിയൂർ എന്നീ പഞ്ചായത്തുകളിൽ ടി മെഷീനുകൾ ഭാഗികമായി പ്രവർത്തിക്കുന്നുണ്ടെന്നും, ചെക്യാട്, നാദാപുരം, മുക്കം എന്നീ പഞ്ചായത്തുകളിൽ യാതൊരു പ്രവർത്തനവും നടത്താത്ത സാഹചര്യമാണുള്ളതെന്നും സമിതി നിരീക്ഷിക്കുകയും ആയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വാണിമേൽ ഗ്രാമപഞ്ചായത്തിൽ മെഷീൻ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും ഷ്രെഡ് ചെയ്യുന്ന പ്ലാസ്റ്റിക് 'ഗ്രീൻ കേരള' കമ്പനിക്ക് നൽകുന്നതായും

സെക്രട്ടറി അറിയിച്ചു. എന്നാൽ ആവർത്തന ചെലവിന്റെ പേരിൽ ഓഡിറ്റ് ഒബ്ജക്ഷൻ വരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതായും വാണിമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. അഴിയൂർ ഗ്രാമപഞ്ചായത്തിൽ മെഷീൻ പ്രവർത്തസജ്ജമാണെന്നും പ്രവർത്തന ഫണ്ട് കണ്ടെത്തുന്നത് ബുദ്ധിമുട്ടാണെന്നും അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കുറ്റ്യാടി, ബാലുശ്ശേരി, പഞ്ചായത്തുകളിൽ മെഷീനുകൾ പ്രവർത്തന സജ്ജമാണെന്ന് അതാത് സെക്രട്ടറിമാർ സമിതിയെ അറിയിച്ചു.

75. ചെക്യാട് ഗ്രാമപഞ്ചായത്തിൽ തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വന്നുവെന്ന് ചെക്യാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നാദാപുരം ഗ്രാമപഞ്ചായത്തിൽ മെഷീൻ പ്രവർത്തനസജ്ജമാണെന്നും, മാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്നാണ് ഇതെന്നും പ്ലാന്റിനെതിരെയുള്ള സമരംമൂലം പ്രവർത്തിപ്പിക്കാനാവാതെ വരുകയായിരുന്നുവെന്നും ഇപ്പോൾ പ്രശ്നം പരിഹരിച്ചതായും നിറവ് പദ്ധതിയുമായി ചേർന്ന് പ്ലാന്റ് പ്രവർത്തിപ്പിച്ച് മാലിന്യം സംസ്കരിക്കാമെന്ന് ശുചിത്വ സമിതി കരാറായെന്നും പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങുന്നതോടെ ഷ്രഡിംഗ് മെഷീന്റെ പ്രവർത്തനവും തുടങ്ങുമെന്നും നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. മുക്കം മുനിസിപ്പാലിറ്റിയിൽ 2012-ൽ മെഷീൻ വാങ്ങിയെന്നും ഷെഡ് നിർമ്മിച്ചിരുന്നില്ലെന്നും ഇത് നിർമ്മിക്കുന്നതിനായി മുനിസിപ്പാലിറ്റി 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും, മെഷീൻ സൗണ്ട് പുറത്ത് കേൾക്കാത്ത ചുവരോടുകൂടിയ ബിൽഡിംഗാണ് നിർമ്മിക്കുന്നതെന്നും മുക്കം മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

76. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തു നിന്നും പ്രായോഗിക സമീപനമില്ലാതിരിക്കുന്നത് ശരിയല്ലെന്നും ഇങ്ങനെയൊരു പ്രോജക്ട് നടപ്പിലാക്കുമ്പോൾ ആവർത്തന ചെലവ് വരുന്നുവെന്ന കാരണത്താൽ നിർത്തിവയ്ക്കാൻ പറയുന്നത് ശരിയല്ലെന്നും മാലിന്യനിർമ്മാർജ്ജനം ഏറ്റവും പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഇതിനാവശ്യമായ തുക പ്ലാൻ ഫണ്ടിൽ വകയിരുത്തണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

77. ഇത്തരം പ്രോജക്റ്റുകൾ നടപ്പിലാക്കുമ്പോൾ ലാഭത്തിന്റെ കാര്യം നോക്കരുതെന്നും ഇത് സമൂഹത്തിന്റെ ആവശ്യമായതിനാൽ ഓഡിറ്റ് വകുപ്പും ഗവൺമെന്റും ഉദാര സമീപനം സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. നിർജ്ജീവ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പബ്ലിക് യൂട്ടിലിറ്റിയുള്ളതും ഓൺ ഫണ്ട് ഇല്ലാത്തതുമായ പഞ്ചായത്തുകൾക്ക് ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കണമെന്ന വ്യവസ്ഥ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

78. പഞ്ചായത്തുകൾ ഒരു പ്രോജക്റ്റ് നടപ്പാക്കുന്നതിന് മുൻപ് സാധ്യതാ പഠനം നടത്തിയാൽ തടസ്സങ്ങൾ ഒഴിവാക്കാൻ കഴിയുമെന്നും, ഫീസിബിലിറ്റി സ്റ്റഡി, വയബിലിറ്റി സ്റ്റഡി എന്നിവയോടൊപ്പം സോഷ്യൽ ഇംപാക്റ്റ് അസസ്മെന്റ് കൂടി നടത്തണമെന്നും എങ്ങനെയും എക്സ്പെൻഡിച്ചർ വരുത്തണമെന്ന് ചിന്തിക്കുന്നത് അഭികാമ്യമല്ലായെന്നും ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് മുൻപ് തന്നെ ആ പ്രോജക്റ്റ് നടപ്പിലാക്കിയാലുണ്ടാകുന്ന സോഷ്യൽ ഇംപാക്റ്റ് മുന്നിൽ കണ്ടുവേണം കാര്യങ്ങൾ ചെയ്യേണ്ടതെന്നും, പ്രോജക്റ്റ് ഇംപ്ലിമെന്റേഷന്റെ തുടക്കത്തിൽ മെഷിനറികൾ വാങ്ങാതെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും, സ്ഥലം കണ്ടെത്തിയതിനു ശേഷമേ മെഷീനുകൾ വാങ്ങാൻ പാടുള്ളൂവെന്നും സാധ്യതാപഠനം നടത്തണമെന്നും ചെലവ് ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കണമെന്നും ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് മുൻപ് പഞ്ചായത്തുകൾ മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്തിരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

25.1.2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

79. നിർജ്ജീവ ആസ്തികൾ പുനർജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

25.1.2017-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ലഭിച്ച സർക്കാർ മറുപടി

അഴിയൂർ ഗ്രാമപഞ്ചായത്ത്

80. അഴിയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്,

വർദ്ധിച്ച ഇലക്ട്രിസിറ്റി ചാർജ്ജും വീട്ടുകളിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് രൂപീകരിച്ച ഹരിത സേന ഇടക്കാലത്ത് കൃത്യമായി ജോലിയിൽ ഹാജരാകാതിരുന്നതിനാലും നഷ്ടമില്ലാതെ പ്രവർത്തിക്കുന്നതിനാവശ്യമായ പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് കഴിയാതെ വന്നതിനാലും വൃത്തിയായി ശേഖരിച്ച പ്ലാസ്റ്റിക് നേരിട്ട് സ്വകാര്യ ഏജൻസികൾ എടുത്തിരുന്നതിനാലും ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിച്ചിരുന്നില്ല. പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് ഭരണസമിതി ആലോചിക്കുകയും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണവും നിയന്ത്രണവും സാധ്യമാക്കുന്നതിന് വാർഡ് തല കമ്മിറ്റികളും ആയത് ഏകോപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും 15.06.2016-ലെ ഭരണ സമിതി യോഗത്തിൽ 59/2016 നമ്പറായി അംഗീകരിക്കുകയും ചെയ്തു.

81. തുടർന്ന് ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് എല്ലാ ഗ്രാമസഭകളിലും ബോധവൽക്കരണ ക്ലാസുകളും സ്ലൈഡ് ഷോകളും സംഘടിപ്പിച്ചു. സന്നദ്ധ പ്രവർത്തനത്തിന് താല്പര്യപ്പെട്ട കുടുംബശ്രീയിൽ അംഗമായ എട്ട് പേരെ ഹരിതസേന എന്ന പേരിൽ വീട്ടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് നിയോഗിക്കുകയും 01.12.2013 തീയതി മുതൽ പ്ലാസ്റ്റിക് ശേഖരണം ആരംഭിക്കുകയും ചെയ്തു. തുടർന്ന് ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2016 ഡിസംബർ എട്ടാം തീയതി മുതൽ ഷ്രെഡിംഗ് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>

82. നാദാപുരം ഗ്രാമപഞ്ചായത്തിൽ മെഷിൻ ഉപയോഗം ആരംഭിച്ചതിനുശേഷം നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടു. 1 കിലോഗ്രാം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിവിധ മാലിന്യങ്ങളിൽ നിന്നും വേർതിരിച്ച് കഴുകി ഉണക്കി വിവിധ ഗ്രേഡുകളായി തിരിച്ച് ഷ്രെഡ് ചെയ്യുന്നതിന് 15 രൂപ ചെലവായിരുന്നു.

എന്നാൽ ഉൽപ്പന്നം വിൽപ്പന നടത്തുമ്പോൾ കിലോഗ്രാമിന് 6 രൂപ മാത്രമേ ലഭ്യമായിരുന്നുള്ളൂ. കിലോഗ്രാമിന് 9 രൂപ നഷ്ടം സംഭവിച്ചിരുന്നു. കൂടാതെ സമയനഷ്ടവും ഉണ്ടായി. ഇതിനു പുറമേ ഷ്രെഡിംഗ് മെഷീനുകൾ പ്രവർത്തിക്കുന്നത് പരിസരവാസികളിൽ എതിർപ്പുണ്ടാക്കി. ഇത് നിലവിൽ വിജയകരമായും മാതൃകാപരമായും പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്തു. മേൽ കാരണങ്ങളാൽ പഞ്ചായത്ത് നിർദ്ദേശപ്രകാരം ഷ്രെഡിംഗ് മെഷീൻ ഉപയോഗിക്കുന്നത് നിർത്തി വയ്ക്കുകയും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ റോഡിൽ നിന്നും ശേഖരിച്ച അതേപടി സംസ്കരണ യൂണിറ്റുകൾക്ക് നേരിട്ട് നൽകുന്ന രീതി തുടരുകയും ചെയ്തു.

83. നിലവിൽ മെഷീൻ പ്രവർത്തനസജ്ജമാണ്. മെഷീൻ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ളത് ഖരമാലിന്യ സംസ്കരണ പ്ലാന്റിലാണ്. ചില പ്രദേശവാസികൾ നടത്തുന്ന സമരം കാരണം പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പ്ലാന്റ് പ്രവർത്തനം പുനരാരംഭിക്കുന്നതിന് വിവിധ രാഷ്ട്രീയ കക്ഷികളുമായി ചർച്ച നടന്നു വരുന്നു. ഷ്രെഡിംഗ് മെഷീൻ പഞ്ചായത്തിന്റെ അധീനതയിലുള്ള മറ്റൊരു സ്ഥലത്ത് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ചർച്ച നടന്നു വരുന്നു എന്നും മെഷീൻ ഉടൻ തന്നെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

കുറ്റ്യാടി ഗ്രാമപഞ്ചായത്ത്

84. പ്രോജക്റ്റ് നമ്പർ 19/2011-12 പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 2,70,000/- രൂപ ചെലവഴിച്ച് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചതാണ്. 22.12.2010 തീയതിയിലെ സപ്ലൈ ഓർഡർ പ്രകാരം ആസ്പി. അഗ്രോ. റാം

ബയോളജിക്കൽസ് 28.01.2012-ന് മെഷീൻ സ്ഥാപിക്കുകയും ആ ദിവസം മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർട്ട്ടൈം ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് വനിത തൊഴിലാളികളെ നിയമിക്കുകയും ഇവർ പഞ്ചായത്തിലെ സ്വീപ്പർമാർ കുറ്റ്യാടി ടൗണിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ യൂണിറ്റിൽ ഷ്രഡ് ചെയ്യുകയും ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് യൂണിറ്റിൽ സൂക്ഷിച്ചു വരുകയും ചെയ്യുന്നു. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ആവശ്യാനുസരണം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ക്ലീൻ കേരള മിഷൻ ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾക്കായി കിലോഗ്രാമിന് 15 രൂപ നിരക്കിലും കോൺട്രാക്ടർമാർക്ക് കിലോഗ്രാമിന് 20 രൂപാ നിരക്കിലും വിതരണം ചെയ്തു വരുന്നു.

<u>വാണിമേൽ ഗ്രാമപഞ്ചായത്ത്</u>

85. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ നിലവിൽ പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് വില്പന നടത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടുണ്ട്. യൂണിറ്റിന്റെ തുടർപ്രവർത്തനം 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുടരുന്നതിനുള്ള ക്രമീകരണം നടത്തിയിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു.

<u>നരിപ്പറ്റ ഗ്രാമപഞ്ചായത്ത്</u>

86. നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ച കെട്ടിടത്തിനടുത്ത് ഒരു അംഗൻവാടിയും വനിതാവ്യവസായകേന്ദ്രത്തിൽ താൽക്കാലികമായി ഐ.ടി.ഐ.യും പ്രവർത്തിച്ചു വരുകയാണ്. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് പരിസരമലിനീകരണം ഉണ്ടാകുമെന്ന് ഭയപ്പെട്ടതിനാലാണ് പ്രദേശവാസികൾ എതിർത്തിരുന്നത്. ആയതിനാലാണ് ഇതുവരെ പ്രവർത്തിപ്പിക്കുന്നതിന് കഴിയാതിരുന്നത്. പഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 3,00,000 രൂപയുടെ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് ഒരു ഏജൻസിയെ നിയോഗിക്കുന്നതാണ്.

മെഷീൻ കുറേക്കാലമായി ഉപയോഗിക്കാത്തതിനാൽ യൂണിറ്റിന് മെയിന്റനൻസ് ആവശ്യമാണെന്ന് കൺസൾറ്റന്റ് അറിയിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ 27.01.2017-ന് ട്രയൽ റൺ നടത്തി. വനിതാ വ്യവസായ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റിന്റെ ഇരുവശങ്ങളിലുമായാണ് ഗവൺമെന്റ് ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. അവധി ദിവസങ്ങളിൽ മാത്രമേ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയൂ എന്ന് ഐ.ടി.ഐ. അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടെണ്ടർ എടുക്കാൻ ആരും തയ്യാറായില്ല. ഇപ്പോൾ കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു. ആയതും സാദ്ധ്യമാവാത്ത അവസ്ഥ വരികയാണെങ്കിൽ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന റിസോഴ്സ് റിക്കവറി സെന്ററിലേക്ക് മേൽ യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നതാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു.

<u>ചെക്യാട് ഗ്രാമപഞ്ചായത്ത്</u>

87. 2011-12 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 21,00,000/- രൂപ വകയിരുത്തിയ സമഗ്ര കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയായിരുന്നു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുക എന്നത്. ഈ പ്രോജക്ടിന് സംസ്ഥാന ശുചിത്വ മിഷന്റെ അനുമതിയും 1,29,000/- രൂപ വിഹിതവും ലഭിച്ചിരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒടോറക്കുന്ന് എന്ന സ്ഥലത്ത് കേന്ദ്രീകൃത ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഷെഡ് നിർമ്മാണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് കരാറുകാരൻ സ്ഥലത്ത് നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഘട്ടത്തിൽ പ്രദേശവാസികൾ ഒറ്റക്കെട്ടായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യാതൊരു പ്രവൃത്തിയും അനുവദിക്കില്ല എന്ന് പ്രഖ്യാപിച്ചു കൊണ്ട് സമരത്തിലേർപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക

അകറ്റുന്നതിന് വേണ്ടി നിരവധി തവണ ബോധവൽക്കരണ യോഗങ്ങൾ വിളിച്ചു ചേർത്തെങ്കിലും പ്രശ്നം പരിഹരിക്കുവാൻ സാധിച്ചില്ല. ഈ സാഹചര്യത്തിലാണ് ഷ്രെഡിംഗ് മെഷീൻ യഥാസമയം പ്രവർത്തനക്ഷമമാക്കാൻ സാധിക്കാതെ പോയത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള തീവ്ര പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

<u>ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്</u>

88. 2011-12 സാമ്പത്തിക വർഷം ജില്ലാ ഭരണകൂടം നടപ്പിലാക്കിയ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന യജ്ഞത്തിൽ (MAAP) പങ്ക് ചേരാനായിട്ടായിരുന്നു ബാലുശ്ശേരി പഞ്ചായത്ത് 94/2011-12 നമ്പറായി പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി മേലംഗീകാരം വാങ്ങിയത്.

89. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്റ്റേഡിയം ഗ്രൗണ്ടിലെ ഗാലറിക്ക് താഴെയുള്ള നാല് മുറികളിലായി, രണ്ട് കുടുംബശ്രീ വനിതകളെ ചുമതലപ്പെടുത്തി വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പ്ലാസ്റ്റിക്ക് ശേഖരിച്ച് ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിച്ച് വരുന്നുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

90. പ്രസ്തുത അധികവിവരത്തിന്മേലുള്ള സർക്കാർ മറുപടി പരിഗണിച്ച സമിതി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുമ്പോൾ പരിസ്ഥിതി മലിനീകരണം ഉണ്ടാകുന്നില്ലെന്നും പ്ലാസ്റ്റിക് ഗ്രാന്യൂൾസിന് വിപണന സാധ്യതയുണ്ടെന്നും എന്നാൽ പ്രസ്തുത മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ഓപ്പറേറ്റേഴ്സില്ലാത്തതും പ്ലാസ്റ്റിക് ലഭ്യമാകാത്തതും ഇപ്രകാരമുണ്ടാകുന്ന പ്ലാസ്റ്റിക് ഗ്രാന്യൂൾസിന് ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ വിലയാണ് വില്പനയിലൂടെ ലഭിക്കുന്നതെന്നും വിലയിരുത്തി.

91. എന്നാൽ അത് ലാഭത്തിനുവേണ്ടി ചെയ്യുന്ന ബിസിനസ് അല്ലെന്നും പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കാതെ ഡംമ്പ് ചെയ്യുമ്പോഴുണ്ടാകുന്ന ദുരന്തം വലുതാണെന്നും പഞ്ചായത്തിന്റെ ഓൺ ഫണ്ടിൽ വരുമാനം കൂട്ടാൻവേണ്ടി ചെയ്യുന്ന നടപടിയെന്ന

നിലയിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തെ കാണാൻ കഴിയില്ലെന്നും കാസർഗോഡ് ജില്ലയിൽ വ്യക്തികൾ തന്നെ പ്ലാസ്റ്റിക് ഷ്രേഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ലാഭകരമായി റീസൈക്കിൾ ചെയ്യുന്നുണ്ടെന്നും ഉത്തരവാദിത്തം ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതിന്റെ ഫലമായാണ് പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണം പരാജയപ്പെട്ടുപോകുന്നതെന്നും അത് പഞ്ചായത്ത് ഭരണസമിതിയുടെയോ പഞ്ചായത്ത് ജീവനക്കാരുടെയോ ഉത്തരവാദിത്തമല്ലെന്നും അത് അവരുടെ ഔദ്യോഗിക ജോലിയിൽ ഉൾപ്പെടുന്നില്ലെന്നും അതിനാൽ അത് അവരെ ഏല്പിക്കാൻ കഴിയില്ലെന്നും പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനായി പകരം ക്രമീകരണം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

92. നിലവിൽ പ്ലാസ്റ്റിക് നിർമ്മാതാക്കൾ പ്ലാസ്റ്റിക് ഓണേഴ്സ് അസോസിയേഷൻ രൂപീകരിച്ചിട്ടുണ്ടെന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ തിരികെ നൽകിയാൽ റീസൈക്കിൾ ചെയ്യാമെന്നാണ് അവർ പറയുന്നതെന്നും പ്ലാസ്റ്റിക് മാലിന്യം എങ്ങനെ ശേഖരിക്കുമെന്നതാണ് പ്രശ്നമെന്നും നിലവിൽ വീടുകളിലെ വേസ്റ്റ് പ്ലാസ്റ്റിക് ബാഗിലാക്കി കളയുകയാണ് ചെയ്യുന്നതെന്നും വേസ്റ്റിനുള്ളിൽനിന്ന് പ്ലാസ്റ്റിക് തെരഞ്ഞെടുക്കാൻ ബുദ്ധിമുട്ടാണെന്നും വീടുകളിൽ പ്ലാസ്റ്റിക് മാലിന്യം സെഗ്രഗേറ്റ് ചെയ്ത് വാഷ് ചെയ്ത് വയ്ക്കുകയാണെങ്കിൽ അത് കളക്ട് ചെയ്ത് റീസൈക്കിൾ ചെയ്യാൻ സാധിക്കുമെന്നും അങ്ങനെ ചെയ്യാത്തിടത്തോളം പ്ലാസ്റ്റിക് മാലിന്യ സംസ്കരണം ആരേറ്റെടുത്താലും പരാജയം തന്നെയായിരിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

93. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായതിനാൽ ഇതിനാവശ്യമായ തുക പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94. പബ്ലിക് യൂട്ടിലിറ്റിയുള്ള പദ്ധതികളിന്മേൽ വരുന്ന ആവർത്തന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഓൺ ഫണ്ട് ഇല്ലാത്ത പഞ്ചായത്തുകൾക്ക്

ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള നിർജ്ജീവ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

95. ഒരു പ്രോജക്ട് നടപ്പിലാക്കിയാലുണ്ടാകുന്ന സോഷ്യൽ ഇംപാക്ട് മുന്നിൽ കണ്ടുവേണം തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്നും പ്രോജക്ട് തുടങ്ങുന്നതിനുമുമ്പ് ഇതു സംബന്ധിച്ച സാധ്യതാ പഠനം നടത്തിയാൽ തടസ്സങ്ങൾ ഒഴിവാക്കാൻ കഴിയുമെന്നും സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനും ആയതിനായി സ്ഥലം കണ്ടെത്തിയതിനും ശേഷം മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷന് ആവശ്യമായ മെഷീനറികൾ വാങ്ങാൻ പാടുള്ളുവെന്ന് സമിതി നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,

തിരുവനന്തപുരം,

അദ്ധ്യക്ഷൻ,

2021 ജനുവരി..21..

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം-I

പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ
1	2	3	4
1	15	തദ്ദേശസ്വയംഭരണം	കോഴിക്കോട് നഗരത്തിലെ അഴുക്കുചാൽ ശൃംഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥലം വികസിപ്പിക്കുന്നതിനായി കണ്ടൽക്കാടുകളുള്ളതും വർഷം മുഴുവൻ വെള്ളം കിടക്കുന്നതുമായ കോട്ടൂളിയിലെ തണ്ണീർത്തടം തെരഞ്ഞെടുത്തത് തികച്ചും അനുചിതമായ നടപടിയാണെന്നും ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം കോർപ്പറേഷനും സ്ഥലം ഏറ്റെടുത്തവർക്കുമാണെന്നും സമിതി വിലയിരുത്തുന്നു. തണ്ണീർത്തടം മണ്ണിട്ട് നികത്തുന്നതിനെതിരെ ജനകീയ പ്രക്ഷോഭമുണ്ടായതിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കേണ്ടിവരുകയും 60 ലക്ഷം രൂപ കരാറുകാരന് നൽകേണ്ടിവരുകയും ചെയ്തത് ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള ദീർഘവീക്ഷണമില്ലായ്മയുടെ ഉത്തമോദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പര്യാപ്തമായ കർശന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.
2	25	തദ്ദേശസ്വയംഭരണം	ആറ് പട്ടികജാതി വനിതകൾക്ക് സ്ഥിരം തൊഴിൽ നൽകുന്നതിനായി പുത്തൂർ ഗ്രാമപഞ്ചായത്ത്

			2011-12-ൽ ആവിഷ്കരിച്ച ഇഷ്ടിക നിർമ്മാണ യൂണിറ്റ് 2016-ലും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി ആവശ്യത്തിലേക്കായി വാങ്ങിയ 30 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളും ഇപ്പോഴും സ്വകാര്യ ഏജൻസിയുടെതന്നെ കൈവശത്തിലിരിക്കുന്നതായും മറ്റു യന്ത്രസാമഗ്രികൾ തുരുമ്പെടുത്ത് നശിച്ചതായും സമിതി മനസ്സിലാക്കുന്നു. പട്ടികജാതി വനിതകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ചിലവഴിച്ച 31.68 ലക്ഷം രൂപ നിഷ്ഫലമായത് ഗ്രാമപഞ്ചായത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള കുറ്റകരമായ അനാസ്ഥമൂലമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ പദ്ധതി പരാജയപ്പെട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്നും പദ്ധതിക്കായി വാങ്ങിയ മോട്ടോർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
3	34	തദ്ദേശസ്വയംഭരണം	കാലടി ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റിൽ ചാക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുകയും ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുകയും ചെയ്തെങ്കിലും പദ്ധതി ഇതുവരെ ആരംഭിക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 15.70 ലക്ഷം രൂപ നിഷ്ഫലമായതായി സമിതി മനസ്സിലാക്കുന്നു. 2008-ൽ യന്ത്രസാമഗ്രികൾ വാങ്ങിയെങ്കിലും എട്ട്

			വർഷത്തിന് ശേഷവും പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും കെട്ടിടവും യന്ത്രസാമഗ്രികളും മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുമോയെന്ന് സാധ്യതാ പഠനം നടത്തുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
4	51	തദ്ദേശസ്വയംഭരണം	സംയോജിത ഭവന നിർമ്മാണ ചേരിവികസന പരിപാടിയുടെ കീഴിൽ കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ പൊന്നാനി മുനിസിപ്പാലിറ്റി നിർമ്മിച്ച 120 വീടുകളുടെ തറവിസ്തീർണ്ണം ഓരോന്നിനും 26.68 ച.മീ. മാത്രമായതിനാൽ ആയവ മനുഷ്യവാസത്തിന് യോഗ്യമല്ലെന്നും അതിലൂടെ 2.89 കോടി രൂപ പാഴായതായും സമിതി മനസ്സിലാക്കുന്നു. സമൂഹത്തിലെ താഴെത്തട്ടിലുള്ള 120 മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതിന് ലക്ഷ്യമിട്ട് തുടങ്ങിയ ഒരു പദ്ധതിയിൽ 10 വർഷത്തിന് ശേഷവും ആരെയും താമസിപ്പിക്കാൻ കഴിയാത്തത് മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നുള്ള വലിയ വീഴ്ചയായി സമിതി ചൂണ്ടിക്കാണിക്കുന്നു. മത്സ്യത്തൊഴിലാളികൾ, പട്ടികജാതി/ പട്ടികവർഗ്ഗക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ച് നൽകുമ്പോഴുണ്ടാകുന്ന ഇത്തരം സാഹചര്യങ്ങൾ

			ഗൗരവമേറിയ ഒന്നാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈക്കോടതിയിലെയും വിജിലൻസ് കോടതിയിലെയും കേസ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെടുന്നതോടൊപ്പം ടി വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമവശം പരിശോധിച്ച് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പകരം സംവിധാനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യു.
5	52	തദ്ദേശസ്വയംഭരണം	പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സാങ്ഷൻ നൽകിയതിലും ഇംപ്ലിമെന്റ് ചെയ്തതിലും ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
6	64	തദ്ദേശസ്വയംഭരണം	ആലപ്പുഴ മുനിസിപ്പാലിറ്റി ജനസാന്ദ്രതയേറിയ നാല് സ്ഥലങ്ങളിൽ കെൽട്രോൺ മുഖേന സ്ഥാപിച്ച ഇ-ടോയ്‌ലെറ്റുകളിൽ ഒന്നുപോലും ഉപയോഗയോഗ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഇ-ടോയ്‌ലെറ്റുകൾ കെൽട്രോൺ പ്രവർത്തന ക്ഷമമാക്കുകയോ മുനിസിപ്പാലിറ്റിക്ക് കൈമാറുകയോ ചെയ്തിട്ടില്ലെങ്കിലും ഈയിനത്തിൽ 17.56 ലക്ഷം രൂപ കയ്യപ്പറ്റിയിട്ടുണ്ട്. ഇ-ടോയ്‌ലെറ്റ് പദ്ധതി പ്രകാരം കെൽട്രോൺ സ്ഥാപിച്ച ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തവിധം നശിച്ചുപോയതിനാൽ ഇതിനായി

			ചെലവഴിച്ച തുക കെൽട്രോണിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെയും ഇ-ടോയ്‌ലെറ്റുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാതെ 90 ശതമാനം തുകയും കെൽട്രോണിന് നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇ-ടോയ്‌ലെറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടൊപ്പം ഇവയുടെ പ്രവർത്തനം, ഉപയോഗം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കേണ്ടത് അനിവാര്യമായ ഘടകമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇത്തരം പദ്ധതികളുടെ വിജയകരമായ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.
7	65	തദ്ദേശസ്വയംഭരണം	ഇ-ടോയ്‌ലെറ്റ് പദ്ധതികൾ പൂർണ്ണമായ വിജയം കൈവരിക്കാതിരിക്കുന്ന സാഹചര്യം സംജാതമായിട്ടും ഇവയുടെ തകരാറുകൾ പരിഹരിച്ച് ഉപയോഗക്ഷമമാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം നടപടികൾ പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നതിനും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിഘാതം സൃഷ്ടിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു.
8	66	തദ്ദേശസ്വയംഭരണം	ഭാവിയിൽ ഇത്തരം പ്രോജക്ടുകൾക്ക് അനുമതി

			നൽകുന്നതിന് മുൻപ് നിലവിലുള്ള ഇ-ടോയ്‌ലെറ്റുകളുടെ പ്രവർത്തനം, നടത്തിപ്പ് മുതലായവ സംബന്ധിച്ച് വ്യക്തമായ പഠനം നടത്തണമെന്നും ഇത്തരം പദ്ധതികൾക്കായി ഫണ്ടുകൾ അനുവദിക്കുമ്പോൾ തദ്ദേശസ്വയംഭരണ-ധനകാര്യ വകുപ്പുകൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടതാണെന്നും സാങ്കേതിക പരിജ്ഞാനമില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തരം പദ്ധതികൾ ഏൽപ്പിക്കുന്നതിന് പകരം പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക പരിജ്ഞാനം ഉള്ള സ്ഥാപനങ്ങളെ മാത്രമേ പദ്ധതികളുടെ നടത്തിപ്പിനായി പരിഗണിക്കാൻ പാടുള്ളൂവെന്നും സമിതി നിർദ്ദേശിക്കുന്നു.
9	67	തദ്ദേശസ്വയംഭരണം	പദ്ധതികൾ ഏറ്റെടുക്കുകയും എന്നാൽ കൃത്യമായി കാര്യങ്ങൾ നടപ്പാക്കാതിരിക്കുകയും അതോടൊപ്പം കരാർ വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
10	68	തദ്ദേശസ്വയംഭരണം	പൊതുമേഖലാ സ്ഥാപനങ്ങൾ പദ്ധതി ഏറ്റെടുക്കുകയും ഡയറക്ട് പർച്ചേയ്സ് അനുമതിക്ക് വിരുദ്ധമായി ഏതെങ്കിലുമൊരു തേർഡ് പാർട്ടിയിൽനിന്ന് സാധനങ്ങൾ വാങ്ങുകയും അവരുടെ പ്രവർത്തനചെലവ് കൂടി ചേർത്ത് വില ഈടാക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രോജക്ട് കൊടുക്കുകയും എന്നാൽ ടി സ്ഥാപനം കമ്മീഷൻവാങ്ങി മറ്റുള്ളവരെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്യുന്ന നടപടിയിൽ സമിതി കടുത്ത

			അതൃപ്തി രേഖപ്പെടുത്തുന്നു.
11	69	ധനകാര്യം	പൊതുമേഖലാ സ്ഥാപനങ്ങൾ കരാറെടുക്കുന്ന പല പദ്ധതികൾക്കും കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പ്രയോജനം ഉണ്ടാകാതെ പല പഞ്ചായത്തുകളിലും അവശേഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതുസംബന്ധിച്ച് ധനകാര്യവകുപ്പ് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
12	70	തദ്ദേശസ്വയംഭരണം	പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ച ഉദ്ദേശ്യം വച്ച് നൽകുന്ന കരാറുകൾ ശരിയാംവണ്ണം നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ നല്ല പ്രവർത്തന നിലവാരത്തിലേക്ക് ഉയർത്തുന്നതിനും പര്യാപ്തമായ നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
13	93	തദ്ദേശസ്വയംഭരണം	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായതിനാൽ ഇതിനാവശ്യമായ തുക പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
14	94	തദ്ദേശസ്വയംഭരണം	പബ്ലിക് യൂട്ടിലിറ്റിയുള്ള പദ്ധതികളിന്മേൽ വരുന്ന ആവർത്തന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഓൺ ഫണ്ട് ഇല്ലാത്ത പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള

			നിർജ്ജീവ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
15	95	തദ്ദേശസ്വയംഭരണം	ഒരു പ്രോജക്ട് നടപ്പിലാക്കിയാലുണ്ടാകുന്ന സോഷ്യൽ ഇംപാക്ട് മുന്നിൽ കണ്ടുവേണം തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്നും പ്രോജക്ട് തുടങ്ങുന്നതിനുമുമ്പ് ഇതു സംബന്ധിച്ച സാധ്യതാ പഠനം നടത്തിയാൽ തടസ്സങ്ങൾ ഒഴിവാക്കാൻ കഴിയുമെന്നും സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനും ആയതിനായി സ്ഥലം കണ്ടെത്തിയതിനും ശേഷം മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് ഇംപ്ലിമെന്റേഷന് ആവശ്യമായ മെഷീനറികൾ വാങ്ങാൻ പാടുള്ളൂവെന്ന് സമിതി നിർദ്ദേശിക്കുന്നു.

അനുബന്ധം – II
-106-
59

അനുബന്ധം - II

2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി&എജി റിപ്പോർട്ടിലെ അധ്യായം III ലെ 3.3 മുതൽ 3.8 വരെ ഖണ്ഡിക പരാമർശങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാരനടപടിപത്രിക

ക്രമ നമ്പർ	സി&എജി റിപ്പോർട്ട് വർഷം	ഓഡിറ്റ് പാര നം.	ഓഡിറ്റ് പരാമർശം	നടപടി വിവരം
1	2015	3.3	**അനുചിതമായ സ്ഥലം തെരഞ്ഞെടുത്തത് മൂലം ₹60 ലക്ഷത്തിന്റെ പാഴ്ച്ചെലവ്** **അനുചിതമായ സ്ഥലം തെരഞ്ഞെടുപ്പും തൻമൂലമുണ്ടായ കരാർ റദ്ദാക്കലും കാരണം (കരാറുകാരന് ഉടമ്പടിക്കതീതമായി ₹46.10 ലക്ഷത്തിന്റെ അനർഹമായ ആനുകൂല്യം നൽകിയതടക്കം) കെ.എസ്.യു.ഡി.പിയുടെ ₹60 ലക്ഷത്തിന്റെ പാഴ്ച്ചെലവ്.** 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിലെ 11-ാം വകുപ്പ് സംസ്ഥാനത്തിലെ തണ്ണീർത്തടങ്ങൾ നികത്തുന്നത് നിരോധിക്കുകയും നീർത്തടങ്ങൾ തത്സ്ഥിതിയിൽ നിലനിർത്തുവാൻ നിഷ്കർഷിക്കുകയും ചെയ്യുന്നു. കോഴിക്കോട് നഗരത്തിലെ അഴുക്കുചാൽ ശൃംഖല	1980 കളിൽ PHED ഏറ്റെടുത്ത 90 ഏക്കർ സ്ഥലത്തിൽ ഉൾപ്പെട്ടിരുന്ന ഭാഗമാണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നത്. കോഴിക്കോട് കോർപ്പറേഷനിലെ സീവേജ് സംസ്കരണത്തിനായി Oxidation Pond നിർമ്മിക്കുന്നതിനു വേണ്ടിയായിരുന്നു ഈസ്ഥലം ഏറ്റെടുത്തത്.പഴയ രീതിയനുസരിച്ച് സീവേജ് കൈകാര്യം ചെയ്തിരുന്നത് വലിയ Oxidation Pond നിർമ്മിച്ചായിരുന്നു. അതിനായി കൂടുതൽ സ്ഥലവും ആവശ്യമായിരുന്നു. എന്നാൽ നൂതന സാങ്കേതിക വിദ്യ അനുസരിച്ച് നിർമ്മിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ചെറുതായതിനാൽ വളരെക്കുറച്ച് സ്ഥലം മാത്രമേ

			വികസിപ്പിക്കുന്നതിന്റെ ഭാഗമായി, കരിമ്പനപ്പാലത്തിനടുത്ത് ₹7.49 കോടിയുടെ അടങ്കൽ മതിപ്പിൽ 27 എംഎൽഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർദ്ദിഷ്ട സ്ഥലം വികസിപ്പിക്കുന്നതിനും അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുമുള്ള ഉടമ്പടി കേരള സസ്റ്റയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ (കെ എസ് യുഡിപി) പ്രോഗ്രാം ഇംപ്ളിമെന്റേഷൻ യൂണിറ്റ് (പിഐയു) പ്രോജക്ട് മാനേജർ, കോഴിക്കോട് ഒരു കരാറുകാരനുമായി ഒപ്പുവെച്ചു. (2012 ജൂൺ) ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം, കരാറുകാരൻ സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടിക്കനുസൃതമായി 2012 ജൂലൈയിലും ഒക്ടോബറിലുമായി രണ്ട് തവണകളായി ₹74.19 ലക്ഷത്തിന്റെ മൊബിലൈസേഷൻ അഡ്വാൻസ് നൽകി. 2012 ജൂൺ മുതൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ഒൻപത് മാസമായിരുന്നു. കോട്ടൂളി തണ്ണീർത്തടത്തിലെ കണ്ടൽക്കാടുകളുള്ളതും വർഷം മുഴുവൻ വെള്ളം കെട്ടികിടക്കുന്നതുമായ 6.76 ഏക്കർ തണ്ണീർത്തടമാണ് പദ്ധതിക്കായി കണ്ടെത്തിയ സ്ഥലം. നിർദ്ദിഷ്ട പദ്ധതി പ്രദേശം തണ്ണീർത്തടമായതിനാൽ കണ്ടൽക്കാടുകളുടെ നശീകരണവും, വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശം മണ്ണിട്ടുനികത്തലും അനിവാര്യമാക്കുകയും അത് കോട്ടൂളി തണ്ണീർത്തട സംരക്ഷണ സമിതി എന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സംഘടനയുടെ നേതൃത്വത്തിലുള്ള ജനകീയ പ്രതിഷേധത്തിലേയ്ക്ക് നയിക്കുകയും ചെയ്തു. അതിനാൽ കോഴിക്കോട് സരോവരം പാർക്കിനടുത്ത് ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മറ്റൊരു സ്ഥലം നിർദ്ദിഷ്ട പദ്ധതിക്കായി തെരഞ്ഞെടുത്തു (	ആവശ്യമായി വരുന്നുള്ളു. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തെക്കുറിച്ച് സമീപ പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് അറിവുണ്ടായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്. 2008 ൽ നിലവിൽ വന്ന " conservation of Paddy and wet Land Act" പ്രകാരം പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണത്തിന് അനുവാദം ലഭിക്കുന്നതിനായി അപേക്ഷ നൽകുകയും, G.O(Ms)6/13/Env.1 Dated 03/07/2013 പ്രകാരം അനുമതി ലഭ്യമാക്കി. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഈ സ്ഥലത്ത് ആരംഭിക്കുന്ന വിവരം പ്രദേശ വാസികൾക്ക് നേരത്തേ തന്നെ അറിവുണ്ടായിരുന്നതിനാൽ പ്രസ്തുത പ്ലാന്റിന്റെ വിശദമായ എഞ്ചിനീയറിങ്ങ് റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ അവരുടെ പ്രതിഷേധം ഉണ്ടായിരുന്നില്ല. എന്നാൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചതോടെ അവർ പ്രതിഷേധം ആരംഭിച്ചു. പോലീസ് സുരക്ഷയോടെയും, പണികൾ മുന്നോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്നതോടെ പ്രസ്തുത

-102-

3 -61-

			ആഗസ്റ്റ് 2014) തുടർന്ന് എംപവേർഡ് കമ്മിറ്റി നിലവിലുള്ള കരാർ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അവസാനിപ്പിക്കാനും, കരാറിലെ ബാധ്യതകൾക്കനുസൃതമായി കണക്കുകൾ അന്തിമമായി തീർപ്പാക്കാനും തീരുമാനിച്ചു(ആഗസ്റ്റ് 2014) ഇതനുസരിച്ച് സെപ്റ്റംബർ 2014 ന് പി.ഐ.യുവിന്റെ പ്രോജക്റ്റ് മാനേജർ കരാർ റദ്ദാക്കി. കരാർ അവസാനിപ്പിച്ചതിന്റെ ഭാഗമായി മുൻകൂർ നൽകിയ മൊബിലൈസേഷൻ അഡ്വാൻസിൽ നിന്നും മൊത്തം 60 ലക്ഷം തട്ടിക്കിഴിച്ച് ബാക്കിയുള്ള ₹ 14.19 ലക്ഷം കരാറുകാരൻ കെ.എസ്.യു.ഡി.പിയിൽ തിരികെയടച്ചു. നഗരകാര്യ വകുപ്പ് സെക്രട്ടറിയും കരാറുകാരനുമായുള്ള മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ഒറ്റതവണയായി തുക നൽകാനുള്ള തീരുമാനമുണ്ടാകുകയും തുടർന്ന് എംപവേർഡ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തത് (ഏപ്രിൽ 2015). കരാറിലെ പൊതു വ്യവസ്ഥകൾ (നിബന്ധന 58.2) നിഷ്കർഷിക്കുന്ന പ്രകാരം തൊഴിൽ ദാതാവിന്റെ സൗകര്യ പ്രകാരം കരാർ അവസാനിപ്പിച്ചാൽ, ചെയ്ത പ്രവൃത്തിയുടെ മൂല്യം, ഓർഡർ ചെയ്ത വസ്തുവിന്റെ മൂല്യം, സാമഗ്രികൾ നീക്കം ചെയ്ത ചെലവ്, പ്രവൃത്തിക്ക് വിന്യസിക്കപ്പെട്ട കരാറുകാരന്റെ തൊഴിലാളികളുടെ പുനരധിവാസം മുതലായവയ്ക്ക് പ്രോജക്റ്റ് മാനേജർ ഒരു സാക്ഷ്യപത്രം നൽകി കണക്കുകൾ തീർപ്പാക്കേണ്ടതാണ്. ഇതനുസരിച്ച് കരാറുകാരനുമായുള്ള തർക്കം ഒത്തു തീർപ്പാക്കുന്നതിന് പ്രോജക്റ്റ് മാനേജർ ₹13.90 ലക്ഷം മൂല്യ നിർണ്ണയം നടത്തി. കരാറിലെ വ്യവസ്ഥ പ്രകാരം പ്രോജക്റ്റ് മാനേജർ നടത്തിയ മൂല്യ നിർണ്ണയത്തിനുള്ളിൽ കരാറുകാരന്റെ പ്രതിഫലം പരിമിതിപ്പെടുത്തേണ്ടതായിരുന്നു.	കരാർ pre- close ചെയ്യേണ്ടിവന്നു. മേൽപ്രവൃത്തിയുടെ pre-closure –നായി കെ.എസ്.യു.ഡി.പി പ്രൊജക്ട് മാനേജർ assess ചെയ്ത് 13.90 ലക്ഷം രൂപയുടെ സ്ഥാനത്ത് 60.00 ലക്ഷം രൂപ കരാറുകാരന് നൽകിയതിനാണ് ഓഡിറ്റ് പരാമർശം വന്നിട്ടുള്ളത്. പല മേഖലകളിൽ തങ്ങളുടെ യഥാർത്ഥ നഷ്ടം കണക്കാക്കിയിട്ടില്ല എന്ന് സൂചിപ്പിച്ച് കരാറുകാരൻ കെ.എസ്.യു.ഡി.പി assess ചെയ്ത തുകയിൽ വിയോജിച്ചു. 2.94 കോടി രൂപയുള്ളതായിരുന്നു അവരുടെ claim. കെ.എസ്.യു.ഡി.പി യുടെ assessment നിരാകരിച്ചതിന് പുറമേ കരാറുകാരൻ കോടതിയെ സമീപിക്കുമെന്ന് അറിയിച്ചു. അതിനാൽ പ്രശ്നത്തിന് തീർപ്പ് വരുത്തുന്നതിനായി പ്രൊജക്ട് ഡയറക്ടർ കരാറുകാരനുമായി ഒരു യോഗം വിളിച്ചു ചേർത്തെങ്കിലും കരാറുകാരൻ settlement ന് തയ്യാറായില്ല. ഈ കാര്യം Secretary, LSGD (Urban) യുടെ തീരുമാനത്തിന് വിടുകയും കരാറുകാരനുമായി നടത്തിയ

			അങ്ങനെ തർക്കപരിഹാരം കരാറിന്റെ പരിധിക്ക് അതീതമായി നടത്തിയതിനാൽ കരാറുകാരന് 46.10 ലക്ഷത്തിന്റെ അനർഹമായ നേട്ടം ലഭിച്ചു. മാത്രവുമല്ല അനുചിതമായ സ്ഥലം തെരഞ്ഞെടുത്തതും അതിനാലുള്ള കരാർ റദ്ദാക്കലും കാരണം മൊത്തം ചെലവായ ₹60 ലക്ഷം പാഴായി. ഓഡിറ്റ് നിരീക്ഷണങ്ങൾക്കുള്ള മറുപടിയിൽ കരാർ ഉടമ്പടിയിലെ നിബന്ധനകൾ പ്രകാരം പരിഹരിക്കുവാനായാണ് ₹60 ലക്ഷം കരാറുകാരന് നൽകിയതെന്ന് കെഎസ്.യു.ഡി.പിയുടെ പ്രോജക്റ്റ് ഡയറക്ടർ അറിയിച്ചു (മാർച്ച് 2016) എന്നാൽ തർക്കം രമ്യമായി പരിഹരിക്കാനായി നിബന്ധന 58.2 ന്റെ വ്യവസ്ഥകൾ ഇളവ് ചെയ്യുന്നതിനും പ്രോജക്റ്റ് മാനേജർ നടത്തിയ മൂല്യ നിർണ്ണയത്തിലുമധികം തുക നൽകുന്നതിനും കരാറിലെ നിബന്ധന 24 അനുവദിക്കുന്നില്ലെന്നതുകൊണ്ട് മറുപടി തൃപ്തികരമല്ല. 2016 ജനുവരിയിൽ ഇക്കാര്യം സർക്കാരിനെ അറിയിച്ചു ; മറുപടി ലഭിച്ചിട്ടില്ല.	negotiation നിൽ 60.00 ലക്ഷം രൂപ reasonable ആയി കണക്കാക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ എംപവേർഡ് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യുകയും settlement claim ആയി 60.00 ലക്ഷം രൂപ കരാറുകാരന് നൽകാൻ തീരുമാനിക്കുകയും ചെയ്തു .
2	2015	3.4	**ഇഷ്ടിക നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണത്തിലുണ്ടായ ₹31.68 ലക്ഷത്തിന്റെ നിഷ്ഫല ചെലവ്.** **അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നിട്ടും ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിലെ അലംഭാവം മൂലം ₹ 31.68 ലക്ഷത്തിന്റെ നിഷ്ഫല ചെലവ്.**	പുത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 28.12.2010 ലെ 5(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വനിതകൾക്ക് നാടൻ ഇഷ്ടിക നിർമ്മാണത്തിന് കെട്ടിടം നിർമ്മിക്കലും, മെഷിനറി

			ആറ് പട്ടികജാതി വനിതകൾക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിലേയ്ക്ക്, ആനക്കുഴിയിലെ വനിതാ വ്യവസായ കേന്ദ്രത്തിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ 2010-11 ൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് ₹20.65 ലക്ഷത്തിന്റെ പദ്ധതി ആവിഷ്കരിച്ചു. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും യഥാക്രമം 2010 ഡിസംബറിലും, 2011 ഫെബ്രുവരിയിലും ലഭിച്ചു. ഷെഡ്ഡും ചൂളയും നിർമ്മിക്കുക, കുഴൽകിണർ കുഴിക്കുക, യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കുക എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട്, 2011-12 ൽ, ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ട്, എംപിഎൽഎഡി പദ്ധതിയിൽ ലഭിച്ച തുക എന്നിവ ചെലവാക്കി 11 കെ വി,വൈദ്യുതി ലൈൻ നീട്ടാനും നിർദ്ദിഷ്ട സ്ഥലത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കാനും തീരുമാനിച്ചു. 2011 മാർച്ചിൽ ദർഘാസുകൾ ക്ഷണിക്കുകയും ₹6.92 ലക്ഷത്തിന് യന്ത്രസാമഗ്രികൾ വാങ്ങുകയും ചെയ്തു. എല്ലാ നിർമ്മാണ പ്രവൃത്തികളും, കുഴൽകിണർ കുഴിക്കലും (₹11.88 ലക്ഷം) 2012 ഏപ്രിലിൽ പൂർത്തീകരിച്ചു. ₹12.88 ലക്ഷം (പ്ലാൻ ഫണ്ട് ₹7.88 ലക്ഷം എംപിഎൽഎഡി ₹5 ലക്ഷം) ചെലവഴിച്ച് പണി സ്ഥലത്ത് ട്രാൻസ്ഫോമറും സ്ഥാപിച്ചു. എച്ച്റ്റി കണക്ഷൻ. യന്ത്രസാമഗ്രികളിൽ ചില ഇനങ്ങളായ 30 എച്ച്പി മോട്ടോർ, ട്രോളി,പുള്ളി എന്നിവയുടെ സ്ഥാപനം തുടങ്ങിയ പണികൾ, പൂർത്തീകരിക്കാനുള്ളതിനാലാണ് പദ്ധതി പ്രവർത്തനക്ഷമമാകാത്തത് എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു.	സ്ഥാപിക്കലും എന്ന പദ്ധതി വിഭാവനം ചെയ്യുകയും 2010 ഡിസംബറിൽ ഭരണാനുമതിയും 2011 ഫെബ്രുവരിയിൽ സാങ്കേതികാനുമതിയും ലഭിച്ചു. മെഷിനറിയും അനുബന്ധ സാമഗ്രികളും സപ്ലൈ ചെയ്യുന്നതിന് സി.സി എഞ്ചിനീയറിംഗ് വർക്സ്, അവിണിശ്ശേരി എന്ന സ്ഥാപനത്തിന്റെ 6,91,550/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ടി തുക 20.03.2011 -ൽ 02881 നമ്പർ ഡി.ഡി യായി ടി സ്ഥാപനത്തിന് നൽകിയിട്ടുള്ളതുമാണ്. ഷെഡ്, ചൂള. കുഴൽകിണർ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ 2012 മാർച്ചിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആയതിന് 11.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇഷ്ടിക നിർമ്മാണ യൂണിറ്റിലേക്ക് 11 കെ.വി ഇലക്ട്രിക് ലൈൻ ആവശ്യമായതിനാൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി എം.പി ഫണ്ടിൽ നിന്നും 5,00,000/- (അഞ്ചു ലക്ഷം) രൂപ അനുവദിച്ചിരുന്നു. ടി തുക മതിയാകുകയില്ല എന്ന് കെ.എസ്.ഇ.ബി അധികൃതർ

			പണി സ്ഥലത്ത് ഉണ്ടായിരുന്ന യന്ത്രസാമഗ്രികൾ ഉപേക്ഷിക്കപ്പെട്ടതും തുരുമ്പെടുത്തതുമായ സ്ഥിതിയിലായിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, മോഷണം പോകുന്നത് ഒഴിവാക്കാനായി 30 എച്ച് പി മോട്ടോറും, അനുബന്ധ സാമഗ്രികൾ/ഉപകരണങ്ങൾ തുടങ്ങിയവ സപ്ളെയറുടെ കൈവശം സുരക്ഷിതമായി സൂക്ഷിച്ചിരിക്കുകയാണ് എന്ന് പുത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. യന്ത്ര സാമഗ്രികൾ പഞ്ചായത്തിന്റെ കൈവശവും സൂക്ഷിപ്പിലും ഇല്ലാതിരിക്കെ, അവ ലഭിക്കുന്നതിന് മുമ്പായി അവയുടെ വില സപ്ളൈയർക്ക് നൽകിയത് ശരിയല്ലാത്തതിനാൽ സെക്രട്ടറിയുടെ മറുപടി സ്വീകാര്യമല്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നിട്ടും പദ്ധതി പൂർത്തീകരിക്കാത്തതിന് വ്യക്തമായ കാരണങ്ങളൊന്നും തന്നെ സെക്രട്ടറി വെളിപ്പെടുത്തിയില്ല. എച്ച് റ്റി കണക്ഷൻ നൽകുന്നതിനും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൃത്യസമയത്ത് നടപടി സ്വീകരിച്ചിരുന്നെങ്കിൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങാമായിരുന്നു. പദ്ധതി പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിലുള്ള ഗ്രാമ പഞ്ചായത്തിന്റെ അലംഭാവം മൂലം പട്ടികജാതി വനിതകൾക്ക് തൊഴിൽ ലഭിക്കാതെ പോയത് കൂടാതെ ₹31.68 ലക്ഷം ചെലവഴിച്ചത് നിഷ്ഫലമാവുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകൾ സ്ഥിരീകരിച്ചുകൊണ്ട്	അറിയിച്ചതിനെ തുടർന്ന് ബാക്കിയുള്ള തുകയായ 7,87,500/- രൂപയ്ക്ക് പ്രോജക്ട് തയ്യാറാക്കുകയും തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യുകയുമുണ്ടായി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി 2012 ഫെബ്രുവരിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്ഥലത്ത് ഷെഡ്, ചൂള, ബോർവെൽ എന്നിവ നിർമ്മിച്ചിട്ടുള്ളതും ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളതുമാണ്. സൈറ്റിൽ ഒരു ഭാഗത്ത് മണ്ണ് കൂട്ടിയിട്ടുള്ളതായി കാണുന്നുണ്ട്. മെഷിനറി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. പഞ്ചായത്തിൽ പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷം 22.01.2016 -ൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ യൂണിറ്റ് പ്രവർത്തന സജ്ജമാക്കു ന്നതിന് നിലവിൽ സാധ്യമാണോ യെന്നത് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ.എസ്.ജിഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ടി പ്രോജക്ട് പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായിട്ടുള്ള കളിമണ്ണ് ലഭിക്കുന്നതിന് ധാരാളം തടസ്സങ്ങളും നിലവിൽ ഉണ്ട്.

			യന്ത്രസാമഗ്രികൾ ഇനി ഉപയോഗപ്പെടുത്തുവാനുള്ള സാധ്യത സംശയകരമാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു (2016 മാർച്ച്). ഇത്തരം അലംഭാവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു എന്നും കൂട്ടിച്ചേർത്തു. ഇക്കാര്യം ജനുവരി 2016-ൽ സർക്കാരിനെ അറിയിച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.	അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് കമ്മിറ്റി പ്രസ്തുത പ്രോജക്ട് പ്രാവർത്തികമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.
4	2015	3.5	**ചണച്ചാക്ക് നിർമ്മാണ പദ്ധതിയിൻമേലുള്ള നിഷ്ക്രിയമായ നിക്ഷേപം** **യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനും ₹15.70 ലക്ഷം ചെലവാക്കിയിട്ടും ചണച്ചാക്ക് നിർമ്മാണ പദ്ധതി സ്ഥാപിക്കുന്നതിൽ കാലടി ഗ്രാമ പഞ്ചായത്ത് പരാജയപ്പെട്ടു.** ഗ്രാമ പഞ്ചായത്തിലും സമീപത്തുള്ള മറ്റു പഞ്ചായത്തുകളിലും പ്രവർത്തിക്കുന്ന നിരവധി അരിമില്ലുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പഞ്ചായത്തിലെ ഒരു വ്യവസായ എസ്റ്റേറ്റിൽ ചണച്ചാക്ക് നിർമ്മാണ പദ്ധതിക്ക് കാലടി ഗ്രാമ പഞ്ചായത്ത് 2008-09 കാലയളവിൽ രൂപം നൽകി. ചണച്ചാക്ക് നിർമ്മാണ യൂണിറ്റിനു വേണ്ടിയുള്ള യന്ത്ര സാമഗ്രികൾ ₹8.67 ലക്ഷത്തിനും (2008 മാർച്ച്-ജൂൺ) അസംസ്കൃത വസ്തുക്കൾ 2009 മാർച്ചിൽ ₹7.03 ലക്ഷത്തിനും വാങ്ങുകയും ചെയ്തു. 2009 ജൂലൈയിൽ ചാക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട 32 സ്ത്രീകൾക്കുള്ള പരിശീലനം ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസ്, അങ്കമാലിയിൽ വെച്ച് ഗ്രാമ പഞ്ചായത്ത് നൽകുകയും ചെയ്തു.	ചണചാക്ക് നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിന് പ്രതികൂല സാഹചര്യം നിലനിൽക്കുന്നതിനാൽ ഉണ്ടായ നഷ്ടം നികത്തുന്നതിനായി ടി ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനും, കുടുംബശ്രീ. മറ്റു വ്യവസായ സംരംഭങ്ങൾ എന്നിവയ്ക്കായി നൽകുന്നതിനും അനുമതിക്കായി 8/09/2016ാം തീയതിയിലെ 09-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ് .

			യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങിയിട്ടും പരിശീലനം നൽകിയിട്ടും ഗ്രാമ പഞ്ചായത്തിന് പദ്ധതി നടത്തിപ്പിൽ 2012 മേയ് വരെ ഒരു പുരോഗതിയുമുണ്ടാക്കാനായില്ല. 2012 മേയിൽ ചണച്ചാക്ക് നിർമ്മാണ യൂണിറ്റിനായി ഗ്രാമ പഞ്ചായത്ത് ഒരു ബൈലാ രൂപീകരിച്ചു. അതിൻപ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കാലടിയിലെ കുടുംബശ്രീ സിഡിഎസ് ഗ്രൂപ്പുകൾ പദ്ധതി നടത്തുകയും അടച്ച തീർത്തതും പ്രവർത്തനത്തിന് ആവശ്യമായ മൂലധനം ഗ്രാമ പഞ്ചായത്ത് നൽകുന്നതും ചീഫ് പ്രൊമോട്ടറെയും മറ്റ് ഭരണ നിർവ്വഹണ ചുമതലയുള്ള ഭാരവാഹികളെയും ഗ്രാമ പഞ്ചായത്തിന്റെ തീരുമാനപ്രകാരം നിയമിക്കുകയും ചെയ്യുന്നതായിരിക്കും. 2012 ജൂലൈയിൽ പഞ്ചായത്ത് ഡയറക്ടർ ബൈലാ അംഗീകരിച്ചു. യൂണിറ്റിന്റെ പരീക്ഷണ പ്രവർത്തനം 2013 ഏപ്രിലിൽ നടത്തി. ചീഫ് പ്രൊമോട്ടറെ (സിപി) നിയമിച്ചിരുന്നുവെങ്കിലും (2013 മെയ്), യൂണിറ്റ് വരുത്തിവെക്കുന്ന ഏതു തരത്തിലുള്ള നഷ്ടത്തിനും സിപി മാത്രമായിരിക്കും ഉത്തരവാദി എന്ന ബൈലായിലെ ഒരു നിബന്ധനയിൽ പ്രതിഷേധിച്ച് 2013 നവംബറിൽ അദ്ദേഹം രാജിവച്ചു. അതിനുശേഷം പദ്ധതി ആരംഭിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് ഒരു പുരോഗതിയും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. യന്ത്ര സാമഗ്രികൾ തുരുമ്പ് പിടിച്ച അവസ്ഥയിൽ വെറുതേ കിടക്കുകയാണ്. 2008-ൽ യന്ത്ര സാമഗ്രികൾ വാങ്ങുകയും അതിന്റെ പണം കൊടുക്കുകയും ചെയ്തിട്ടുപോലും അഞ്ചു വർഷത്തെ കാലവിളംബം കഴിഞ്ഞ് 2013 ഏപ്രിലിലാണ് യന്ത്രസാമഗ്രികളുടെ പരീക്ഷണ പ്രവർത്തനം നടത്തിയത്. 2009 മാർച്ചിൽ വാങ്ങിയ ₹7.03 ലക്ഷം വില മതിക്കുന്ന	

			അസംസ്കൃത വസ്തുക്കൾ യൂണിറ്റിൽ നിഷ്ക്രിയമായി കിടക്കുകയാണ്. ₹0.62 ലക്ഷം വില മതിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഒരു ഭാഗം കളവ് പോയതായി (2013 നവംബർ) ഗ്രാമ പഞ്ചായത്ത് റിപ്പോർട്ട് ചെയ്തു. ചീഫ് പ്രമോട്ടർ രാജിവച്ചതിനുശേഷം പുതിയ ചീഫ് പ്രമോട്ടറെ നിയമിക്കുകയോ ബൈലായിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയോ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമാക്കി സാക്ഷാത്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഉദാസീനമായ സമീപനം നിമിത്തം കഴിഞ്ഞില്ല. കെട്ടിടം പണിതിട്ടും യന്ത്രസാമഗ്രിയും അസംസ്കൃത വസ്തുക്കളും വാങ്ങിയിട്ടും പരിശീലനം നൽകിയിട്ടും ചണചാക്ക് നിർമ്മാണ പദ്ധതി സ്ഥാപിക്കുന്നതിൽ കാലടി ഗ്രാമ പഞ്ചായത്ത് പരാജയപ്പെട്ടതിനാൽ ₹15.70 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ഫലമായി. തുടർച്ചയായി വന്ന ഭരണ സമിതികൾ യൂണിറ്റിന്റെ പ്രവർത്തനം സാക്ഷാത്കരിക്കുന്നതിനുള്ള തുടർനടപടികൾ ഒന്നും എടുത്തിട്ടില്ലെന്ന് വസ്തുതകൾ സ്ഥിരീകരിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു (2016 മാർച്ച്). 2016-17 വർഷത്തെ പദ്ധതി രൂപീകരിക്കുമ്പോൾ ചാക്ക് നിർമ്മാണ യൂണിറ്റിനുള്ള പദ്ധതി ഉൾപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചതായും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്ന മുറയ്ക്ക് യൂണിറ്റുകൾ നവീകരിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു. ഈ പദ്ധതി 2008-09 കാലയളവിൽ തന്നെ അംഗീകരിച്ചിട്ടുള്ളതിനാലും യന്ത്രസാമഗ്രികളും അസംസ്കൃത	

			വസ്തുക്കളും വാങ്ങുന്നതിനും, പരിശീലനം നൽകുന്നതിനുമായി ₹15.70 ലക്ഷം ചെലവാക്കിയിട്ടുള്ളതിനാലും, ആവിഷ്കരിച്ച് എട്ടു വർഷത്തിനുശേഷവും അത് പ്രാവർത്തികമാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലും മറുപടി സ്വീകാര്യമല്ല. 2016 ജനുവരിയിൽ ഇക്കാര്യം സർക്കാരിനെ അറിയിച്ചു ; മറുപടി ലഭിച്ചിട്ടില്ല.	
5	2015	3.6	**ഐഎച്ച്എസ്ഡിപിയുടെ ഒരു പുനരധിവാസ പദ്ധതിയിലെ നിഷ്ഫല ചെലവ്** **അനുവദനീയമായ ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണത്തിലും കുറഞ്ഞ അളവിൽ പുനരധിവാസ പാക്കേജിലെ ഭവനങ്ങൾ നിർമ്മിച്ചത്, പൊതുജന പ്രതിഷേധത്തിനും പണി നിലച്ചുപോകുന്നതിനും ഇടയാക്കുകയും ₹2.89 കോടി പാഴ്ചെലവാകുകയും ചെയ്തു.** നഗരപ്രദേശങ്ങളിലെ ചേരിനിവാസികളെ ക്ലസ്റ്ററുകളിലായി പുനരധിവസിപ്പിച്ചുകൊണ്ട് അനുയോജ്യമായ പാർപ്പിടവും, കുടിവെള്ളം, ഡ്രൈനേജ് എന്നീ അടിസ്ഥാന സൗകര്യങ്ങളും നൽകുക വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനായി ഭാരത സർക്കാർ തുടങ്ങിയതാണ് സംയോജിത ഭവന നിർമ്മാണ ചേരിവികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി) പരിപാടിയുടെ കീഴിൽ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണം 30 ചതുരശ്രമീറ്ററിൽ കുറവായിരിക്കരുത് എന്ന് വിഭാവനം ചെയ്യുന്നു. പൊന്നാനി മുനിസിപ്പാലിറ്റി, ഐ.എച്ച്.എസ്.ഡി.പിയുടെ കീഴിൽ കടലോരമേഖലയിൽ താമസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യതൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എംഇഎസ് കോളേജിനരികെ 120	<u>പൊന്നാനി നഗരസഭ</u> 50342227/- രൂപ അടങ്കലുള്ള (ഐ.എച്ച്.എസ്.ഡി.പി) ഭവന നിർമ്മാണത്തിൽ ആദ്യപടിയായി മത്സ്യ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 വീടുകൾ പണിതെങ്കിലും ആവശ്യമായ വിസ്തൃതി ഇല്ല എന്നും അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ഏറ്റെടുക്കാൻ തയ്യാറായിരുന്നില്ല. ഇതു സംബന്ധിച്ച് ഉണ്ടായ പരാതികളുടെ അടിസ്ഥാനത്തിൽ മൈനതല്ലൂരിൽ കോളനിയുടെ വീട്ടു നിർമ്മാണം നിർത്തിവയ്ക്കുകയാണ് ഉണ്ടായത്. പൂർത്തിയാക്കിയ വീടുകൾ ഗുണഭോക്താക്കൾക്ക് നല്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച്

			വീടുകൾ നിർമ്മിക്കുന്നതിനും, നെയ്യല്ലൂരിലെ ചേരിനിവാസികളെ പുനരധിവസിപ്പിക്കാൻ 109 വീടുകളും നിർമ്മിക്കുന്നതിനുമുള്ള ഒരു പദ്ധതി, (2007-ലെ ആദ്യമാസത്രയത്തിൽ) ആവിഷ്കരിച്ചു. രണ്ടുസ്ഥലത്തും, ഭവന നിർമ്മാണത്തിന് പുറമേ, അംഗനവാടികൾ, ആരോഗ്യകേന്ദ്രം, വായന-പഠനകേന്ദ്രം, ഓവർഹെഡ് ജലസംഭരണികൾ, സെപ്റ്റിക് ടാങ്കുകൾ, മഴവെള്ളച്ചാലുകൾ, റോഡുകൾ, അഴുക്കുചാലുകൾ, ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സാമൂഹ്യകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. പദ്ധതിയുടെ ആകെ ചെലവ് (2004 ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ്) അടിസ്ഥാനത്തിൽ ₹4.39 കോടിയായിരുന്നു. കേരള സർക്കാർ 2008 ആഗസ്റ്റിൽ ഭരണാനുമതി പുറപ്പെടുവിക്കുകയും പദ്ധതി നടപ്പാക്കാൻ നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിയമിക്കുകയും ചെയ്തു. മുനിസിപ്പാലിറ്റി 2008 ഷെഡ്യൂൾ ഓഫ് റേറ്റ്സിനെ അടിസ്ഥാനമാക്കി, ₹6.14 കോടിയുടെ അടങ്കൽ പുതുക്കി (ആഗസ്റ്റ് 2008). സംസ്ഥാനതല സാങ്കേതിക സമിതി (എസ്എൽറ്റിസി) ലംപ്സം പ്രൊവിഷൻ വച്ചിരിക്കുന്ന അനുബന്ധ പ്രവൃത്തികൾക്ക് പുതുക്കിയ അനുമതി നേടേണ്ടതാണ് എന്ന നിബന്ധനയോടെ, പദ്ധതിക്ക് സാങ്കേതിക അനുമതി നൽകി (ഒക്ടോബർ 2008.) പുതുക്കിയ സാങ്കേതിക അനുമതി ആവശ്യമായിരുന്ന അനുബന്ധ പ്രവൃത്തികൾ ഒഴിവാക്കിക്കൊണ്ട് ₹5.03 കോടി അടങ്കൽ തുകയോടെ മുനിസിപ്പാലിറ്റി ഡിസംബർ 2008-ൽ പ്രവൃത്തി ടെണ്ടർ ചെയ്തു. ₹5.53 കോടിയുടെ (അടങ്കൽ തുകയുടെ 10 ശതമാനം അധികം) 15 മാസത്തിനുള്ളിൽ	വിജിലൻസ് കേസ് നിലവിലുള്ളതും ഫയൽ വിജിലൻസിന്റെ കസ്റ്റഡിയിലുമാണ്. **കുടുംബശ്രീ.** പൊന്നാനി നഗരസഭ 2007 വർഷത്തിലാണ് ഐഎച്ച്എസ് ഡിപി പദ്ധതിയുടെ ഡിപിആർ തയ്യാറാക്കിയത്. 11.05.2007- ൽ നടന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ മുമ്പാകെയാണ് സമർപ്പിച്ച് അംഗീകാരം നേടിയത്. സെൻട്രൽ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി പൊന്നാനി നഗരസഭയുടെ ടി പദ്ധതിക്ക് 24.01.2008 -ൽ അംഗീകാരം നൽകി. യഥാകാലങ്ങളിൽ നടന്ന കോ-കോർഡിനേഷൻ കമ്മിറ്റി ടി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. പദ്ധതി പുരോഗതി 28.03.2012 -ൽ നടന്ന സെൻട്രൽ സാങ്ഷനിംഗ് കമ്മിറ്റിയും വിലയിരുത്തിയിട്ടുണ്ട്. കുടുംബശ്രീയും , നഗരകാര്യ വകുപ്പും

			പണി പൂർത്തീകരിക്കാനായി, ഒരു കരാറുകാരനെ പണി ഏൽപ്പിച്ചു (ഫെബ്രുവരി 2009). കരാറുകാരന് ഫെബ്രുവരി 2009- ൽ സ്ഥലം കൈമാറ്റം ചെയ്തു. ഓവർഹെഡ് ജലസംഭരണികളുടെ സ്ട്രക്ച്ചറുകൾ, വാതിൽപ്പാളികൾ, ജനൽപാളികൾ, ക്ലോസറ്റുകൾ എന്നിവയില്ലാതെ വീടുകളുടെ സ്ട്രക്ച്ചറുകൾ, മഴവെള്ളച്ചാലുകൾ എന്നിവ മാത്രമാണ് കരാറുകാരൻ നിർമ്മിച്ചിട്ടുള്ളത്. തുടർന്ന് മറ്റു പണികൾ ഒന്നും നടത്തിയിട്ടില്ല. നെയ്തല്ലൂരിൽ യാതൊരു നിർമ്മാണ പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മുനിസിപ്പാലിറ്റി നൽകിയ മറുപടിയിൽ വാസസ്ഥലങ്ങൾ തീരെ ചെറുതാണെന്നും മനുഷ്യവാസത്തിന് യോഗ്യമല്ലെന്നും തദ്ദേശവാസികളുടെയും കൗൺസിലർമാരുടെയും പ്രക്ഷോഭം കാരണമാണ് പണി നിർത്തിവച്ചതെന്നും അഭിപ്രായപ്പെട്ടു. വീടുകളുടെ ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണം 30 ച.മീ വേണമെന്ന് ഐഎച്ച്എസ്ഡിപി മാർഗ്ഗരേഖകൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റി തയ്യാറാക്കിയ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം 26.68 ച.മീ മാത്രമായതിനാൽ വീടുകൾ കുടുംബമായി വസിക്കാൻ അനുയോജ്യമായ വലിപ്പത്തിലല്ല എന്ന കാരണത്താൽ പൊതുജനങ്ങളുടെ പ്രതിഷേധമുണ്ടായി. അതിനുശേഷം നിർമ്മാണത്തിൽ പുരോഗതി ഉണ്ടായിട്ടില്ല. മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുള്ള കൃത്യമായ ആസൂത്രണമില്ലായ്മ മൂലം വീടുകൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനാലും പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച ₹2.89 കോടി നിഷ്ഫല ചെലവായി പരിണമിച്ചു.	കാലാകാലങ്ങളിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തി പദ്ധതിക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഐഎച്ച്എസ് ഡിപി മാർഗ്ഗരേഖയിൽ സെക്ഷൻ-4.6- ൽ വാസയോഗ്യമായ യൂണിറ്റിന്റെ വിസ്തീർണ്ണം 25 ചതുരശ്രമീറ്ററിൽ കുറയാൻ പാടുള്ളതല്ല എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ അംഗീകരിച്ച പൊന്നാനി നഗരസഭ ഐഎച്ച്എസ്ഡിപി- ഡിപിആർ പ്രകാരം 26.68 ചതുരശ്ര മീറ്റർ അംഗീകരിച്ചിട്ടുണ്ട്.

			വീട്ടുകളുടെ തറ വിസ്തീർണ്ണം ഐഎച്ച്എസ്ഡിപി മാർഗ്ഗരേഖകളിൽ നിർദ്ദേശിച്ച ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണത്തിനെക്കാൾ കുറവാണ് എന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ, ഭവന നിർമ്മാണം ടെണ്ടർ ചെയ്തത് കൺസൽട്ടന്റായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ തന്നിട്ടുള്ള രൂപകല്പനയ്ക്ക് അനുസൃതമായിട്ടാണ് എന്ന് മുനിസിപ്പാലിറ്റി മറുപടി നൽകി. പദ്ധതിയുടെ നിർവ്വഹണം മുനിസിപ്പാലിറ്റിയുടെ ചുമതലയായിരിക്കെ, ₹2.89 കോടി ചെലവാക്കിയിട്ടും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാകാത്തതിനാൽ മറുപടി അംഗീകരിക്കാനാവില്ല (മാർച്ച് 2016). ഇക്കാര്യം സർക്കാരിനെ ജനുവരി 2016-ൽ അറിയിച്ചു; മറുപടി ലഭിച്ചിട്ടില്ല.	
6	2015	3.7	**ഇ- ടോയ്‌ലറ്റിന്മേലുള്ള നിഷ്ഫലമായ ചെലവ്** **ഇ-ടോയ്‌ലറ്റുകളുടെ തകരാറുകൾ പരിഹരിച്ച് അവയെ പ്രവർത്തനക്ഷമമാക്കുന്നതിൽ ആലപ്പുഴ മുനിസിപ്പാലിറ്റി പരാജയപ്പെട്ടതുമൂലം ഈ പദ്ധതിയ്ക്കായി ചെലവഴിച്ച ₹17.56 ലക്ഷം നിഷ്ഫലമായി** ജനസാന്ദ്രത ഏറിയ മേഖലകളിൽ ഇലക്ട്രോണിക് ടോയ്‌ലറ്റ് (ഇ -ടോയ്‌ലറ്റ്)സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ₹20 ലക്ഷം മൊത്തം ചെലവിൽ വനിതാ ഘടക പദ്ധതിയ്ക്ക് കീഴിൽ ആലപ്പുഴ മുനിസിപ്പാലിറ്റി 2011-12 -ൽ ആസൂത്രണം ചെയ്തു. ഈ പദ്ധതിയ്ക്ക് മേയ് 2011 -ൽ ഭരണാനുമതിയും നവംബർ 2011 -ന് സാങ്കേതികാനുമതിയും ലഭിച്ചു. കെൽട്രോണിൽ നിന്നോ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നോ ഇ -ടോയ്‌ലറ്റുകൾ വാങ്ങുന്നതിന് കേരള സർക്കാർ	ജനകീയാസൂത്രണ പദ്ധതി 2011-12 പ്രകാരം ആലപ്പുഴ നഗരസഭയിൽ 4 ഇ-ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനായി കെൽട്രോണിന് 17.56 ലക്ഷം രൂപ കൈമാറുകയും അവ പ്രവർത്തനക്ഷമമാക്കുന്നതുവരെ ബാക്കി തുകയായ 2 ലക്ഷം രൂപ റീടെൻഷനായി തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് പല പ്രാവശ്യം കത്തുകളിലൂടെ ഇ-ടോയ്‌ലറ്റുകൾ പ്രവർത്തന ക്ഷമമാക്കി നൽകണമെന്ന് കെൽട്രോണിനോട് ആവശ്യപ്പെട്ടിട്ടും റീടെൻഷൻ തുക നൽകിയില്ല എന്ന

			മാർച്ച് 2012 -ൽ അംഗീകാരം നൽകി. തദ്ദേശഭരണ സമിതി ₹19.56 ലക്ഷത്തിന്റെ അടങ്കലിന് അംഗീകാരം നൽകുകയും നാല്പ സ്ഥലങ്ങളിൽ (ടൗൺ ഹാൾ, ജനറൽ ആശുപത്രി, ഡബ്ല്യു ആന്റ് സി ആശുപത്രി, ബീച്ച്) ഇ-ടോയ് ലറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു കരാറിലേർപ്പെടുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തി അനുമതി ലഭിച്ച് 45 മുതൽ 60 ദിവസത്തിനിടയിൽ കെൽട്രോൺ പ്രസ്തുത ടോയ് ലറ്റുകൾ നൽകേണ്ടതാണ്. യൂണിറ്റുകൾ വിജയകരമായി സ്ഥാപിക്കൽ, അവയുടെ പരിപാലനം , ഏഴു വർഷത്തേക്ക് സാങ്കേതികവും ശുചിത്വപരവുമായ സഹായം നൽകുക എന്നിവയായിരുന്നു കരാർ പ്രകാരമുള്ള മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്വങ്ങൾ. കരാർപ്രകാരം ടോയ് ലറ്റുകൾ സ്ഥാപിച്ച് 10 ദിവസത്തിനകം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കേണ്ടതും, സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന ദിവസം മുതൽ ആറുമാസത്തേക്ക് വാറണ്ടി ഉണ്ടായിരിക്കുന്നതുമാണ്. മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്തങ്ങൾ, പ്രസ്തുത സ്ഥലങ്ങളിൽ ഏഴുവർഷം ഇ-ടോയ് ലറ്റുകൾ പ്രവർത്തനക്ഷമമാക്കി നിർത്തുന്നതും, വൈദ്യുതി, വെള്ളം. ഡ്രെയിനേജ് എന്നിവയുടെ പ്രാരംഭ ചെലവും ആവർത്തന ചെലവും വഹിക്കേണ്ടതും എൻട്രി ഫീസ് നിർണ്ണയിക്കേണ്ടതും പ്രസ്തുത ടോയ് ലറ്റുകളിൽ പരസ്യങ്ങൾ ക്ഷണിച്ച് മാസവരുമാനം ഉറപ്പാക്കേണ്ടതുമായിരുന്നു. കെൽട്രോണിന് പ്രതിമാസ പരിപാലന ചെലവായി ₹5000/- മുനിസിപ്പാലിറ്റി നൽകേണ്ടതാണ്. അടങ്കൽ തുകയുടെ 60 ശതമാനം കെൽട്രോണിന് മുൻകൂറായി നൽകേണ്ടതും ബാക്കി തുക പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്കോ ഉത്പാദനത്തിനോ ഏതാണോ ആദ്യം അതിനനുസരണമായി നൽകേണ്ടതുമാണ്.	കാരണത്താൽ അവ പ്രവർത്തന സജ്ജമാക്കി നഗരസഭയ്ക്ക് യൂണിറ്റിന്റെ താക്കോൽ കൈമാറിയിട്ടില്ല. കരാർപ്രകാരം ഒരു സപ്ലയറിൽ നിന്നും യന്ത്രസാമഗ്രികൾ വാങ്ങുമ്പോൾ അവ വിജയകരമായി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതുവരെ തടഞ്ഞു വയ്ക്കുന്ന തുകയാണ് റീടെൻഷൻ തുക. അത് നൽകുന്നത് നിയമവിരുദ്ധമായതുകൊണ്ടാണ്. ബാക്കി തുകയായ 2 ലക്ഷം രൂപ കെൽട്രോണിന്കൈമാറാതിരുന്നത് എന്നാൽ റീടെൻഷൻ തുകയായ 2 ലക്ഷം രൂപ നൽകിയില്ല എന്ന കാരണം പറഞ്ഞ് ഇ-ടോയലറ്റ് പ്രവർത്തന സജ്ജമാക്കി നഗരസഭയ്ക്ക് കൈമാറാതിരിക്കുകയും കാലക്രമത്തിൽ അവ നശിച്ചു പോവുകയുമാണുണ്ടായത്. നിലവിൽ ഇ-ടോയലറ്റുകൾ ഉപയോഗിക്കാൻ കഴിയാത്തവിധം പ്രവർത്തനരഹിത മാണെന്ന കാര്യം കെൽട്രോൺ നഗരസഭയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ടോയലറ്റിനായി കെൽട്രോൺ നഗരസഭയിൽ നിന്നും കൈപ്പറ്റിയ 17.56 ലക്ഷം രൂപ സർക്കാറിന്റെ

			ഓഡിറ്റ് പരിശോധനയിൽ കെൽട്രോൺ, ടോയ് ലറ്റുകൾ ജൂൺ 2012- ൽ നൽകിയതായും ടോയ് ലറ്റുകൾ തൃപ്തികരമായി സ്ഥാപിച്ചു എന്ന് അറിയിച്ചുകൊണ്ടുള്ള കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് മുനിസിപ്പൽ സെക്രട്ടറി ജൂലായ് 2012 – നൽകിയതായും വ്യക്തമായി. കെൽട്രോണിന് ₹17.56 ലക്ഷം (പ്രവൃത്തി മൂല്യത്തിന്റെ 90 ശതമാനം) ജൂലായ് 2012 - ൽ നൽകി, ബാക്കി തുകയ്ക്കായി കെൽട്രോൺ ഡിസംബർ 2013 –ലും ജൂലൈ 2014 -ലും അപേക്ഷിച്ചെങ്കിലും ഇതുവരെ തുക നൽകിയിട്ടില്ല, ഈ- ടോയ് ലറ്റുകൾ സ്ഥാപിച്ചതിനുശേഷം കെൽട്രോൺ പ്രവൃത്തി പൂർത്തീകരണ കുറിപ്പ് ഡിസംബർ 2013- ന് മാത്രമേ കൈമാറിയിട്ടുള്ളൂ. ചില പോരായ്മകൾ കാരണം ഇതുവരെയും ഇ-ടോയ് ലറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇ- ടോയ് ലറ്റുകൾ സ്ഥാപിച്ചതിനുശേഷം പ്രവൃത്തി പൂർത്തീകരണ കുറിപ്പ് ഡിസംബർ 2013 –ന് മാത്രമേ കെൽട്രോൺ നൽകിയിട്ടുള്ളൂ എന്നിരിക്കെ തൃപ്തികരമായി സ്ഥാപിച്ചിട്ടുണ്ട് എന്ന കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് ജൂലായ് 2012- ൽ മുനിസിപ്പാലിറ്റി നൽകിയത് തെറ്റാണ്. എന്നാൽ, ഇ ടോയ് ലറ്റുകൾ സ്ഥാപിക്കുന്നതിന് മുമ്പ് തന്നെ കസ്റ്റമർ അക്സപ്റ്റൻസ് റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെ മുനിസിപ്പാലിറ്റി ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. കൂടാതെ ഡിസംബർ 2013 ൽ പ്രവൃത്തി പൂർത്തീകരണ കുറിപ്പ് കെൽട്രോണിൽ നിന്നും ലഭിച്ചതിനുശേഷവും ടോയ് ലറ്റുകളുടെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിനോ അപാകതകൾ കെൽട്രോണിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഗ്യാരണ്ടി കാലാവധിയായ	ഫണ്ടിലേക്ക് അടക്കുന്നതിനായി തിരികെ നൽകണമെന്നും അല്ലാത്തപക്ഷം കെൽട്രോണിനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്.

			ആറുമാസത്തിനുള്ളിൽ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനോ മുനിസിപ്പാലിറ്റി ശ്രമിച്ചില്ല. കരാർ പ്രകാരം, അടങ്കൽ തുകയുടെ 60 ശതമാനം തുക പ്രവൃത്തി അനുമതിയോടൊപ്പം നൽകേണ്ടതും ബാക്കി തുക പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്കോ ഉത്ഘാടനത്തിനോ ഏതാണോ ആദ്യം അതിനനുസരണമായി നൽകേണ്ടതുമാണ്. എന്നാൽ ഇവിടെ കെൽട്രോണിന്,അർഹമായ ₹11.73 ലക്ഷത്തിന് (60 ശതമാനം) പകരം ₹5.83 ലക്ഷം അധികമായി പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ്, പ്രവർത്തനക്ഷമത പോലും പരിശോധിക്കാതെ നൽകുകയുണ്ടായി. ബാക്കി തുകയ്ക്കായി കെൽട്രോൺ ആവശ്യപ്പെട്ടപ്പോഴാണ് ടോയ് ലറ്റുകൾക്ക് അപാകത ഉണ്ടെന്നും, അത് പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്നും സ്ഥാപിച്ചതിനുശേഷം മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടില്ലെന്നും മുനിസിപ്പാലിറ്റി പറഞ്ഞത്. അപാകതകൾ പരിഹരിക്കുന്നതിന് സംയുക്ത ഭൗതിക പരിശോധനയ്ക്കായി മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടെങ്കിലും കെൽട്രോണിന്റെയും മുനിസിപ്പൽ എഞ്ചിനീയറുടെയും സഹകരണം കിട്ടാത്തതിനാൽ അതിനു കഴിഞ്ഞില്ല എന്ന് മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ (2016 മാർച്ച്) ടോയ് ലറ്റുകൾ കേടായ അവസ്ഥയിലാണെന്നും, പ്രവർത്തന യോഗ്യമല്ലെന്നും വ്യക്തമായി. വൈദ്യുതി, വെള്ളം, സീവേജ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നത് മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്തമാണെങ്കിലും രണ്ടു ടോയ് ലറ്റുകൾക്ക് മാത്രമേ ഇവ നൽകിയിട്ടുള്ളൂ എന്ന് ഓഡിറ്റിൽ	

			കണ്ടെത്തി. മുനിസിപ്പാലിറ്റിയുടെ നിഷ്ക്രിയത്വം മൂലം ആവശ്യമായ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് ഇ-ടോയ്‌ലറ്റുകളെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് കൊണ്ട് ഉദ്ദേശിച്ച ഫലം പൊതുജനത്തിന് ലഭിക്കാതെ പോകുകയും ₹17.56 ലക്ഷം നിഷ്ഫലമാകുകയും ചെയ്തു. യൂസർ ഫീസിലൂടെയും പരസ്യത്തിലൂടെയും മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കാമായിരുന്ന വരുമാനം കിട്ടാതെ പോകുകയും ചെയ്തു. ഇക്കാര്യം 2016 ജനുവരിയിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.	
7	2015	3.8	**പ്ലാസ്റ്റിക് ഷ്രെഡിംഗ് യന്ത്രങ്ങൾ വാങ്ങിയതിൻമേലുള്ള നിഷ്ക്രിയ നിക്ഷേപം** **പ്ലാസ്റ്റിക് മാലിന്യത്തിന്റെ ലഭ്യതയെക്കുറിച്ച് സാധ്യതാപഠനം നടത്താതെയും പ്ലാസ്റ്റിക് ഗ്രാന്യൂൾസിന്റെ വിപണന സാധ്യതകൾ ആരായാതെയും, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെയും പ്ലാസ്റ്റിക് ഷ്രെഡിംഗ് യന്ത്രങ്ങൾ വാങ്ങിയതുമൂലം ₹34.82 ലക്ഷം നിഷ്ക്രിയ നിക്ഷേപമായി.** 1) കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് നിർമ്മൽ പുരസ്കാരമായി ലഭിച്ച ₹14.04 ലക്ഷം ഉപയോഗിച്ച് വൈത്തിരി, തരിയോട്, പൊഴുതന, മൂപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറെത്തറ എന്നീ ആറു ഗ്രാമ പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യന്ത്രം സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചു (2011 ജനുവരി), പദ്ധതി പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് യന്ത്രം വാങ്ങേണ്ടതും ഗ്രാമ പഞ്ചായത്ത് കെട്ടിടം, വൈദ്യുതി തുടങ്ങിയ മറ്റു സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകളിൽ	<u>കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്</u> ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 ലെ വാർഷിക പദ്ധതിയി ലുൾപ്പെടുത്തി വൈത്തിരി, തരിയോട്,പൊഴുതന,മൂപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറത്തറ എന്നീ പഞ്ചായത്തുകളിൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച തുക 14.04 ലക്ഷം രൂപ വകയിരുത്തി പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങി പ്രവർത്തിക്കുന്നതിനായിരുന്നു പ്രോജക്ട്. ഇക്കാര്യത്തിൽ മേൽപ്പറഞ്ഞ 6 ഗ്രാമ പഞ്ചായത്തുകളും സമ്മതം അറിയിക്കുകയും മെഷീനുകൾ റെയ്ഡ്കോയിൽ നിന്നും

			നിന്നും യന്ത്രം സ്ഥാപിക്കുന്നതിനുള്ള സമ്മതപത്രം വാങ്ങിയതിനുശേഷം ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുകയും (2012 സെപ്റ്റംബർ) ഏക ടെണ്ടറായിരുന്ന റെയ്ഡ്കോയ്ക്ക് യന്ത്രങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു. റെയ്ഡ്കോയ്ക്ക് യന്ത്രങ്ങൾ സപ്ലൈ ചെയ്യുകയും ആ വകയിൽ ₹14.04 ലക്ഷം കൈപ്പറ്റുകയും ചെയ്തു (2013 ജൂലൈ). ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ യന്ത്രങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വ്യക്തമാക്കി. സ്ഥലം കണ്ടെത്താൻ സാധിക്കാത്തതുകൊണ്ടും ഫണ്ടിന്റെ അപര്യാപ്തത മൂലവും നാല് ഗ്രാമ പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം , വൈദ്യുതി എന്നിവ ഒരുക്കാൻ കഴിഞ്ഞില്ല. യന്ത്രം സ്ഥാപിച്ചെങ്കിലും, വൈത്തിരി ഗ്രാമ പഞ്ചായത്തിൽ പൊതുജനങ്ങളുടെ എതിർപ്പുമൂലവും തരിയോട് ഗ്രാമ പഞ്ചായത്തിൽ വൈദ്യുത ബന്ധം കിട്ടാത്തതുകൊണ്ടും, പരിചയസമ്പന്നരായ ജീവനക്കാരെ ലഭിക്കാത്തതുകൊണ്ടും യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. അങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾ പരാജയപ്പെട്ടതുമൂലം യന്ത്രം നിഷ്ക്രിയമാകുന്നതിനും അതിനു വേണ്ടി മുടക്കിയ ₹14.04 ലക്ഷം നിഷ്ഫല നിക്ഷേപമാകാനും കാരണമായി. 2) ഇതിനു പുറമേ 2011-12 ൽ കോഴിക്കോട് ജില്ലയിലെ എട്ട് ഗ്രാമ പഞ്ചായത്തുകൾ നിർമ്മൽ ഗ്രാമ പുരസ്കാരം, വികസന ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ട് എട്ട്	വാങ്ങുകയും ചെയ്തു. മെഷീനുകൾ വാങ്ങി നൽകുക എന്നതായിരുന്നു ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല. അടിസ്ഥാന സൗകര്യങ്ങളൊരുക്കുക എന്നത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ് വൈത്തിരി ഗ്രാമ പഞ്ചായത്തൊഴികെ മറ്റ് ഗ്രാമ പഞ്ചായത്തുകൾ ഇതുവരെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതാണ്. പഞ്ചായത്തുകളുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ വാങ്ങിയ മെഷീനുകൾ ഗ്രാമ പഞ്ചായത്തുകളിൽ നൽകുകയും ചെയ്തു. തുടർന്ന് ഓഗസ്റ്റ് 2013 ലും പാർട്ട് പേയ്മെന്റായി 75% തുക 10,53,000/- രൂപയും ബാക്കി 25% തുക 3,51,000/- രൂപയും മാർച്ച് 2014 ലുംനൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾ വീഴ്ച വരുത്തിയതുമൂലമാണ് പ്രസ്തുത മെഷീനുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വന്നത്. ഇപ്പോൾ പ്രസ്തുത യന്ത്രങ്ങൾ ഗ്രാമ പഞ്ചായത്തിലാണ് ഉള്ളത്. ഈ സാഹചര്യത്തിൽ ടി ഗ്രാമ

	-		പ്ലാസ്റ്റിക് ഷ്രഡിംഗ് യന്ത്രങ്ങൾ (ഏഴ് എണ്ണം, രാംബയോളജിക്കൽസിൽ നിന്നും ഒരെണ്ണം സിഡ്കോയിൽ നിന്നും) വാങ്ങി, അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടവും വൈദ്യുതിയും ഇല്ലാത്തതുകാരണം രണ്ട് ഗ്രാമ പഞ്ചായത്തുകൾക്ക് യന്ത്രങ്ങൾ സ്ഥാപിക്കുവാൻ കഴിഞ്ഞില്ല. ചെറിയതോതിൽ ഷ്രഡിംഗ് നടത്തുന്ന ഒരു ഗ്രാമ പഞ്ചായത്ത് ഒഴികെ മറ്റെല്ലാ ഗ്രാമ പഞ്ചായത്തിലും പ്ലാസ്റ്റിക് മാലിന്യത്തിന്റെ ലഭ്യതക്കുറവ്, വർദ്ധിച്ച നടത്തിപ്പ് ചെലവ്, തദ്ദേശവാസികളുടെ എതിർപ്പ് തുടങ്ങിയ കാരണങ്ങ ൾ കൊണ്ട് യന്ത്രങ്ങൾ ഉപയോഗപ്രദമാക്കാൻ (**അനുബന്ധം 1**) സാധിച്ചില്ല. ₹20.78 ലക്ഷം ആണ് ഈ യന്ത്രങ്ങൾക്കായി ചെലവഴിച്ചത്. പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയാത്ത ഏഴ് ഗ്രാമ പഞ്ചായത്തുകളിൽ നാല് ഗ്രാമ പഞ്ചായത്തുകൾ കോഴിക്കോട് ജില്ലാ കളക്ടർ തുടങ്ങിയ എം.എ.എ.പി (മാസ് ആക്ഷൻ എഗൻസ്റ്റ് പ്ലാസ്റ്റിക്) എന്ന പദ്ധതിയിൽ ഉൾപ്പെട്ടതിനാലും മൂന്ന് ഗ്രാമ പഞ്ചായത്തുകൾ ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് യന്ത്രങ്ങൾ വാങ്ങിയതെന്ന് അറിയിച്ചു. കല്പറ്റ ബ്ലോക്കിലെ ആറ് ഗ്രാമ പഞ്ചായത്തുകളും കോഴിക്കോട് ജില്ലയിലെ എട്ടിൽ ഏഴ് ഗ്രാമ പഞ്ചായത്തുകളും, പ്ലാസ്റ്റിക് മാലിന്യത്തിന്റെ ലഭ്യതയെക്കുറിച്ച് സാധ്യതാ പഠനം നടത്തുന്നതിലും പ്ലാസ്റ്റിക് ഷ്രഡിംഗ് യന്ത്രത്തിൽ ഉണ്ടാക്കുന്ന പ്ലാസ്റ്റിക് ഗ്രാന്യൂൾസിന്റെ വിപണന സാധ്യതകൾ ആരായുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിലും പരാജയപ്പെട്ടതിനാൽ ₹34.82 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ക്രിയമായി തീർന്നു.	പഞ്ചായത്തുകളിൽ യന്ത്രങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ചെക്യാട് ഗ്രാമ പഞ്ചായത്ത് ചെക്യാട് ഗ്രാമ പഞ്ചായത്തിൽ 2011-12 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ₹21,00,000/- രൂപ വകയിരുത്തിയ സമഗ്ര കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയിലെ പ്ലാസ്റ്റിക് ഷ്രഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുകയുണ്ടായത്. ഈ പ്രോജക്ടിന് സംസ്ഥാന ശുചിത്വ മിഷന്റെ അനുമതിയും ₹1,29,000/- രൂപ ഫണ്ടും ലഭിച്ചിരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒടോറക്കുന്ന് എന്ന സ്ഥലത്ത് കേന്ദ്രീകൃത ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ്, പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ്. ഷെഡ് നിർമ്മാണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഷെഡ് നിർമ്മാണ

			ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടിയായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്കുണ്ടായ വീഴ്ച കാരണം പദ്ധതി നിർവ്വഹിക്കാൻ സാധിച്ചില്ല എന്ന് ഗ്രാമ വികസന കമ്മീഷണർ മറുപടി നൽകി (2016 മാർച്ച്), അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വീഴ്ചയ്ക്ക് കാരണക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി കൈക്കൊള്ളുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറും ഉറപ്പ് നൽകി. ഇക്കാര്യം 2015 ഡിസംബറിൽ സർക്കാരിനെ അറിയിച്ച മറുപടി ലഭ്യമായിട്ടില്ല.	പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ സ്ഥലത്ത് നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഘട്ടത്തിൽ പ്രദേശവാസികൾ ഒറ്റക്കെട്ടായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യാതൊരു പ്രവൃത്തിയും അനുവദിക്കില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് സമരരംഗത്തിലേർപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനുവേണ്ടി രണ്ട് തവണ ബോധവൽക്കരണ യോഗങ്ങൾ വിളിച്ചുചേർത്തെങ്കിലും പ്രശ്നം പരിഹരിക്കാൻ സാധിച്ചില്ല. ഈ സാഹചര്യത്തിലാണ് ഷ്രഡ്ഡിങ്ങ് മെഷിൻ യഥാസമയം പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാതെ പോയത്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറക്ക് ഷ്രെഡ്ഡിങ്ങ് മെഷിൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. <u>നാദാപുരം ഗ്രാമ പഞ്ചായത്ത്</u> 2008 ൽ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ പ്ലാസ്റ്റിക് നിർമ്മാർജ്ജന

				പദ്ധതിയായ MAP(Mass Action for Plastic Waste Free Kozhikode) കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയിരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യന്ത്രം വാങ്ങണമെന്ന് ജില്ലാ കളക്ടർ വാക്കാൽ നിർദ്ദേശിച്ചിരുന്നതായും. മെഷീൻ വാങ്ങാത്ത പഞ്ചായത്തുകളുടെ പദ്ധതികൾക്ക് ഡി പി സി അംഗീകാരം നൽകില്ല എന്ന കർശന നിലപാടും ജില്ലാ ഭരണകൂടം സ്വീകരിച്ചിരുന്നതായും പഞ്ചായത്ത് അറിയിക്കുകയുണ്ടായി. തുടർന്ന് 2011-12 സാമ്പത്തിക വർഷത്തിൽ ₹79489 രൂപ പ്ലാൻ ഫണ്ട് ₹360000 രൂപ ശുചിത്വ മിഷൻ ഫണ്ട് , ₹160511 രൂപ ക്ലീൻ കേരള മിഷൻ വിഹിതം അടക്കം ആകെ ₹600000 രൂപ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് വകയിരുത്തുകയും ചെയ്തു. കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരുന്നതിനാൽ പ്രോജക്ട് നമ്പർ 177/2011-12 പ്രകാരം 340178/- രൂപയാണ് ഷ്രെഡിംഗ് മെഷീൻ യൂണിറ്റിന് അനുവദിച്ചത്.

				ഇതിൽ ഷ്രെഡിംഗ് മെഷിനു മാത്രം നികുതികൾ അടക്കം 285000/- രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയത്. 2011-12 വാർഷിക പദ്ധതി പ്രകാരം ടെണ്ടർ ചെയ്ത സമയത്ത് പ്ലാസ്റ്റിക് പ്രോസസിംഗ് യൂണിറ്റുകളുടെ വിതരണത്തിനായുള്ള ഗവ: അംഗീകൃത ഏജൻസികളുടെ ലിസ്റ്റിൻെറ അഭാവത്തിൽ ഓപ്പൺ ടെണ്ടർ സ്വീകരിക്കുകയും പദ്ധതി പ്രൊക്യുർമെൻറ് മാനദണ്ഡങ്ങൾക്ക് വിധേയമായി ററം ബയോളജിക്കൽസ് എന്ന ഏജൻസിക്ക് നൽകുകയുമാണുണ്ടായത്. തുടർന്ന് നിലവിലുള്ള ഖരമാലിന്യ സംസ്കരണ യൂണിറ്റിന്റെ ഭാഗമായി മെഷിൻ സ്ഥാപിക്കുകയും അതിൻെറ പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്തു. എന്നാൽ മെഷീൻ ഉപയോഗം ആരംഭിച്ചതിനുശേഷം നിരവധി ബുദ്ധിമുട്ടുകൾ നേരിട്ടു തുടങ്ങി. 1 കി.ഗ്രാം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിവിധ മാലിന്യങ്ങളിൽ നിന്നും വേർതിരിച്ച് കഴുകി ഉണക്കി വിവിധ ഗ്രേഡുകളായി തിരിച്ച് ഷ്രെഡ് ചെയ്യുന്നതിന് 15 രൂപ ചെലവായിരുന്നു. എന്നാൽ ഉൽപ്പന്ന

					വിൽപ്പന നടത്തുമ്പോൾ കിലോഗ്രാമിന് 6 രൂപ മാത്രമേ ലഭ്യമായിരുന്നുള്ളൂ. കിലോഗ്രാമിന് മേൽ 9 രൂപ നഷ്ടം സംഭവിച്ചിരുന്നു. കൂടാതെ സമയനഷ്ടവും ഉണ്ടായി. ഇതിനു പുറമെ ഷ്രെഡ്ഡിംഗ് മെഷിനുകൾ പ്രവർത്തിക്കുന്നത് പരിസരവാസികളിൽ എതിർപ്പുണ്ടാക്കി. ഇത് നിലവിൽ വിജയകരമാവുകയും മാതൃകാപരവും പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ സംജാതമാക്കുകയും ചെയ്തു. മേൽകാരണങ്ങളാൽ പഞ്ചായത്ത് നിർദ്ദേശ പ്രകാരം ഷ്രെഡിങ്ങ് മെഷീൻ ഉപയോഗിക്കുന്നത് നിർത്തിവയ്ക്കുകയും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ റോഡിൽ നിന്നും ശേഖരിച്ച അതേപടി സംസ്കരണ യൂണിറ്റുകൾക്ക് നേരിട്ട് നൽകുന്ന രീതി തുടരുകയും ചെയ്തു. നിലവിൽ മെഷീൻ പ്രവർത്തന സജ്ജമാണെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം പ്രവർത്തിക്കാനാകാത്ത സ്ഥിതി വന്നിരിക്കുന്ന സാഹചര്യത്തിൽ മെഷീൻ ലേലം

				ചെയ്യുവാനാണ് പഞ്ചായത്ത് ഇപ്പോൾ ആലോചിക്കുന്നത്. __മുക്കം ഗ്രാമ പഞ്ചായത്ത്__ മുക്കം നഗരസഭ ജനകീയാസൂത്രണം 2016-17 കാലയളവിൽ പ്രോജക്ട് നമ്പർ 308/17 ആയി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിന് കെട്ടിടം സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 4,93,750/- രൂപ നീക്കി വെച്ചിട്ടുണ്ട്. ടി പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കുന്നതാണെന്ന് മുൻസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. __നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്__ [illegible] [illegible] പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനായി ഏജൻസിയെ ഏൽപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലെയും വീടുകളിൽ നിന്ന് പ്ലാസ്റ്റിക് വസ്തുക്കൾ

				ശേഖരിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ഇതു ഉപയോഗിച്ച് യൂണിറ്റ് ഉടൻ തന്നെ പ്രവർത്തിപ്പിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് പ്രോജക്ട് നമ്പർ 19/2011-12 പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിൽ എം.എൽ.എ ശ്രീമതി.കെ.കെ. ലതികയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ₹2,70,000/- രൂപ ചെലവഴിച്ച് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചതാണ്. 22.12.2010 തീയ്യതിയിലെ സപ്ലൈ ഓർഡർ പ്രകാരം ആസ്സി അഗ്രോ റാം ബയോളജിക്കൽസ് 28.01.2012 ന് മെഷീൻ സ്ഥാപിക്കുകയും ആ ദിവസം മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർട്ട്-ടൈം - ദിവസവേതനാടിസ്ഥാനത്തിൽ 2 വനിതാ തൊഴിലാളികളെ നിയമിക്കുകയും ഇവർ പഞ്ചായത്തിലെ സ്വീപ്പർമാർ കുറ്റ്യാടി

(

				ടൗണിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ യൂണിറ്റിൽ ഷ്രഡ് ചെയ്യുകയും ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് യൂണിറ്റിൽ സൂക്ഷിച്ചുവരികയും ചെയ്യുന്നു. ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ യൂണിറ്റ് തടസ്സമില്ലാതെ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. <u>വാണിമേൽ ഗ്രാമ പഞ്ചായത്ത്</u> കോഴിക്കോട് ജില്ലയെ പ്ലാസ്റ്റിക് വിമുക്തമാക്കാൻ നടന്ന മാസ് ആക്ഷൻ ഫോർ പ്ലാസ്റ്റിക് വെയ്സ്റ്റ് ഫ്രീ കോഴിക്കോട് എന്ന പദ്ധതിയുമായി ബന്ധപ്പെട്ടാണ് പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് അടിയന്തിരമായി വാങ്ങിയത്. പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഓഫീസുമായി ചേർന്ന് പ്രത്യേക കെട്ടിടം നിർമ്മിച്ചിരുന്നു. ഇതിലേക്കാവശ്യമായ ത്രീ ഫേസ് കണക്ഷൻ ലഭിക്കുന്നത് വൈകിയതിനാലാണ് യൂണിറ്റ് പ്രവർത്തിക്കുന്നതിന് കാലതാമസമുണ്ടായത്

				പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശവുമായി അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി വിഷയം പ്രത്യേകമായി ചർച്ചചെയ്യുകയും മെഷിൻ പ്രവർത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ മെഷിൻ പ്രവർത്തിച്ചു വരുന്നുണ്ട്. ടൗണിലെ പ്ലാസ്റ്റിക് ശേഖരിക്കുകയും അവ മുഴുവൻ ദിവസവും 2 മണിക്കൂറോളം മെഷിൻ പ്രവർത്തിപ്പിച്ചു ഷ്രെഡ്ഡ് ചെയ്യുകയും ചെയ്തുവരുന്നുണ്ട്. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സംഭരിക്കുവാനുള്ള ഒരു ഫീഡിംഗ് സെന്റർ അനുവദിക്കുന്നതിനു ക്ലീൻ കേരള മിഷനു അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് 2008 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ പ്ലാസ്റ്റിക് നിർമാർജനം

				ലക്ഷ്യമാക്കി ജില്ലാ കളക്ടറും, ജില്ലാ ആസൂത്രണ സമിതിയും നടപ്പാക്കിയ മൂവ്മെന്റ് മാസ്സ് ആക്ഷൻ എഗൈൻസ്റ്റ് പ്ലാസ്റ്ററിക് വെയിസ്റ്റ് (MAAP) എന്ന പദ്ധതിയുടെ ഭാഗമായാണ് ബാലുശ്ശേരി ഗ്രാമ പഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷം 94/2011-12 നമ്പറായി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയത്. ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അത് പ്രകാരം നടപ്പിലാക്കിയ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യന്ത്രത്തിന് ₹ 2,99,500/- രൂപയും വയറിംഗിന് ₹1,13,465/- രൂപയും, വൈദ്യുതി കണക്ഷന് വേണ്ടി ₹10,500/- രൂപയും കൂടി ആകെ ₹4,23,465/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിൽ ശുചിത്വമിഷൻ വിഹിതം ₹2,99,500/- രൂപയും ബാക്കി ₹1,23,965 /- രൂപ വികസനഫണ്ട് വിഹിതവുമാണ്. പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീനുകൾ റാം ബയോളജിക്കൽ ഏജൻസിയിൽ

				നിന്നുമാണ് വാങ്ങിയത്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്റ്റേഡിയം ഗ്രൗണ്ടിലെ ഗാലറിക്ക് താഴെയുള്ള നാല് മുറികളിലാണ് പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത്. യൂണിറ്റ് ഏറ്റെടുത്ത് നടത്താൻ താൽപ്പര്യമുള്ള സർവ്വീസ് പ്രോവൈഡർമാരിൽ നിന്നും പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുകയും കിട്ടിയ അപേക്ഷകളിൽ ഗ്രാമപഞ്ചായത്തിന്റെ നിബന്ധന പാലിക്കാമെന്നേറ്റ കോഴിക്കോട് ഒലീന ഏജൻസിയുമായി 24/03/2014 തീയ്യതിയിൽ ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടു. കരാറിൽ ഡെപ്പോസിറ്റ് തുക ₹25,000/- രൂപയും, മാസവാടക ₹2,500/- രൂപയും കറന്റ് ചാർജ്ജും ഏജൻസി അടക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. 02/10/2014 തീയ്യതി മുതൽ ഏജൻസി പ്രവർത്തനം ആരംഭിച്ചു. എന്നാൽ കടകളിൽ നിന്നും വീടുകളിൽ നിന്നും ആവശ്യമില്ലാത്തതും പ്ലാസ്റ്റിക്

					മാലിന്യങ്ങൾ ഏജൻസിക്ക് എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയില്ലെന്നു കാണിച്ച് ഒലീന ഏജൻസി 08.12.14 തീയ്യതി പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കരാർപ്രകാരം ഒക്ടോബർ, നവംബർ മാസത്തെ വാടകയായ ₹5,000/- രൂപയും കറന്റ് ചാർജ്ജായ ₹2,150/- രൂപയും ആകെ ₹7,150/- രൂപ ഇ.എം.ഡി തുകയായ ₹25,000/- രൂപയിൽ നിന്നും കുറവ് ചെയ്ത് ബാക്കി തുക ₹17,850/- രൂപ 29.01.2015 തീയ്യതി വൗച്ചർ നമ്പർ 21401175 ആയി ഒലീന ഏജൻസിക്ക് തിരികെ നൽകുകയാണുണ്ടായത്. തുടർന്ന് വീണ്ടും സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുകയുണ്ടായി. അതനുസരിച്ച് പുതിയ ഏജൻസിയായ നാച്വർ ഗാർഡ് കോഴിക്കോടിനെ തിരഞ്ഞെടുക്കുകയും 07.03.2015 -ലെ ഭരണ സമിതിയുടെ തീരുമാന പ്രകാരം കരാറിൽ

				ഏർപ്പെടുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ നാച്വർ ഗാർഡ് ഏജൻസി ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഒപ്പുവെക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ രണ്ട് കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്തി പഞ്ചായത്ത് നേരിട്ട് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിച്ചു വരുന്നു. <u>അഴിയൂർ ഗ്രാപഞ്ചായത്ത്</u> പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് നടത്തുന്നതിനാവശ്യമായ വർദ്ധിപ്പിച്ച ഇലക്ട്രിസിറ്റി ചാർജ്ജും, വീടുകളിൽ നിന്ന് ശേഖരിക്കുന്നതിന് രൂപീകരിച്ച ഹരിതസേന ഇടക്കാലത്ത് കൃത്യമായി ജോലിയിൽ ഹാജരാവാതിരിക്കുകയും നഷ്ടമില്ലാതെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിന് കഴിയാതെ വരികയും വൃത്തിയായി ശേഖരിച്ച പ്ലാസ്റ്റിക് നേരിട്ട് സ്വകാര്യ ഏജൻസികൾ എടുത്ത് കൊണ്ടിരിക്കുന്നതിനാലും ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിച്ചിരുന്നില്ല. നിലവിലെ ഭരണസമിതി

				അധികാരമേറ്റതിന് ശേഷം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആലോചിക്കുകയും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണവും നിയന്ത്രണവും സാധ്യമാകുന്നതിന് വാർഡ് തല കമ്മിറ്റികളും ആയത് ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും 15.06.2016 തീയ്യതിയിലെ ഭരണസമിതി യോഗത്തിൽ 59/2016 നമ്പറായി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് എല്ലാ ഗ്രാമസഭകളിലും ബോധവൽക്കരണ ക്ലാസുകളും സ്ലൈഡ് ഷോകളും സംഘടിപ്പിച്ചു. സന്നദ്ധ പ്രവർത്തനത്തിന് താൽപ്പര്യപ്പെട്ട കുടുംബശ്രീയിൽ അംഗമായ 8 പേരെ ഹരിതസേന എന്ന പേരിൽ വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിന് നിയോഗിക്കുകയും 01.12.2016 തീയ്യതി മുതൽ പ്ലാസ്റ്റിക്ക് ശേഖരണം ആരംഭിക്കുകയും ചെയ്തു. തുടർന്ന് ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2016 ഡിസംബർ 8ാം

				തീയ്യതി ഷ്രെഡ്ഡിംഗ് യൂണിറ്റ് പുനരാരംഭിക്കുകയും, നിലവിൽ പ്രവൃത്തി നല്ല രീതിയിൽ നടന്നു വരുന്നുണ്ടെന്നും പ്രതിദിനം 35 കിലോ പ്ളാസ്റ്റിക്ക് യൂണിറ്റിൽ ഷ്രെഡ്ഡ് ചെയ്യുന്നുണ്ട്. ഷ്രെഡ്ഡ് ചെയ്ത പ്ളാസ്റ്റിക്ക് വിപണി വിലയിൽ റീസൈക്ളിംഗിന് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

അനുബന്ധം 1

കോഴിക്കോട് ജില്ലയിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിച്ചതിന്റെയും പ്രവർത്തനത്തിന്റെയും നിലവിലെ സ്ഥിതി

(പരാമർശം ഖണ്ഡിക 3.8)

ഗ്രാമ പഞ്ചായത്തിന്റെ പേര്	വാങ്ങിയ തീയതിയും	തുക (₹ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
ചെക്യാട്	24/11/2011	2	പ്രവർത്തിക്കുന്നില്ല. പരീക്ഷണ പ്രവർത്തനം 01.08.2011-ന് നടത്തി. തദ്ദേശവാസികളുടെ ചെറുത്തുനിൽപ്പ് കാരണം പ്രവർത്തിപ്പിക്കാനായില്ല.
നാദാപുരം	12/12/2011	2.85	19.03.2012 മുതൽ ഒരാഴ്ച മാത്രം പ്രവർത്തിച്ചു. പദ്ധതി സാമ്പത്തികമായി ക്ഷമതയില്ലാത്തതിനാൽ യന്ത്രത്തിന്റെ പ്രവർത്തനം നടത്തുന്നത് പഞ്ചായത്ത് നിർത്തിവച്ചു.
മുക്കം	23/03/2012	2.00	പ്രവർത്തിക്കുന്നില്ല. കെട്ടിടം സ്ഥാപിച്ചിട്ടില്ല.
നരിപ്പറ്റ	29/03/2012	2.25	പ്രവർത്തിക്കുന്നില്ല. വൈദ്യുത ബന്ധം ലഭിച്ചിട്ടില്ല.
കുറ്റ്യാടി	16/03/2011	2.7	പാർട്ട്ടൈം ജീവനക്കാരെ നിയോഗിച്ച് മാസത്തിൽ 15 മുതൽ 18 ദിവസംവരെ നാമമാത്രമായി പ്രവർത്തിക്കുന്നു.
വാണിമേൽ	30/03/2012	2.99	2015 ജൂൺ മുതൽ പ്രവർത്തിച്ചുവരുന്നു. പ്ലാസ്റ്റിക്കിന്റെ ദൗർലഭ്യം മൂലം സ്ഥിരമായി പ്രവർത്തിക്കുന്നില്ല.
ബാലുശ്ശേരി	23/03/2012	2.99	മാസത്തിൽ ഒരു തവണ മാത്രം ഷ്രെഡിംഗ് നടത്തുന്നു. ഓരോ പ്രാവശ്യവും 50 കി.ഗ്രാം പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുന്നു
അഴിയൂർ	11/03/2011	3.00	വർദ്ധിച്ച പ്രവർത്തനച്ചെലവും പ്ലാസ്റ്റിക്കിന്റെ ദൗർലഭ്യവും മൂലം കഴിഞ്ഞ ഒരു വർഷമായി യന്ത്രം പ്രവർത്തിക്കുന്നില്ല.
	ആകെ	20.78	

അനുബന്ധം -III

കേരളത്തിൽ 6 മുനിസിപ്പൽ കോർപ്പറേഷനുകളിൽ ആകെ 39 ഇ-ടോയ് ലെറ്റുകൾ ഉണ്ടെങ്കിലും 26 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. വിശദമായ പട്ടിക താഴെ ചേർക്കുന്നു

Sl. No.	Corporation	Total No.of E Toilets constructed	E Toilets in Good Condition
1.	Thiruvananthapuram	4	3
2.	Kollam	3	0
3.	Kochi	3	1
4.	Thrissur	10	7
5.	Kozhikoe	15	12
6.	Kannur	4	3
Total		39	26

കേരളത്തിൽ 87 മുനിസിപ്പാലിറ്റികളിലായി ആകെ 58 ഇ-ടോയ് ലെറ്റുകൾ ഉണ്ടെങ്കിലും 27 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. വിശദമായ പട്ടിക താഴെ ചേർക്കുന്നു.

Sl. No.	Name of the Municilpality	Total No.of E Toilets constructed	E Toilets in Good Condition
1.	Neyyattinkara	1	1
2.	Nedumangad	0	0
3.	Attingal	0	0
4.	Varkala	0	0
5.	South Paravur	0	0
6.	Karunagappally	2	0
7.	Punalur	0	0
8.	Kottarakkara	0	0
9.	Pathanamthitta	0	0
10.	Pandalam	2	0
11.	Thiruvalla	0	0
12.	Adoor	0	0
13.	Alappuzha	1	0
14.	Harippad	1	1
15.	Kayamkulam	2	0
16.	Cherthala	3	0
17.	Mavelikkara	1	1
18.	Chengannur	0	0
19.	Kottayam	1	0

20.	Ettumanoor	0	0
21.	Erattupetta	0	0
22.	Changanassery	0	0
23.	Vaikom	0	0
24.	Pala	4	2
25.	Thodupuzha	1	0
26.	Kattappana	0	0
27.	Aluva	6	6
28.	Perumbavur	0	0
29.	North Paravur	1	1
30.	Piravom	0	0
31.	Koothattukulam	0	0
32.	Muvattupuzha	1	1
33.	Thripunithura	1	1
34.	Angamaly	1	1
35.	Kothamangalam	0	0
36.	Kalamassery	0	0
37.	Thrikakkara	0	0
38.	Eloor	0	0
39.	Marad	3	0
40.	Kunnamkulam	0	0
41.	Irinjalakkuda	1	1
42.	Chalakkudy	0	0
43.	Kodungallur	0	0
44.	Chavakkad	0	0
45.	Guruvayur	0	0
46.	Vadakkanchery	0	0
47.	Palakkad	0	0
48.	Chittoor Thathamangalam	0	0
49.	Shoranur	2	0
50.	Ottapalam	0	0
51.	Pattambi	0	0
52.	Cherpulassery	0	0
53.	Mannarkkad	0	0
54.	Malapuram	3	2

55.	Thanur	0	0
56.	Parappanangadi	1	0
57.	Valanchery	0	0
58.	Kondotty	0	0
59.	Thirurangadi	0	0
60.	Tirur	1	0
61.	Manjeri	0	0
62.	Ponnani	0	0
63.	Perinthalmanna	0	0
64.	Nilambur	2	2
65.	Kottakkal	0	0
66.	Koyilandy	1	0
67.	Payyoli9	0	0
68.	Ramanattukara	0	0
69.	Koduvally	0	0
70.	Mukkam	0	0
71.	Feroke	0	0
72.	Vatakara	2	0
73.	Kalpetta	2	0
74.	Mananthavady	0	0
75.	Sulthanbathery	0	0
76.	Thalassery	3	3
77.	Mattannur	0	0
78.	Payyannur	1	1
79.	Iritty	0	0
80.	Panur	0	0
81.	Sreekandapuram	0	0
82.	Koothuparamb	2	0
83.	Taliparamb	1	1
84.	Anthoor	2	2
85.	Kanhangad	0	0
86.	Nileswaram	0	0
87.	Kasargod	2	0
	TOTAL	58	27